ഏകാദശപടലം

അനന്തരം പതിനൊന്നാമത്തെ പടലംകൊണ്ട് പ്രാസാദബിംബങ്ങളുടെ ജീർണ്ണോദ്ധാരത്തേ പറയുന്നു.

ആകല്പാന്തസ്ഥാസ്നുഭാവേന ഭക്ത്യാ
ദേവസ്യൈവം സംപ്രതിഷ്ഠാപിതസ്യ
പ്രാസാദാദിസ്വാംഗജീർത്തിർയദി സ്യാ-
ദുദ്ധൃത്യാതസ്തം നവാംഗീകരോതു. 1

ഭക്ത്യാ ആകല്പാന്തസ്ഥാസ്നുഭാവേന സംപ്രതിഷ്ഠാപി തസ്യ ദേവസ്യ = ഭക്തിഹേതുവായിട്ടു കല്പാവസാനത്തോളം സ്ഥിരമായിരിക്കണമെന്ന മനസ്സോടുകൂടി പ്രതിഷ്ഠിച്ചിരിക്കുന്ന ദേവന്റെ, പ്രാസാദാദിസ്വാംഗജീർത്തിഃ സ്യാദ് യദി = പ്രാസാദബിംബങ്ങളുടേയും തദംഗങ്ങളായ അമ്പലങ്ങളുടേയും ജീർണ്ണത ഭവിക്കുമെങ്കിൽ, അതഃ ഉദ്ധൃത്യ തം നവാംഗീകരോതു = അതിങ്കൽനിന്നു ദേവനേ വേറെയാക്കി ആ പ്രാസാദാദികളേ പുത്തനായിട്ടു ഉണ്ടാക്കിക്കണം.

നിഷ്ക്കാമണേന വിധിനാ/ത്ര തദന്തരംഗ-
വൈകല്യഭാജി വിതനോതു യഥാപുരം തത്
സംകോചനേന ബഹിരംഗവിപദ്യതശ്ച
നിഷ്ക്കാമണേന ചിരകാലചികീർഷിതം ചേത്. 2

അന്തരംഗവൈകല്യഭാജി = അന്തരംഗമാകുന്ന ബിംബത്തിന്റെ വൈകല്യത്തുങ്കൽ, നിഷ്ക്കാമണേന വിധിനാ തത യഥാപുരം വിതനോതു = ജീവോദ്വാസന ചെയ്യുന്ന പ്രകാരംകൊണ്ട് ആ ബിംബത്തേ മുമ്പിലത്തേപ്പോലെ ഉണ്ടാക്കിപ്പൂ. ബഹിരംഗവിപദി സങ്കോചനേന = ബഹിരംഗമായി പ്രാസാദാദികളുടെ ജീർണ്ണതയിങ്കൽ സകലപരിവാരങ്ങളുടേയും ബിംബത്തിങ്കൽ ചേർക്കുന്നപ്രകാരംകൊണ്ടു അവറ്റേയും മുമ്പിലേപ്പോലെ ഉണ്ടാക്കിപ്പൂ. അതഃ ബഹിരംഗം ചിരകാലചികീർഷിതം ചേത് നിഷ്ക്കാമണേന = ഈ പ്രാസാദാദികൾ ഉണ്ടാക്കുന്നതിനുവേണ്ടി വളരെക്കാലം താമസംവരുത്തുന്നേടത്ത് എളങ്കോവിൽ പ്രതിഷ്ഠിക്കുന്ന പ്രകാരംകൊണ്ടും അവറ്റേ മുമ്പിലത്തേപ്പോലെ ഉണ്ടാക്കിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

ബാലാലയാദിസഹിതം കലശൈകകാര്യം
ചേതി ദ്വിധാ/ത്ര ഖലു നിഷ്ക്രമണം സ്മരന്തി
സങ്കോചനം സ്വവിഭവസ്വനിഗ്ഗ്രഹനം സ്യാ-
ന്നിഷ്ക്രാമണക്രമമിഹ പ്രഥമം ബ്രവീമി. 3

അത്ര ഖലു = ഇവിടെത്തന്നെ, ബാലാലയാദിസഹിതം കലശൈക കാര്യം ഇതി ദ്വിധാ = ഇളങ്കോവിൽ പ്രതിഷ്ഠയ്ക്കായിട്ടും കലശത്തിങ്കൽ ജിവനേ ആവാഹിക്ക മാത്രമായിട്ടും ഇങ്ങനെ രണ്ടു പ്രകാരവും, നിഷ്ക്രാമണം സ്മരന്തി = ജീവോദ്വാസനയേ പറഞ്ഞിട്ടുണ്ട്. സ്വവിഭവസ്വനിഗ്ഗ്രഹനം സങ്കോചനം സ്യാത് = തന്റെ പരിവാരങ്ങളേ തങ്കൽതന്നെ യോജിപ്പിക്ക സങ്കോചനമായിട്ടു ഭവിക്കും. ഇഹ പ്രഥമം നിഷ്ക്രാമണക്രമം ബ്രവീമി = ഇവിടെ മുമ്പിൽ ബാലാലയപ്രതിഷ്ഠയോടുകൂടിയ ജീവോദ്വാസന ചെയ്യുന്ന പ്രകാരത്തേപ്പറയുന്നു.

മൂലാലയാദക്ഷിണഭാഗസംസ്ഥം
തത്സമ്മുഖം ബാലഗൃഹം വിധാപ്യ
സമണ്ഡപം ശില്പിഭിരല്പബിംബം
പ്രകല്പയേല്ലൌഹികമാംഘ്രിപം വാ. 4

മൂലാലയാദക്ഷിണഭാഗസംസ്ഥം തത്സമ്മുഖം = മൂലപ്രാസാദത്തിന്റെ മതില്ക്കകത്തുതന്നെ എടത്തുഭാഗത്തു വരുമാറും മൂലപ്രാസാദത്തിന്ന് അഭിമുഖമായിട്ടും, ബാലഗൃഹം സമണ്ഡപം വിധാപ്യ = അല്പപ്രാസാദത്തേ മണ്ഡപത്തോടും ചുറ്റമ്പലങ്ങളോടുംകൂടി ഉണ്ടാക്കിച്ച്, ശില്പിഭിഃ ലൌഹികം വാ ആംഘ്രിപം വാ അല്പബിംബം പ്രകല്പയേത് = ശില്പികളേക്കൊണ്ട് ലോഹമയമായിട്ടു താൻ ദാരുമയമായിട്ടുതാൻ തദ്യോഗ്യമായിട്ടു അല്പബിംബത്തേയുമുണ്ടാക്കിപ്പൂ. ഇവിടെ പൂർവദ്വാരമായ മൂലപ്രാസാദത്തുങ്കൽ ഈശകോണിൽ അല്പപ്രാസാദം വരും. പശ്ചിമദ്വാരപ്രാസാദത്തുങ്കൽ നിരൃതികോണിലും വരും.

അത്രാപ്യങ്കുരരോപണം പ്രഥമതഃ കൃത്വാ ഗൃഹീത്വാ നവം
ബിംബം വാര്യധിവാസ്യ ബാലനിലയം സംശോധ്യ തന്മണ്ഡപം
സംസ്കൃത്യോദകതോ/ല്പബിംബമുപനീയ സ്നാപയിത്വാ പുന-
സ്തത്തദ്ബിംബഘടൈഃ പ്രണീയ ശയനീയേ ശായയേദ്ദേശികഃ. 5

അത്ര അപി പ്രഥമതഃ അങ്കുരരോപണം കൃത്വാ = ഈ ബാലാലയത്തുങ്കൽ മുമ്പേ തദ്യോഗ്യദിവസത്തുങ്കൽ മുളദ്രവ്യങ്ങളേ വിതച്ച് പൂജയും തുടങ്ങിയാൽ, നവം ബിംബം ഗൃഹീത്വാ വാരി, അധിവാസ്യ = നൂതനമാ

Shripuram Publications
www.shripuram.org

യ ബാലബിംബത്തേ നേത്രോന്മീലനം ചെയ്ത് പരിഗ്രഹിച്ച ശോധനകളും ചെയ്ത് ജലാധിവാസത്തേയും ചെയ്താൽ, ബാലനിലയും സംശോധ്യ തന്മണ്ഡപം സംസ്കൃത്യ = അല്പപ്രാസാദത്തിന്റെ ശുദ്ധികളും വാസ്തുബലിയും ചെയ്ത് അധിവാസദിവസം മണ്ഡപസംസ്കാരങ്ങളും ശയ്യാപൂജയും ചെയ്ത്, ഉദകതഃ അല്പബിംബം ഉപനീയ തത്തദ്ബിംബഘലൈഃ സ്നാപയിത്വാ = ജലാധിവാസത്തുങ്കൽനിന്ന് ബിംബം കൊണ്ടുവന്ന് അതാതു ദേവന്മാർക്കു പറഞ്ഞിരിക്കുന്ന ബിംബശുദ്ധികലശങ്ങളേ ആടി ഉപഹാരങ്ങളും കൊടുത്ത്, ദേശികഃ ശയനീയേ പ്രണീയ ശായയേത് = ആചാര്യൻ മണ്ഡപത്തിൽ കൊണ്ടുപോയി ബിംബത്തേ ശയ്യയിങ്കൽ കിടത്തു.

തത്ര ത്രിസൂത്രാകലനാദി മൂല-
പ്രാസാദശുദ്ധിം വിധിവദ്വിധായ
പ്രക്ഷാളനാദ്യാശ്ച യഥാർഹകാലം
കുർവീത മൂലപ്രതിമാവിശുദ്ധീഃ. 6

തത്ര ത്രിസൂത്രാകലനാദി മൂലപ്രാസാദശുദ്ധിം വിധിവദ്വിധായ = അവിടെ മൂലപ്രാസാദത്തുങ്കൽ നൂലും മാലയും ചുറ്റുക തുടങ്ങിയുള്ള പ്രാസാദശുദ്ധിയേ വിധിക്കു തക്കവണ്ണം ചെയ്ത്, പ്രക്ഷാളനാദ്യാഃ മൂലപ്രതിമാവിശുദ്ധീഃ ച യഥാർഹകാലം കുർവീത = ചതുശ്ശുദ്ധി[1] തുടങ്ങിയുള്ള മൂലബിംബത്തുങ്കലേ ശുദ്ധിയേയും ദിവസത്തിന്റെ അവസ്ഥയ്ക്കു തക്കവണ്ണം ചെയ്വൂ.

സംസ്നാപ്യ ദേവമഥ നിഷ്കൃതിതത്ത്വഹോമ-
സമ്പാതസിദ്ധകലശൈഃ കലശൈഃ പരൈശ്ച
പ്രാർച്ച്യ പ്രസാദ്യ പരിഷത്സു ബലിം വികീര്യ
പ്രാർത്ഥ്യാരഭേത സുസമീഹിതകർമ്മ മന്ത്രീ. 7

അഥ മന്ത്രീ നിഷ്കൃതിതത്ത്വഹോമസമ്പാതസിദ്ധകലശൈഃ പരൈഃ കലശൈഃ ച ദേവം സംസ്നാപ്യ = പിന്നെ ആചാര്യൻ പ്രായശ്ചിത്താദി ഹോമങ്ങളുടേയും തത്ത്വഹോമത്തിന്റേയും സമ്പാതയുക്തമായിരിക്കുന്ന കലശങ്ങളേക്കൊണ്ടും വേർവിട്ടു അനുജ്ഞാർത്ഥം പൂജിച്ച ദ്രവ്യകലശങ്ങളേക്കൊണ്ടും ദേവനേ അഭിഷേകം ചെയ്ത്, പ്രാർച്ച്യ പ്രസാദ്യ = പൂജിച്ച നിവേദിച്ച പ്രസന്നപൂജയും ചെയ്ത്, പരിഷത്സു, ബലിം വികീര്യ = പരിവാരങ്ങൾക്കു ശ്രീഭൂതബലിയും തൂകി, പ്രാർത്ഥ്യ = ക്ഷേത്രപാലബലി ചെയ്താൽ, അവിടെ ഊരാളരും കൂടി വന്നുനിന്നു, 'ശൃണ്വന്തു ദേവതാഃ സർവാ' ഇത്യാദി മൂന്നുകൊണ്ടും ഉച്ചനീചമദ്ധ്യമായിട്ട് മൂന്നു പ്രാവശ്യം

Shripuram Publications
www.shripuram.org

1. ശുദ്ധിതുടങ്ങിയുള്ള എന്നു പാഠാന്തരം

പ്രാർത്ഥിച്ച്, സുസമീഹിതകർമ്മ പ്രാരഭേത = ഇച്ഛിക്കപ്പെട്ടിരിക്കുന്ന സംഹാരതത്ത്വഹോമത്തേ ആരംഭിപ്പൂ.

മൂലാലയാഗ്രാഹിതമണ്ഡപസ്ഥേ
കുണ്ഡേ സമുത്പാദ്യ കൃപീഡയോനിം.
തത് പാർശ്വദേശേ കലശം പ്രപൂജ്യ
കുര്യാദ് ഗുരുസ്സംഹൃതിതത്ത്വഹോമം. 8

മൂലാലയാഗ്രാഹിതമണ്ഡപസ്ഥേ കുണ്ഡേ = മൂലപ്രാസാദത്തിന്റെ അഗ്രമണ്ഡപത്തിൽ ഇടത്തുഭാഗത്തായിട്ട് ഉണ്ടാക്കിയ ചതുരശ്രകുണ്ഡത്തിൽ, കൃപീഡയോനിം സമുത്പാദ്യ = അഗ്നിജനനത്തേച്ചെയ്ത് അന്വാധാനാദി ഹോമം തുടങ്ങി പരിധിയോളം ആയാൽ, തത്പാർശ്വദേശേ കലശം പ്രപൂജ്യ = ഹോമത്തിന്റെ തെക്കുഭാഗത്ത് അഷ്ടദലപത്മത്തിൽ പീഠം വിരിച്ച് ബ്രഹ്മകലശംപോലെ തത്ത്വകലശത്തേ പൂജിച്ച്, ഗുരുഃ സംഹൃതിതത്ത്വഹോമം കുര്യാത് = ആചാര്യൻ സാവധാനമായിട്ടു പരിധിവയ്ക്കു തുടങ്ങി പക്വഹോമം കഴിവോളം സംഹാരതത്ത്വഹോമത്തേ ചെയ്‌വൂ.

സമ്പാതമസ്മിൻ പ്രസമർപ്യ കുംഭേ
പൂജാമന്ത്രദ്രവ്യഹുതിപ്രസിദ്ധം
സൃഷ്ടിക്രമേണാഖിലതത്ത്വമന്ത്രൈഃ
സകൃത്സകൃത് സർപ്പിരഥോ ജുഹോതു. 9

അസ്മിൻ കുംഭേ പൂജാമന്ത്രദ്രവ്യഹുതിപ്രസിദ്ധം സമ്പാതം പ്രസമർപ്യ = പിന്നെ പൂജാമന്ത്രാജ്യാഹുതിയെചെയ്തു അപ്പോൾതന്നെ മൂലംകൊണ്ടു സമിദാജ്യഹവിരാജ്യങ്ങളാകുന്ന ദ്രവ്യങ്ങളെ ഹോമിച്ച് തത്സംപാതത്തെ ഈ തത്ത്വകലശത്തിങ്കലാക്കൂ. അഥോ സൃഷ്ടിക്രമേണ അഖിലതത്ത്വമന്ത്രൈഃ സകൃത് സകൃത് ജുഹോതു = പിന്നെ സൃഷ്ടിക്രമേണയുള്ള ജീവാദിതത്ത്വങ്ങളേക്കൊണ്ട് ഓരോ ഉരു നെയ്യിനേ ഹോമിപ്പൂ.

ഗത്വാ ഗർഭഗൃഹം സമിഷ്ടനിജപീഠേ ദേവമാസ്ഥാപ്യ[2] തം
തത്ത്വന്യാസപുരസ്സരം സകളിതം കൃത്വാ സമഭ്യർച്ച്യ ച
തത്സമ്പാതഘൃതം സമർപ്യ പരിപൂർണം ഭാവയിത്വാ തതഃ
സംഹാരാന്തമതിം വികീര്യ കുസുമം സംപ്രാർത്ഥയേത് സാഞ്ജലിഃ. 10

ഗർഭഗൃഹം ഗത്വാ = പിന്നെ ഗർഭഗൃഹത്തിൽ പോയി, സമിഷ്ടനിജപീഠേ ദേവം ആസ്ഥാപ്യ = പീഠത്തേ പൂജിച്ച് ദേവനേ ആവാഹനമു

www.shripuram.org
Shripuram Publications
www.shripuram.org

2. ദേവമാസ്ഥാപിതം എന്നു പാഠാന്തരം

ദ്രകളേ കാട്ടി, തത്ത്വന്യാസപുരസ്സരം തം സകളിതം കൃത്വാ സമഭ്യർച്ച്യ = ലിപിതത്ത്വന്യാസാദി ചെയ്ത് ആ ദേവനേ സകളീകരിച്ച് ഉപഹാരങ്ങളേക്കൊട്ടുത്തു സപരിവാരമായി പൂജിച്ചു നിവേദിച്ചു ബലിയും തുകി നട തുറന്ന് പ്രസന്നപൂജയും ചെയ്ത് അവസാനീയാർഘ്യത്തിനു മുമ്പിൽ, തത്സമ്പാതഘൃതം സമർപ്യ പരിപൂർണം ഭാവയിത്വാ = സൃഷ്ടിതത്ത്വ ഹോമസമ്പാതത്തേ ദേവങ്കൽ തത്തത്സ്ഥാനങ്ങളിൽ സമർപ്പിച്ച് പരിപൂർണ സ്വരൂപനായി ധ്യാനിച്ച്, തതഃ കുസമം വികീര്യ സംഹാരാനുമതിം സാഞ്ജലിഃ സംപ്രാർത്ഥയേത് = ദേവങ്കൽ പൂർണപുഷ്പാഞ്ജലിയും ചെയ്ത് 'സംഹാരാർത്ഥമനുജ്ഞാം ദേഹി' ഇപ്രകാരം പ്രാർത്ഥിപ്പൂ.

ലബ്ധാജ്ഞോ ഗുഹമൂർത്തികുണ്ഡകലശാർച്ചോദർച്ചിരംഭശ്ചിതാം
നാഡീയോഗകൃതേ ധ്രുവേണ കുസുമം ദത്ത്വാ സമേത്യാനലം
കൃത്വാ തത്ര ഹുതാശനേ ച കലശേ ചൈവം പ്രസൂനാഞ്ജലിം
മൂലേനാഷ്ട ഘൃതാഹുതീർവിതനുയാത് തത് കർമ്മസാംമുഖ്യദാഃ. 11

ലബ്ധാജ്ഞഃ ഗുരുഃ = ദേവങ്കൽനിന്നും അനുജ്ഞയേ ലഭിച്ച ആചാര്യൻ, ഗൃഹമൂർത്തികുണ്ഡകലശാർച്ചോദർച്ചിരംഭശ്ചിതാം നാഡീയോഗകൃതേ ധ്രുവേണ കുസുമം ദത്ത്വാ = പ്രാസാദത്തിന്റേയും കുണ്ഡത്തിന്റേയും കലശത്തിന്റേയും നാഡികൾ ഒന്നായിക്കല്പിക്കേണ്ടതിന്നായിക്കൊണ്ട് പ്രണവംകൊണ്ടു പുഷ്പങ്ങളേ ആരാധിച്ച് അവ മൂന്നും ഒന്നായിട്ടു കല്പിച്ച് പിന്നെയും ആരാധിച്ച് ബിംബത്തിന്റേയും അഗ്നിയുടേയും ജലത്തിന്റേയും യോഗത്തേയും കല്പിച്ച് പിന്നെയും പ്രണവാരാധനയേച്ചെയ്ത് ത്രിസ്ഥാനഗതചൈതന്യങ്ങളുടേയും ഐക്യത്തേ കല്പിച്ച്, അനലം സമേത്യ = പിറത്തേ കുണ്ഡസമീപത്തുങ്കലിരുന്ന്, തത്ര ഹുതാശനേ കലശേ ച ഏവം പ്രസൂനാഞ്ജലിം കൃത്വാ = അവിടെ അഗ്നിയിങ്കലാരാധിച്ചു കുണ്ഡകുംഭപ്രാസാദങ്ങളുടേയും അഗ്നിജലബിംബങ്ങളുടേയും തച്ചൈതന്യങ്ങളുടേയും ഐക്യത്തേ കല്പിച്ച് കലശത്തുങ്കൽ ആരാധിച്ച് കുംഭപ്രാസാദകുണ്ഡങ്ങളുടേയും ജലബിംബാഗ്നികളുടേയും തച്ചൈതന്യങ്ങളുടേയും ഐക്യത്തേ കല്പിച്ച് ഇടപോകാതെ കയറും കെട്ടിച്ചു, മൂലേന തത് കർമ്മസാംമുഖ്യദാഃ അഷ്ട ഘൃതാഹുതീഃ വിതനുയാത് = മൂലംകൊണ്ടു സംഹാരാഭിമുഖ്യത്തേ അറിവാനായിട്ട് എട്ട് ഉരു ആജ്യാഹുതികളേച്ചെയ്വൂ.

ക്ഷേത്രാധിപാദിപ്രതിഹാരകാന്തൈ-
ർനിർമ്മാല്യധാര്യാദിഗുരൂത്തമാന്തൈഃ
ഹുതൈ്യശ്വകശഃ പൂർവമഥോ യഥാശ-
ക്ത്യാവൃത്യ സർപ്പിർജ്ജുഹുയാദമീഭിഃ. 12

Shripuram Publications
www.shripuram.org

ക്ഷേത്രാധിപാദിപ്രതിഹാരകാന്തൈഃ = പിന്നെ ശ്രീഭൂതബലിമന്ത്ര ങ്ങളേ കീഴ്പോട്ടായിട്ടും ക്ഷേത്രപാലമന്ത്രം തുടങ്ങി ദ്വാസ്ഥന്മാര് അവ സാനമായ മന്ത്രങ്ങളേക്കൊണ്ടും, നിർമ്മാല്യധാര്യാദിഗുരുത്തമാന്തൈഃ = പൂജാമന്ത്രങ്ങളിൽ നിർമ്മാല്യധാരി തുടങ്ങി പ്രണവം കഴിവോളവും സമഷ്ടിമന്ത്രം തുടങ്ങി ഗുരു കഴിവോളവും കീഴ്പോട്ടായിട്ടും, പൂർവം ഏ കശഃ ആസർപ്പിഃ = ഓരോ ഉരു നെയ്യിനേ ഹോമിച്ചാൽ, അഥോ അ മീഭിഃ യഥാശക്തി ആവൃത്യ ജുഹുയാത് = പിന്നെ വക്ഷ്യമാണക്രമേണ ഈ തത്ത്വങ്ങളേക്കൊണ്ട് യഥാശക്തി ആവർത്തിച്ച് വെവ്വേറേ നെയ്യി നേ ഹോമിപ്പൂ.

പുരഃ കോപതത്ത്വേന തദ്വത്യശേഷേ
തതഃ ക്ഷ്മാദികാവ്യക്തപര്യന്തതത്ത്വൈഃ
കൃശാന്വാദിഹൃത്പുണ്ഡരീകാവസാനൈ-
വിശേഷാന്വിതൈഃ സ്വൈർഹുനേച്ചേഷ്ടതത്ത്വൈഃ. 13

തദ്വതി പുരഃ കോപതത്ത്വേന = കോപതത്ത്വമുള്ള വിഷ്ണു ദുർഗാശ ങ്കരനാരായണന്മാരിൽ മുമ്പേ കോപതത്ത്വംകൊണ്ടും, തതഃ അശേഷേ ക്ഷ്മാദികാവ്യക്തപര്യന്തതത്ത്വൈഃ = പിന്നെ എല്ലാവർക്കും പൃഥിവീത ത്ത്വം തുടങ്ങി പ്രാണതത്ത്വം കഴിവോളവും ശിവങ്കൽ ശക്തിതത്ത്വം കഴിവോളവും, കൃശാന്വാദിഹൃത്പുണ്ഡരീകാവസാനൈഃ = പിന്നെ എ ല്ലാവരിലും വഹ്നിമണ്ഡലാദിഹൃത്പുണ്ഡരീകാന്തമുള്ള നാലുകൊണ്ടും, വി ശേഷാന്വിതൈഃ സ്വൈഃ ഇഷ്ടതത്ത്വൈഃ ച ഹുനേത് = പന്ത്രണ്ടാം പട ലത്തിൽ പറയുന്ന തത്ത്വത്തിന്റെ വിശേഷപഞ്ചതത്ത്വങ്ങളേക്കൊണ്ടും വെവ്വേറെ ആജ്യാഹുതിയും ഇടയിൽ പൂർണ്ണാഹുതിയും ചെയ്വൂ.

ജീവേന സർവേഷു ശിവേ/ന്തിമേന
ശിവേന ചൈതത്പരമീക്രിയായൈ
ജുഹോതു സംഖ്യാവസിതൌ യഥോക്ത-[3]
പൂർണാഹുതിം ച പ്രതിതത്ത്വമത്ര. 14

സർവേഷു ഏതത് പരമീക്രിയായൈ ജീവേന = എല്ലാ ദേവന്മാ രിലും ഇവറ്റിന്റെ സംഹാരപൂർത്തിക്കായിക്കൊണ്ട് ഒടുക്കം ജീവതത്ത്വം കൊണ്ടും, ശിവേ അന്തിമേന ശിവേന ച = ശിവങ്കൽ ഒടുക്കത്തേ ശി വതത്ത്വംകൊണ്ടും ഹോമിപ്പൂ. പ്രതിതത്ത്വം സംഖ്യാവസിതൌ യഥോ ക്തപൂർണാഹുതിം ച ജുഹോതു = തത്ത്വങ്ങൾക്ക് ഓരോന്നിന്റെ സംഖ്യ കഴിഞ്ഞാൽ വിധിച്ചിരിക്കുന്ന പൂർണാഹുതികളേയും ഹോമിപ്പൂ.

3. യഥോക്തസംഖ്യാവസിതൌ ജുഹോതു

www.shripuram.org
Shripuram Publications
www.shripuram.org

സർവത്ര സംഖ്യാഷ്ടശതം സമുക്താ-
ഽഥാഷ്ടോത്തരാ വിംശതിരഷ്ട വാഽത്ര
ജുഹോതു ശർവേ നിജപഞ്ചതത്ത്വൈ-
രുദ്ഘാതവൃത്ത്യൈകശ ഏവ വാഽന്യൈഃ. 15

സർവത്ര അഷ്ടശതം സംഖ്യാ സമുക്താ = എല്ലാ തത്ത്വങ്ങൾക്കും നൂറ്റെട്ടീതു സംഖ്യ പറയപ്പെട്ടിരിക്കുന്നു. അഥ(വാ?) അത്ര അഷ്ടോത്തരാ വിംശതിഃ അഷ്ട വാ = എന്നിയേ ഇവിടെ ഇരുപത്തെട്ടീത് ആയിട്ടും എട്ടെട്ടീത് ആയിട്ടും ചെയ്യുന്നുണ്ട്. ശർവേ നിജപഞ്ചതത്ത്വൈഃ ഉത്ഘാതവൃത്ത്യാ = ശിവങ്കൽ തന്റെ വിശേഷപഞ്ചതത്ത്വങ്ങളേക്കൊണ്ട് ഉദ്ഘാതവൃത്തിയായിട്ടും, അന്യൈഃ ഏകശഃ ഏവ വാ ജുഹോതു = മറ്റുള്ള തത്ത്വങ്ങളേക്കൊണ്ട് ഓരോ ഉരുവായിട്ട് എങ്കിലും ഹോമിപ്പൂ. ഉദ്ഘാതവൃത്തിയാകുന്നതു ഭൂതസംഹാരത്തിൽ പറഞ്ഞപോലെ സംഖ്യകൾ വരും.

സൂത്രച്ഛിദാകർമ്മണി ഹുംഫഡന്താ-
ന്യുക്താനി തത്ത്വാനി ന ചാപരത്ര
തഥൈവ നിഷ്ക്രാമണകർമ്മവർജ്ജം
വിശേഷതത്ത്വം ന ച പഞ്ചസൂക്തം. 16

സൂത്രച്ഛിദാകർമ്മണി തത്ത്വാനി ഹുംഫഡന്താനി ഉക്താനി = സൂത്രച്ഛേദമെന്നാൽ ബിംബത്തേ സ്വസ്ഥാനത്തുനിന്ന് എടുത്ത് മാറ്റുകതാൻ വേറേ പ്രതിഷ്ഠിക്കതാൻ ചെയ്ക. അങ്ങനെ വേണ്ടുന്നേടത്ത് തത്ത്വങ്ങൾ ഒക്കെയും ഹുംഫട് എന്നു ഒടുക്കം കൂട്ടി വേണം ഹോമത്തിന്. അപരത്ര ന ച = മറ്റുള്ള ജീവോദ്വാസനയിങ്കൽ ഒരേടത്തും ഹുംഫട് എന്നു കൂട്ടേണ്ട. തഥാ ഏവ നിഷ്ക്രാമണകർമ്മവർജ്ജം പഞ്ചസു ഉക്തം വിശേഷതത്ത്വം ന ച = അപ്രകാരം ജീവോദ്വാസന കൂടാതെയുള്ള സങ്കോചത്തുങ്കൽ പഞ്ചതത്ത്വങ്ങളിൽ പറഞ്ഞിരിക്കുന്ന വിശേഷങ്ങൾ വേണ്ട. ശുദ്ധപഞ്ചതത്ത്വങ്ങൾ തന്നെ മതി.

കനിക്രദത് സ്വസ്തിസമുക്തമന്ത്രൈഃ
സകൃത് സകൃന്നിഷ്ക്രമണേ ജുഹോതു
സൂത്രച്ഛിദായാം ച ചതുർഗൃഹീതം
വാസ്തോഷ്പതേ പ്രത്യൃഗണദ്വയേന. 17

നിഷ്ക്രമേണ = ജീവോദ്വാസന ചെയ്യുന്നേടത്തു, കനിക്രദത് സ്വസ്തിസമുക്തമന്ത്രൈഃ സകൃത് ജുഹോതു = കനിക്രദജ്ജനുഷം ഇത്യാദി ആറുകൊണ്ടും സ്വസ്തിനോ മിമീതാമിത്യാദി അഞ്ചുകൊണ്ടും ഓരോ ഉ

Shripuram Publications
www.shripuram.org

രു ആജ്യാഹുതി ചെയ്ത് സമ്പാതമുണ്ടാക്കു. സൂത്രച്ഛിദായാം = ബിംബം മാറ്റുന്നേടത്ത്, വാസ്തോഷ്പതേ പ്രത്യൃഗണദ്വയേന ചതുർഗൃഹീതം ച = വാസ്തോഷ്പതേ പ്രതിജാനീഹി ഇത്യാദി രണ്ടുകൊണ്ടും ജുഹുവിൽ ചതുർ ഗൃഹീതം ചെയ്തു നിറച്ച് ഹോമിച്ച് ആ സമ്പാതത്തേയും വേറേ വയ്ക്കൂ.

ഗത്വാ ഗർഭഗൃഹം വിധായ പരമാന്നപ്രീണനാദ്യം വിഭോ-
സ്തദ്ധോമം സുസമാപ്യ തത്ത്വകലശേ സമ്പാതപാതാദികം
കൃത്വാ സ്വസ്തികവിഷ്ടരേ/ന്തരുപനീയാസ്ഥാപയേദഗ്രതോ
യാത്രാജ്യാഹുതിസാധിതാജ്യയുഗളം ചാസ്ഥാപ്യ രക്ഷേത് ക്വചിത്. 18

ഗർഭഗൃഹം ഗത്വാ വിഭോഃ പരമാന്നപ്രീണനാദ്യം വിധായ = പിന്നെ ഗർഭഗൃഹത്തുങ്കൽപോയി ദേവന് പത്മമാത്രം പീഠംപൂജിച്ച് ആവാഹിച്ചു വ്യാപകാംഗം ചെയ്തു പൂജിച്ച് ബഹുപായസത്തേ നിവേദിച്ചു പുറത്തുവന്ന് തത്ത്വകുണ്ഡത്തുങ്കൽ തന്നെ വൈശ്യം ഹോമിച്ചു നിവേദ്യം വിടുർത്ത് പ്രസന്നപൂജയും ചെയ്ത് മുമ്പിൽ സ്വസ്തികത്തിൽ പീഠം പൂജിച്ച് പുറത്തുവന്ന്, തദ്ധോമം സുസമാപ്യ = സ്വിഷ്ടകൃദാദി ഹോമം ചെയ്ത്, തത്ത്വകലശേ സമ്പാതപാതാദികം കൃത്വാ = തത്ത്വകലശത്തുങ്കൽ തത്ത്വഹുതസമ്പാതത്തേ അർപ്പിച്ച് അഗ്നിയേയും ഉദ്വസിച്ചു നിവേദിച്ച്, അന്തഃ അഗ്രതഃ സ്വസ്തികവിഷ്ടരേ ഉപനീയ ആസ്ഥാപയേത = പാണിയും കൊട്ടിച്ച് കലശത്തേ ദേവന്റെ മുമ്പിൽ പീഠംപൂജിച്ച് പത്മത്തിൽ കൊണ്ടുപോയി വച്ച്, യാത്രാദ്യാഹുതിസാധിതാജ്യയുഗളം ച ക്വചിത് ആസ്ഥാപ്യ രക്ഷേത് = കനിക്രദത്സ്വസ്തി വാസ്തു സാധിതസമ്പാതവും അകത്തുതന്നെ ഒരേടത്തു വച്ചു സൂക്ഷിപ്പൂ.

നിർഗത്യ വിപ്രാൻ വിദുഷഃ സമൂഹ്യ
പ്രസാദ്യ ഹേമാദിസമർപ്പണേന
ദേവം ച തത്തന്മനുനാ പ്രണമ്യ
കൃതാഞ്ജലിഃ കർമ്മ നിവേദയേത. 19

നിർഗത്യ വിദുഷഃ വിപ്രാൻ സമൂഹ്യ = പിന്നെ പുറത്തുവന്ന് മണ്ഡപത്തിൽ വിദ്വാന്മാരായിരിക്കുന്ന ആചാര്യന്മാരേ പലകമേൽ ദേവാദിമുഖമായിട്ട് ഇരുത്തി, ഹേമാദിസമർപ്പണേന താൻ പ്രസാദ്യ = സ്വർണ്ണവസ്ത്രങ്ങളേ ദാനം ചെയ്ത് അവരേ പ്രസാദിപ്പിച്ച്, തത്തന്മനുനാ ച ദേവം പ്രണമ്യ = അതാതു മന്ത്രംകൊണ്ടു ദേവനേ പ്രദക്ഷിണംവച്ചു നമസ്കരിച്ച്, കൃതാഞ്ജലിഃ = ബ്രാഹ്മണരേയും നമസ്കരിച്ചു തൊഴുതുനിന്ന്, കർമ്മ നിവേദയേത = ചെയ്‌വാൻ ഭാവിച്ചിരിക്കുന്ന കർമ്മത്തേ അവരേ അറിയിപ്പൂ.

Shripuram Publications
www.shripuram.org

'നമോ ബ്രഹ്മണ്യദേവായ ഗോബ്രാഹ്മണഹിതായ ച
ജഗദ്ധിതായ കൃഷ്ണായ ഗോവിന്ദായ നമോ നമഃ.' 20

ഇതു വിഷ്ണുവിങ്കലേ നമസ്കാര മന്ത്രം.

'നമഃ ശിവായ സാംബായ സഗണായ സസൂനവേ
പ്രധാനപുരുഷേശായ സൃഷ്ടിസ്ഥിത്യന്തഹേതവേ.' 21

ഇതു ശിവന്റെ നമസ്കാരമന്ത്രം. ശേഷമെല്ലാടവും മൂലം തന്നെ.

'പൂജാബിംബമിദം വിഷ്ണോഃ സ്ഥാപിതം പൂർവസൂരിഭിഃ
അനേന ദൂഷണേനാദ്യ ദൂഷിതം ചേഹ വർത്തതേ. 22

ദുഷ്ടബിംബസ്യ ചോദ്ധാരഃ കർത്തവ്യ ഇതി ശാസനം
ആഗമസ്യ വയം കർത്തും വ്യവസായമുപാസ്മഹേ. 23

അത്രേദം യദി കർത്തവ്യമാഗമാർത്ഥതയാ ഭവേത്
ഭവന്തോ നോഽനുജാനന്തു ഭവേമാജ്ഞാകരാ വയം.' 24

ഇതു മൂന്നും വിദ്വാന്മാരോടു പ്രാർത്ഥിപ്പാനുള്ളത്.

ആദ്യോഽജിതേഽണഃ പ്രണതൌ ദ്വിതീയ-
സ്ത്ര്യക്ഷേ സ്വമൂലാദിരതഃ പരേഷു
വിജ്ഞാപനേഽന്യത് ത്രിതയം ഹരൌ തത്
പരേഷു കിഞ്ചിദ്ഭിദുരാദ്യപാദം. 25

അജിതേ പ്രണതൌ ആദ്യഃ = വിഷ്ണുവിങ്കൽ നമസ്കാരത്തിന് ആദിയിൽ പറഞ്ഞത്, ത്ര്യക്ഷേ ദ്വിതീയഃ = ശിവങ്കൽ നമസ്കാരത്തിന് രണ്ടാമത്തേത്, അതഃ പരേഷു സ്വമൂലാദിഃ = മറ്റുള്ള ദേവന്മാരിൽ പൂജാബിംബമിദം ശംഭോഃ ഇത്യാദി ആദിയിലത്തേ പാദത്തിൽ ഭേദമായിട്ടും വേണം.

ക്രിയതാമിതി തൈഃ സമീരിതേ
സുവിമൃശ്യാഗമശാസനം മുഹുഃ
അഥ വിശ്വജനാവബോധകം
വചനം ത്വാഗമികം നിവേദയേത്. 26

തൈഃ ആഗമശാസനം സുവിമൃശ്യ ക്രിയതാം ഇതി സമീരിതേ = ആ വിദ്വാന്മാരാൽ ശാസ്ത്രസാരത്തേ വിചാരിച്ച് ക്രിയതാം എന്നു ചൊല്ലിയാൽ, അഥ വിശ്വജനാവബോധകം ആഗമികം വചനം നിവേദയേ

Shripuram Publications
www.shripuram.org

ത് = പിന്നെ സകലജനങ്ങളേയും അറിയിക്കുന്നതിനായിട്ട് ശാസ്ത്രങ്ങളിൽ പറഞ്ഞ പ്രാർത്ഥനയും കേൾപ്പിപ്പൂ.

'യഥൈവ ദേവപൂജായാം വിനിയുക്തമനിന്ദിതം
ദ്രവ്യം പുഷ്പാദികം പശ്ചാന്നിർമ്മാല്യമിതി നിന്ദ്യതേ. 27

ഏവം ബിംബമദൃഷ്ടം യത് പൂജായാം വിനിയുജ്യതേ
തദേവ ദൂഷിതം പശ്ചാന്നിർമ്മാല്യമിതി നിന്ദ്യതേ. 28

തസ്മാദ്ദുഷ്ടമിദം ബിംബം ഭവദ്ഭിർമുക്ത സംശയൈഃ
നിർമ്മാല്യബുദ്ധ്യാ ത്യക്തവ്യമിതി ശാസ്ത്രസ്യ ശാസനം.' 29

ഇതു മൂന്നും ജനങ്ങളോട്ടുള്ള പ്രാർത്ഥനകൾ.

സംവാവദൂകേഷു ജനേഷു കർത്തൃൻ
കിയന്തമിത്യാദ്യണനാ/നുയുജ്യ
കാലാവധിം തദ്ഗതദൈവതാഭ്യോ
ദേവായ ചൈവം വിനിവേദയേച്ച. 30

ജനേഷു സംവാവദൂകേഷു = ജനങ്ങൾ ഒക്കയും ചെയ്കേ വേണ്ടു എന്ന് അനുസരിച്ചാൽ, കിയന്തമിത്യാദ്യണനാ കർത്തൃൻ കാലാവധിം അനുയുജ്യ = പിന്നെ നടയിൽ വന്നുനിന്ന് കിയന്തം ഇത്യാദി ചൊല്ലി ഊരാളരോട് എത്രകാലം ഇളങ്കോവിലിൽ പ്രതിഷ്ഠിച്ചിരിക്കണം എന്നുള്ള കാലത്തേ ചോദിച്ചാൽ അവരു പ്രതിഷ്ഠയും മുഹൂർത്തവും നിശ്ചയിച്ചു പറയണം. പിന്നെ, തദ്ഗത ദേവതാഭ്യഃ ദേവായ ച ഏവം വിനിവേദയേത് = അവിടെയുള്ള പരിവാരദേവതകൾക്കായിക്കൊണ്ട് ഇപ്രകാരം പ്രാർത്ഥിപ്പൂ.

'കിയന്തം കാലമത്രേശഃ പ്രവാസവസതിം വസേത്
മാസാദൂർദ്ധ്വം ദ്വാദശാബ്ദാദർവാക്കാലാവധിഃ സ്മൃതഃ. 31
നാർവാഗൂർദ്ധ്വം ക്ലേശവാസം വാസുദേവോ/നുമന്യതേ.'

ഇതു ഊരാളരോട്ടു കേൾപ്പിപ്പാൻ.

'ശൃണ്വന്തു ദേവതാഃ സർവാഃ പ്രാസാദമിമമാശ്രിതാഃ
യദുച്യമാനമസ്മാഭിരനുഗൃഹ്ണന്തു തേന നഃ. 32

പൂർവൈഃ പൂർവം കൃതമിദം ദേവാലയമസാരവത്
പ്രാപ്തം കാലവശാദ് ഭൂയോ വയം തത് കർത്തുമുദ്യതാഃ. 33

www.shripuram.org
Shripuram Publications
www.shripuram.org

കാലേനൈതാവതാ ഭൂയഃ പ്രാസാദേ/സ്മിൻ പുനർനവേ
പ്രാപയാമോ വയം സത്യം തദനുജ്ഞാതുമർഹത.' 34

ഈ മൂന്നും പരിവാരങ്ങളോടു പ്രാർത്ഥിപ്പാൻ.

'ഭഗവൻ! വാസ്ത്വഭിനവം ബിംബം വാ തവ ശോഭനം
കാരയിഷ്യന്തി തേ ഭക്താസ്തദനുജ്ഞാതുമർഹസി. 35

ക്ലേശവാസസ്ത്വയാ ദേവ രോചനീയോ/ല്പകേ ഗൃഹേ
യാവന്നവം ശുഭം കൃത്വാ പുനഃ സംസ്ഥാപയാമഹേ. 36

ജീർണം ബിംബമിദം ദേവ സർവദോഷാവഹം നൃണാം
അസ്യോദ്ധാരേ കൃതേ ശാന്തിരിത്യേവം ഭാഷിതം ത്വയാ. 37

തൽ ത്വയാ/ധിഷ്ഠിതം ദേവ! ഉദ്ധരാമി തവാജ്ഞയാ
തദുപക്രാന്തമസ്മാഭിസ്തദനുജ്ഞാതുമർഹസി.' 38

ഇതു നാലും ദേവനോടു വേണ്ട പ്രാർത്ഥനകൾ.

ഏതേ തു വിഷ്ണുവിഷയേ പ്രായോ മന്ത്രാഃ പരേഷ്വമീ
കാര്യാഃ സ്വസ്വാഗമാദ്യാപ്തസ്വവിശേഷപദാന്വിതാഃ. 39

ഏതേ മന്ത്രാഃ തു വിഷ്ണുവിഷയേ = ഈ പറഞ്ഞ പ്രാർത്ഥനാ മന്ത്രങ്ങൾ വിഷ്ണുവിങ്കലേയ്ക്കായിട്ടുള്ളത്. പരേഷു അമീ പ്രായഃ സ്വസ്വാഗമാദ്യാപ്തസ്വവിശേഷപദാന്വിതാഃ കാര്യാഃ = ശിവാദികളിലും ഈ മന്ത്രങ്ങൾ മിക്കവാറും ഒന്നായിട്ടുവരും. അവിടെ തന്റെ തന്റെ ആഗമാദികളിൽ പറയുന്ന തന്റെ നാമത്തോടുകൂടി വേണം ചൊല്ലുവാൻ.

ദേവം സമിഷ്ടസരസീരുഹമാത്രപീഠേ
സങ്കല്പ്യ സന്നിഹിതമവ്യയതത്ത്വതാരൈഃ
ഉദ്വാപ്യതത്ത്വകലശേന തതോ/ഭിഷിച്യോ-
ദ്വ്യാപ്യ പ്രകല്പയതു കേവലചിന്മയം തം. 40

പിന്നെ കാലും കഴുകി ഗർഭഗൃഹത്തുങ്കൽപോയി ഇരുന്ന് കുറഞ്ഞോന്നു ദേഹശുദ്ധിയും ചെയ്ത് ഗുരുപദേശത്തേ വിചാരിച്ചുകൊണ്ട്, സമിഷ്ടസരസീരുഹമാത്രപീഠേ ദേവം സന്നിഹിതം സങ്കല്പ്യ = പത്മമാത്ര പീഠം പൂജിച്ച് മൂലംകൊണ്ട് ആവാഹിച്ച്, അവ്യയതത്ത്വതാരൈഃ ഉദ്വ്യാപ്യ = സംഹാരക്രമേണ തത്ത്വങ്ങളേക്കൊണ്ട് ബിംബത്തുങ്കലും കലശത്തുങ്ക

Shripuram Publications
www.shripuram.org

ല്വം മേല്പോട്ട് വ്യാപകത്തേചെയ്തു പ്രണവംകൊണ്ട് ഉദ്വ്യാപകത്രയത്തേ ചെയ്തു്, തതഃ തത്ത്വകലശേന അഭിഷിച്യ = പിന്നെ ക്ഷേത്രപാലാദി ഗുർവന്തവും സംഹാരതത്ത്വങ്ങളും പ്രണവവും മൂന്നുരു ജപിച്ച് തത്ത്വകല ശത്തേ ആടി, ഉദ്വാപ്യ = പിന്നെ കലശത്തേ പീഠത്തേൽ കമത്തിവച്ച് സംഹാരതത്ത്വപ്രണവംകൊണ്ടു വ്യാപകം ചെയ്തു, തം കേവലചിന്മയം പ്രകല്പയതു = ആ ദേവനേ ചൈതന്യമാത്രമായി ധ്യാനിപ്പൂ.

അനന്തരം ധ്യാനസങ്കോചത്തേ പറയുന്നു.

അഗ്രേ നിഷദ്യ പ്രണവേന നാഡീ-
യുക്ത്യൈത്യ ദേവാഭിദയാ സ്ഥിതഃ സൻ
സജാഗ്രദാദ്യാത്മദശാദിഭിന്ന-
ഹാരാലയാദ്യാഗ്രദലാത്മകാദ്യം. 41

ധ്യാത്വാ ക്രമാത് ക്ഷേത്രമിദം ഗൃഹാർച്ചാ-
ഹൃദംബുരുട്കർണ്ണികമബ്ജയുഗ്മം
താരേണ തേജസ്തടിദാഭമന്ത-
രാസ്തൂപികം വ്യാപ്യ ച മൂലചക്രാത്. 42

അഗ്രേ നിഷദ്യ = പിന്നെ നടയുമടച്ച് ദേവന്റെ മുമ്പിൽ പലകമേൽ ഇരുന്ന്, പ്രണവേന നാഡീയുക്ത്യാ ഏത്യ = പ്ലുതപ്രണവം ജപിച്ച് ദേവന്റെ സുഷുമ്നാനാഡികൾ ഒന്നായി സ്പർശിക്കുമാറു ധ്യാനിച്ചു പ്രണവം ജപിച്ചു തന്റെ ആത്മാവിനേ ആ നാഡിമാർഗ്ഗേണ ദേവന്റെ ഹൃദയത്തു ങ്കൽ പ്രവേശിപ്പിച്ച്, ദേവാഭിദയാസ്ഥിതഃ സൻ = താൻ ദേവനോട് ഒന്നായി ഇരിക്കുമാറും കല്പിച്ചാൽ, ഇദം ക്ഷേത്രം സജാഗ്രദാദ്യാത്മദശാദി ഭിന്നഹാരാലയാദ്യാഗ്രദലാത്മകാദ്യം ഗൃഹാർച്ചാഹൃദംബുരുട് കർണികം അബ്ജയുഗം ധ്യാത്വാ = ഈ ക്ഷേത്രത്തേ ജാഗ്രത് സ്വപ്നസുഷുപ്തിതുരീയ തുരീയാതീതങ്ങളായ അഞ്ച് അവസ്ഥകളോടും പഞ്ചഭൂതങ്ങളോടും പഞ്ചേന്ദ്രിയങ്ങളോടും ഇങ്ങനെ പഞ്ചവിധങ്ങളായ എല്ലാ വസ്തുക്കളോടും കൂടി ബാഹ്യഹാരദലാഗ്രമായിട്ടും മദ്ധ്യഹാരദലമായിട്ടും അന്തഹാരദ ലസന്ധിയായിട്ടും ബിംബം കേസരമായിട്ടും ബിംബഹൃദയം കർണ്ണിക യായിട്ടും ഇങ്ങനെ അകത്തേ പ്രാസാദമാകുന്ന താമരപ്പൂവിനേയും രണ്ടു പത്മങ്ങളായിട്ടു ധ്യാനിച്ചാൽ, താരേണ അന്തഃ തടിദാഭം തേജഃ മൂലച ക്രാത് ആസ്തൂപികം വ്യാപ്യ ച = പിന്നെ പ്രണവം ജപിച്ചു ബിംബത്തി ന്റെ ഹൃദയത്തുങ്കൽനിന്ന് മിന്നൽപോലെ ഒരു തേജസ്സുള്ളതിനേ ഊർദ്ധ്വമായിട്ടു വർദ്ധിപ്പിച്ചു താഴികക്കുടത്തിന്റെ മേൽഭാഗത്തോളം വ്യാപ്തമായിട്ടും ധ്യാനിപ്പൂ.

www.shripuram.org
Shripuram Publications
www.shripuram.org

വികീര്യ പുഷ്പാഞ്ജലിമാദിനാ/ഥ
പ്ലുതേന വിഷ്വഗ്വിഷുവത്സരണ്യാ
പ്രസാര്യ സംവ്യാപ്തമിദം ബഹിഷ്ഠ-
പ്രാകാരനിഷ്ഠം പരികല്പ്യ തേന. 43

ഗ്രസ്തം സമസ്തം പരിവാരജാതം
ജാലേന മീനാനിവ സംവിഭാവ്യ
പുഷ്പാഞ്ജലിം സംഹൃതിമുദ്രയാ/ത്ര
കുർവൻ സമാഹൃത്യ തതഃ ക്രമേണ. 44

സപ്തോർമ്മിപഞ്ചാംബുധിമാത്രതാരൈ-
രാമദ്ധ്യഹാരാപദമാ/ന്തഹാരം
ആനീയ ചാന്തർഗതമണ്ഡലാന്തം
പ്രാസാദനിഷ്ഠം ച നയേദ് ദശാഭിഃ. 45

പ്ലുതേന ആദിനാ പുഷ്പാഞ്ജലിം വികീര്യ = പ്ലുതപ്രണവംകൊണ്ട് പ്രസരണമുദ്രയാ പുഷ്പാരാധനകളേച്ചെയ്ത്. വിഷുവത്സരണ്യാ സംവ്യാപ്തം ഇദം വിഷ്വക് പ്രസാര്യ = സുഷുമ്നാനാഡിയിലൂടെ വർദ്ധിച്ച് ഇരിക്കുന്ന തേജസ്സിനെ ചുറ്റും വ്യാപത്മാക്കി, ഇദം ബഹിഷ്ഠപ്രാകാരനിഷ്ഠം പരികല്പ്യ = ഈ തേജസ്സിനേ പുറത്തേ മതില്ക്കകത്ത് എല്ലാടവും സമ്പൂർണ്ണമാക്കി കല്പിച്ച്, തേന സമസ്തം പരിവാരജാതം ജാലേന മീനാൻ ഇവ ഗ്രസ്തം സംവിഭാവ്യ = ആ തേജസ്സുകൊണ്ട് മതില്ക്കകത്തുള്ള ബലിപരിവാരങ്ങളേ ഒക്കെയും അകത്ത് ആകർഷിക്കുന്നതിനു സമർത്ഥമായിട്ടു കല്പിക്കു. വലകൊണ്ടു മത്സ്യങ്ങളേ ഗ്രഹിക്കുന്നപോലെ ഇങ്ങനെ കല്പിച്ചാൽ, അത്ര സംഹൃതിമുദ്രയാ പുഷ്പാഞ്ജലിം കുർവൻ = ഇവിടെ സംഹാരമുദ്രയാ പുഷ്പഞ്ജലികളേച്ചെയ്ത്, തതഃ ക്രമേണ സംഹൃത്യ = തത്സ്ഥാനത്തുനിന്നും അന്തഹാരാദി സ്ഥാനങ്ങളിലേയ്ക്ക് സംഹരിക്കണം. സപ്തോർമ്മിപഞ്ചാംബുധിമാത്രതാരൈഃ ആമദ്ധ്യഹാരാപദം ആ/ന്തഹാരം അന്തർഗതമണ്ഡലാന്തം ദശാഭിഃ സഹ ആനീയ പ്രാസാദനിഷ്ഠം ച നയേത് = സപ്തമാത്ര പ്രണവംകൊണ്ട് രണ്ടു കൈയിലും പുഷ്പങ്ങളേ എടുത്തു സംഹാരരൂപേണ മനോവിശ്വാസം വരുവോളം പുഷ്പാരാധനകളേച്ചെയ്തു മതിൽസ്ഥാനത്തുനിന്നും വിളക്കുമാടമാകുന്ന മദ്ധ്യഹാരയിങ്കലോളം ആ തേജസ്സിനെ തൽസ്ഥാനത്തുള്ള പരിവാരങ്ങളോട്ടും ജാഗ്രദാദികളായ പ്രഥമവസ്ഥക്കളോട്ടുംകൂടി സംഹൃതമാക്കിച്ചെയ്വൂ. പിന്നെ ഷണ്മന്ത്രപ്രണവംകൊണ്ടു മനോവിശ്വാസം വരുവോളം പുഷ്പാരാധനകളേച്ചെയ്ത് ദീപശാലയിങ്കൽ

Shripuram Publications
www.shripuram.org

നിന്നു ബാഹ്യഭിത്തിയാകുന്ന അന്തഹാരയിങ്കലോളം സ്വപ്നാദികളായ ദ്വിതീയവസ്തുക്കളോട്ടും സംഹരിപ്പൂ. പിന്നെ പഞ്ചമാത്രപ്രണവംകൊണ്ടു മനോവിശ്വാസം വരുവോളം പുഷ്പാരാധനകളേച്ചെയ്ത് ബാഹ്യഭിത്തിയിങ്കൽനിന്ന് അന്തർമണ്ഡലമാകുന്ന ദിക്പാലസ്ഥാനത്തോളം സ്വപ്നാദി സുഷുപ്ത്യവസ്ഥാദി മൂന്നാമത്തേ വസ്തുക്കളോട്ടുകൂടി സംഹരിപ്പൂ. പിന്നെ ചതുർമാത്രപ്രണവാരാധനകളേ മനോവിശ്വാസം വരുവോളം ചെയ്ത് ദിക്പാലസ്ഥാനത്തുനിന്നു പ്രാസാദസ്ഥാനമായ കർണ്ണികയിങ്കലോളം തുരീയാവസ്ഥാദി നാലാമത്തേ വസ്തുക്കളോട്ടും കൂടി സംഹരിപ്പൂ. ഇത്രയും ക്രിയചെയ്യുമ്പോൾ തദ്ഗതപരിവാരങ്ങളും ഈശ്വരചൈതന്യവും പ്രാസാദത്തുങ്കൽ തന്നെ ചേർന്നിരിക്കുമാറു താല്പര്യം.

ത്രിദ്വ്യേകമാത്രപ്രണവൈർന്നയേത് ത-
ദാഗർഭമാപീഠമഥാണ്ഡബിംബം
ആകൃഷ്യ ബിംബാത് തദപീതിതത്ത്വ-
താരൈശ്ചിദാത്മന്യഖിലം തദന്തഃ. 46

ത്രിദ്വ്യേകമാത്രപ്രണവൈഃ ആഗർഭം ആപീഠം അഥ അണ്ഡബിംബം ച നയേത് = പിന്നെ ത്രിമാത്രപ്രണവപുഷ്പാഞ്ജലികളേ ചെയ്ത് പൂജാപരിവാരങ്ങളോട്ടുകൂടി ആ തേജസ്സിനെ ഗർഭഗൃഹത്തുങ്കലാക്കൂ. പിന്നെ ദ്വിമാത്രപ്രണവപുഷ്പാഞ്ജലികളേ ചെയ്ത് ഗർഭഗൃഹത്തുങ്കൽനിന്നു പീഠത്തിൽ നയിപ്പൂ. പിന്നെ ഏകമാത്ര പ്രണവാരാധനകളേച്ചെയ്ത് സകലപരിവാരങ്ങളോട്ടുംകൂടി ബിംബത്തുങ്കലാക്കൂ. അപീതിതത്ത്വതാരൈഃ ബിംബാദ് ആകൃഷ്യ തദ് അഖിലം തദന്തഃ ചിദാത്മനി നയേത് = പിന്നെ സംഹാരക്രമേണ തത്ത്വങ്ങളേക്കൊണ്ടും പ്രണവംകൊണ്ടും പുഷ്പങ്ങളേ ആരാധിച്ചു ആ ചൈതന്യത്തേ ഒക്കെയും ബിംബഹൃദയകലത്തുങ്കൽ ചൈതന്യമാത്രമാക്കി ഉറപ്പിപ്പൂ. ഇപ്പോൾ പ്രാകാരപത്മം പ്രാസാദപത്മത്തോടും പ്രാസാദപത്മം ബിംബഹൃദയപത്മത്തോടും ചേർന്നിരിക്കുംവണ്ണം ധ്യാനംകൊണ്ടും കല്പിപ്പൂ.

ഇവിടെത്തന്നെ ഒരു പ്രകാരാന്തരത്തേ പറയുന്നു.

തത്കർമ്മകാലപ്രതിബോധനാന്തേ
തത്രോപവിഷ്ടഃ സുസമാഹിതാത്മാ
സമാധിസങ്കോചനമുക്തനീത്യാ
നിർവ്വർത്യ തസ്മിൻ സകലം സുയോജ്യ. 47

തത്കർമ്മകാലപ്രതിബോധനാന്തേ = പുറത്തുനിന്ന് പ്രാർത്ഥനകൾ ഒക്കെച്ചെയ്താൽ, തത്ര ഉപവിഷ്ടഃ സുസമാഹിതാത്മാ = കാലും

www.shripuram.org
Shripuram Publications
www.shripuram.org

കഴകി ഗർഭഗൃഹത്തുങ്കൽചെന്ന് ഇരുന്ന് സാവധാനമായിട്ട മനസ്സിനേ ഉറപ്പിച്ച്, ഉക്തനീത്യാ സമാധിസങ്കോചനം നിർവ്വർത്ത്യ = ഇവിടെ പ റഞ്ഞപോലെ പത്മദ്വയത്തേ കല്പിക്ക തുടങ്ങിയുള്ള പുഷ്പാരാധനകളേ ചെയ്ത് ധ്യാനസങ്കോചത്തേ ചെയ്ത്, തസ്മിൻ സകലം സുയോജ്യ = ബിം ബത്തുങ്കൽ സകലപരിവാരങ്ങളോടുകൂടി ചൈതന്യത്തേയും തത്ത്വങ്ങ ളേയും യോജിപ്പിപ്പൂ.

തദ്ബിംബകുംഭാവപൃഥക് പൃഥക് ച
വ്യാപ്യാഭിഷിച്യാപ്യയതത്ത്വതാരൈഃ
തത്തത്ത്വകുംഭേന പുനശ്ച തൈശ്ചോ-
ദ്വ്യാപ്യാഹരേദ്വാ പ്രതിമാഹൃദബ്ജേ. 48

തദ്ബിംബകുംഭൌ അപൃഥക് പൃഥക് ച വ്യാപ്യ = പിന്നെ ബിം ബത്തുങ്കലും കലശത്തുങ്കലും സംഹാരതത്ത്വപ്രണവംകൊണ്ട് വേറേയും ഒരുമിച്ചും ഉദ്വ്യാപകങ്ങളേ മൂന്നുപ്രാവശ്യം ചെയ്ത്, അപ്യയതത്ത്വതാ രൈഃ തത്തത്വകുംഭേന അഭിഷിച്യ = ക്ഷേത്രപാലഗുർവ്വന്തവും സംഹാ രതത്ത്വപ്രണവങ്ങളും മൂന്ന പ്രാവശ്യം ജപിച്ച് ആ തത്ത്വകലശംകൊ ണ്ട് അഭിഷേകത്തേ ചെയ്തു പുനഃ തൈഃ ഉദ്വ്യാപ്യ പ്രതിമാഹൃദബ്ജേ ആയോജയേത് = പിന്നെയും സംഹാരതത്ത്വപ്രണവങ്ങളേക്കൊണ്ട് ഉ ദ്വ്യാപകങ്ങളേ ചെയ്ത് ബിംബഹൃദയത്തുങ്കൽ സകലചൈതന്യത്തേയും യോജിപ്പിപ്പൂ. ഇങ്ങനെയും ക്രിയകളേ ചെയ്യാം.

തത്തദ്വിഭൃത്യാ ബഹിരംഗതോ/ന്ത-
രംഗാദപീതിക്രമതോ വികൃഷ്യ
സംയോജ്യ ബിംബസ്ഥചിദാത്മനീമം
ചിന്മാത്രമാകല്പ്യ നിരേച്ച ചാതഃ. 49

തത്തദ്വിഭൃത്യാ ബഹിരംഗതഃ അന്തരംഗാദ് അപി ഇതി ക്രമതഃ വികൃഷ്യ = അതാതു പരിവാരങ്ങളോടുകൂടിയ ദേവചൈതന്യത്തേ പുറ ത്തു മതില്ക്കകത്തുനിന്നും അകത്ത് പ്രാസാദത്തുങ്കൽനിന്നും ഇപ്രകാരം പറഞ്ഞ ക്രമംപോലെയും ഉപദേശംപോലെയും ആകർഷിച്ച, ബിംബ സ്ഥചിദാത്മനി ഇമം സംയോജ്യ ചിന്മാത്രം ആകല്പ്യ = ചൈതന്യസ്വ രൂപമായിരിക്കുന്ന ബിംബഹൃദയത്തുങ്കൽ യോജിപ്പിച്ച് അവിടെ ചൈത ന്യമാത്രമായി ധ്യാനിച്ച്, അതഃ നിരേച്ച, പ്രണവംകൊണ്ട് നാഡീവിച്ഛേ ദത്തേയും ചെയ്തു ആത്മാവിനേ ദേവങ്കൽനിന്ന വേർവിട്ടാക്കി ധ്യാനി പ്പൂ.

Shripuram Publications
www.shripuram.org

കൃത്വാ/ഗ്രതഃ സ്വസ്തികക്ളൃപ്തശാലീ-
ദർഭാഗ്രകൂർച്ചേ/ർച്ചിതയോഗപീഠേ
സുസംസ്കൃതം ലോഹമയം സകൂർച്ചം
ഘടം സദൂർവാക്ഷതകാഞ്ചനാദ്യം. 50

ആപൂരിതം പൂതജലേന സാവ-
കാശം സമിഷ്ടാർണ്ണസരോരുഹാദ്യം
സംപ്രാർത്ഥ്യ ദേവം മനുബിംബകേ തത്-
സമ്പാതയുഗ്മം പ്രസമർപ്പയേച്ച. 51

അഗ്രതഃ സ്വസ്തികക്ളൃപ്തശാലീദർഭാഗ്രകൂർച്ചേ = ദേവന്റെ മുമ്പിൽ സ്വസ്തികപത്മത്തിങ്കൽ നെല്ലും ഇട്ട് വിഷ്ടരം വച്ച് പീഠപൂജയും ചെയ്ത്, ലോഹമയം ഘടം സുസംസ്കൃതം = പൊന്ന്, വെള്ളി, ചെമ്പ് ഇങ്ങനെയുള്ള കലശത്തേ കമത്തി ശോഷണാദിപാത്രപൂജയും ത്രികലാന്യാസവും കുംഭാവാഹനയും ചെയ്ത്, സകൂർച്ചം സദൂർവാ/ക്ഷതകാഞ്ചനാദ്യം = കൂർച്ചന്യാസവും നവരത്നസ്വർണ്ണവും കറുകയും അക്ഷതവും ന്യസിച്ച മാനസപൂരണം ചെയ്തു, പൂതജലേന സാവകാശം ആപൂരിതം = അരിച്ച ജലദ്രോണി വെള്ളംകൊണ്ടു മുക്കാലോളം നിറച്ച്, സമിഷ്ടാർണ്ണസരോരുഹാദ്യം = ലിപിപങ്കജത്തേ പൂജിച്ച് മൂർത്ത്യാവാഹനയും തത്പൂജയും, കൃത്വാ = ചെയ്താൽ, ദേവം സംപ്രാർത്ഥ്യ = പൂർണ്ണപുഷ്പാഞ്ജലിയേ ചെയ്ത് 'നമസ്തേ സർവലോകേശ' ഇത്യാദി രണ്ടുകൊണ്ടും പ്രാർത്ഥിച്ച്, മനുബിംബകേ തത്സമ്പാതയുഗ്മം പ്രസമർപ്പയേത് = ബിംബത്തിങ്കൽ യാത്രാഹോമസമ്പാതത്തേയും വാസ്തുസമ്പാതത്തേയും സ്പർശിപ്പൂ.

'നമസ്തേ സർവലോകേശ! ഭൂതാനാമഭയപ്രദ!
ഭക്തപ്രിയ! നമസ്തേ/സ്തു പ്രസീദ ഭുവനേശ്വര!
ആഗച്ഛ ദേവദേവേശ! സർവകാരണകാരണ
നവീകരണവിദ്ധ്യർത്ഥം കുംഭേ/സ്മിൻ സന്നിധിം കുരു.'

ഇതു രണ്ടും പ്രാർത്ഥനാമന്ത്രങ്ങൾ

സ്ഥൂലം ച സൂക്ഷ്മം ച പരം ച രൂപ-
മാവാഹയേദ്വ്യുത്[4] ക്രമതശ്ച ബിംബാത്
സർവത്ര ഗായത്ര്യണുമൂലതാരൈ-
ർവൈതൈർജിനാർണാംശകൃതോപചാരൈഃ. 52

4. വ്യുത്ക്രമതോ/ണു

www.shripuram.org
Shripuram Publications
www.shripuram.org

സർവത്ര ഗായത്ര്യംണമൂലതാരൈഃ സ്ഥൂലം സൂക്ഷ്മം പരം ച = എല്ലാ ദേവന്മാരിലും ഗായത്രികൊണ്ടു സ്ഥൂലത്രയത്തേയും മൂലംകൊണ്ട് സൂക്ഷ്മത്രയത്തേയും പ്രണവംകൊണ്ട് പരത്രയത്തേയും, ബിംബാത് വ്യത്ക്രമതഃ ആവാഹയേത് = ബിംബത്തുങ്കൽനിന്ന് ഉദ്വാസനക്രമേണ ആവാഹിച്ച് കലശത്തുങ്കൽ യോജിപ്പിപ്പൂ. ജിനാർണ്ണാംശകൃതോപചാരൈഃ ഏതൈഃ വാ = വിഷ്ണ്വാദികളിൽ ഉപചാരം വേറേ ഉള്ളേടത്ത് ഉപചാരം കൊണ്ടും സ്ഥൂലാംശത്തേ ആവാഹിക്കണം.

ഹരൌ വസുദ്വാദശവർണ്ണതാരൈഃ
ഷഡർണ്ണനാദപ്രണവൈർഹരേ ച
ആവാഹയേദ്വേതി പൃഥക് സ്വമൂല-
ന്യാസാന്തമാധായ യജേച്ച കിഞ്ചിത്. 53

ഹരൌ വസുദ്വാദശവർണ്ണതാരൈഃ = വിഷ്ണുവിങ്കൽ അഷ്ടാക്ഷരം കൊണ്ട് സ്ഥൂലമൂർത്തിയേയും ദ്വാദശാക്ഷരംകൊണ്ട് സൂക്ഷ്മത്തേയും പ്രണവംകൊണ്ട് പരത്തേയും ആവാഹിക്കണം. ഷഡർണ്ണനാദപ്രണവൈഃ = ശിവങ്കൽ ഷഡക്ഷരംകൊണ്ട് സ്ഥൂലത്തേയും പ്രാസാദമന്ത്രംകൊണ്ട് സൂക്ഷ്മത്തേയും പ്രണവംകൊണ്ട് പരത്തേയും, ആവാഹയേദ്വാ = ഇപ്രകാരവും ആവാഹിക്കണം. പൃഥക്സ്വമൂലന്യാസാന്തം ആധായ കിഞ്ചിത് യജേത് = ഇവിടെ ഓരോ ആവാഹന ചെയ്താൽ മൂന്നേടത്തും വെവ്വേറെ മൂലാക്ഷരന്യാസം ചെയ്തു പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത് ഇവിടെ ശിവങ്കൽ ഗായത്രികൊണ്ടും ഉപചാരംകൊണ്ടും മൂലംകൊണ്ടും സ്ഥൂലത്രയത്തേയും മൂലംകൊണ്ടു രണ്ടു പ്രാവശ്യവും പ്രാസാദമന്ത്രംകൊണ്ട് ഒരിക്കലും സൂക്ഷ്മത്രയത്തേയും പ്രണവംകൊണ്ടുതന്നെ മൂന്നു പ്രാവശ്യം പരത്രയത്തേയും ഉദ്വസിക്ക ഉപദേശം. വിഷ്ണുവിങ്കലുപചാരം ഗായത്രിയും മൂലത്രയവും സ്ഥൂലത്രയത്തിന്ന് മൂലം രണ്ടുഴവും ദ്വാദശാക്ഷരവും സൂക്ഷ്മത്രയത്തിന് പ്രണവംതന്നെ മൂന്നുഴം പരത്രയത്തിന്. ഇങ്ങനെ എല്ലാ ദേവന്മാരിലും ഊഹിച്ചു ചെയ്യണം. സ്ഥൂലത്രയത്തേ ആവാഹിച്ചു പൂജ കഴിഞ്ഞാൽ കലാവാഹനയും സൂക്ഷ്മത്രയത്തേ ആവാഹിച്ചാൽ വിദ്യാമൂർത്തി ആവാഹനയും പരത്രയത്തേ ആവാഹിച്ചാൽ തത്ത്വാവാഹനയും കൂടെ ചെയ്യണമെന്നും ചില ആചാര്യന്മാരുടെ മതം ഉണ്ടാകയാൽ അവസ്ഥപോലെയും ഉപദേശംപോലെയും ചെയ്വൂ.

അനന്തരം ജീവോദ്വാസനയേ പറയുന്നു.

യഥാപുരം വാരി ദരേ പ്രപൂര്യ
തേന സ്വമൂലാണുസമർച്ചിതേന
തത്ത്വാന്യുദിത്വാ ഹൃദയാരവിന്ദാ-

Shripuram Publications
www.shripuram.org

ദ്ധുതക്രമേണാണുപരാണി പഞ്ച. 54

ദ്വിധാ/പി താന്യന്വിതചേതനാനി
നീത്വാ കമപ്യാത്മപദം പദാദേഃ
ആവാഹ്യ തസ്മാത് കലശസ്ഥമൂർത്തൌ
സംയോജ്യ സർവം വിധിവദ് വിദധ്യാത്. 55

ദരേ യഥാപുരം വാരി പ്രപൂര്യ = ശംഖുകഴുകിവച്ച് അതിൽ ശുദ്ധ ജലംകൊണ്ടു നിറച്ച് അഷ്ടഗന്ധത്തേക്കലക്കി പ്രണവാക്ഷരങ്ങളേക്കൊണ്ടു ശംഖിനേ പൂജിച്ച് ജലത്തിൽ പത്മമാത്രം പീഠം പൂജിച്ച് ജലത്തിൽ പത്മമാത്രം പീഠം പൂജിച്ച്, സ്വമൂലാണുസമർച്ചിതേന തേന = മൂലംകൊണ്ട് ആവാഹിച്ചു വ്യാപകാംഗം ചെയ്തു മൂലംകൊണ്ടു പൂജിച്ചാൽ ആ ശംഖിനേ രണ്ടു കൈകൊണ്ട് എടുത്തു പൂജിച്ചു ബിംബത്തിന്റെ പാദാഗ്രത്തുങ്കൽ പിടിച്ചു പ്രണവോപചാരമൂലങ്ങൾ മൂന്നരു ചൊല്ലിയാൽ, ഹുതക്രമേണ = ഹോമത്തുങ്കലേ ക്ഷേത്രപലാദിദ്വാസ്ഥാന്തവും നിർമ്മാല്യധാര്യാദിഗുർവന്തവും, തത്ത്വാനി ച ഉദിത്വാ അപി തച്ചേതനാനി ഉക്ത്വാ = മുമ്പിലും പിന്നിലും മൂലത്തോടുകൂടി പുടിതങ്ങളാക്കി ഇരിക്കുന്ന വിശേഷപഞ്ചതത്ത്വങ്ങളെ സൃഷ്ടിക്രമേണയും സംഹാരക്രമേണയും ചൊല്ലിയാൽ പ്രാണാപാനാദി ജീവമന്ത്രത്തേയും ചൊല്ലി അവിടെനിന്നും ആവാഹിച്ച്, പദാദേഃ കം ആത്മപദം നീത്വാ = പിന്നെയും പദങ്ങളുടെ ആദിയായ മൂലാധാരത്തുങ്കൽനിന്ന് ശംഖജലത്തേ ആത്മപദമാകുന്ന ഹൃദയത്തിൽകൊണ്ടുപോയി, തത്ത്വാനി ഉദിത്വാ = പ്രണവോപചാരമൂലങ്ങൾ മൂന്നു പ്രാവശ്യം സംഹാരക്രമേണ തത്ത്വങ്ങൾ ഒക്കെയും മൂലപുടിത വിശേഷപഞ്ചതത്ത്വങ്ങൾ സൃഷ്ടിസംഹാരമായിട്ടും പ്രാണാവാഹനാദി ജീവമന്ത്രം ചൊല്ലി ആവാഹിച്ച്, ഹൃദയാരവിന്ദാത് കം ആത്മപദം നീത്വാ = ഹൃദയത്തുങ്കൽനിന്നും ശംഖജലത്തേ ഭ്രൂമദ്ധ്യത്തേ നയിച്ച്, തത്ത്വാനി ഉദിത്വാ അണുപരാണി പഞ്ചതത്ത്വാനി അന്വിതചേതനാനി ച ഉക്ത്വാ = അവിടെയും പ്രണവോപചാരമൂലങ്ങളും സംഹാരക്രമേണ തത്ത്വങ്ങളും മൂലപുടിതവിശേഷപഞ്ചതത്ത്വങ്ങളും പ്രാണാപാനാദി ജീവമന്ത്രവും ചൊല്ലി ആവാഹിച്ചു ജീവതത്ത്വവും ശിവങ്കൽ ശിവതത്ത്വവും ചൊല്ലി ജീവതത്ത്വസ്യ(?) പ്രാണാപാനാദിയും ചൊല്ലി, തസ്മാത് ആവാഹ്യ കലശസ്ഥമൂർത്തൌ സംയോജ്യസർവം വിധിവത് വിദദ്ധ്യാത് = ഇങ്ങനെ മൂലാധാരഹൃദയഭ്രൂമദ്ധ്യങ്ങളിൽനിന്ന് സകല ചൈതന്യത്തേയും ശംഖജലത്തിലാവാഹിച്ചു പൂജിച്ച് ഇരിക്കുന്ന ജീവകലശത്തുങ്കൽ ജീവാദിതത്ത്വങ്ങളേ സൃഷ്ടിക്രമേണ ചൊല്ലി ജലത്തേ ഉുകാതെ കലശത്തിൽ യോജിപ്പിച്ച് ഒക്കെയും ഗുരുപദേശംപോലെ ചെയ്യണം.

www.shripuram.org
Shripuram Publications
www.shripuram.org

പ്രണവാദ്യന്തരുദ്ധൈസ്തു ബിന്ദുനാദാന്തദീപിതൈഃ
പഞ്ചബ്രഹ്മഭിരേവേശേ/ത്രാവാഹനവിധിം നയേത്. 56

അത്ര ഈശേ = ഇവിടെ ശിവങ്കൽ, ബിന്ദുനാദാന്തദീപം തൈഃ പ്രണവാദ്യന്തരുദ്ധൈഃ പഞ്ചബ്രഹ്മഭിഃ ഏവ = ഓം ഹ്രീം ഹൌം നമഃ ശിവായ ഈ ശൈവാഷ്ടാക്ഷരപുടിതമായ വിശേഷ പഞ്ചതത്ത്വങ്ങളോടുകൂടി പഞ്ചബ്രഹ്മങ്ങൾ ഓരോന്നുകൂട്ടിക്കൊണ്ട്, ആവാഹനവിധിം നയേത്. ത്രിസ്ഥാനങ്ങളിൽനിന്നും ആവാഹിക്കണം.

പ്രാണാണുവിന്യാസവിവർജ്ജമാത്മ-
ഹൃത്പംകജാന്മന്ത്രമഹോ/ഭിവാഹ്യ
സാംഗീക്രിയാദ്യം പ്രവിധായ കിഞ്ചി-
ദിഷ്ട്വാ നിവേദ്യ പ്രധിനോതു ദേവം. 57

പ്രാണാണുവിന്യാസവിവർജ്ജം = പിന്നെ കലശത്തുങ്കൽ പ്രാണന്യാസാദികൂടാതെ പ്രണവവ്യാപകതത്ത്വന്യാസങ്ങളേ ചെയ്തു്, ആത്മഹൃത്പങ്കജാത് മന്ത്രമഹഃ അഭിവാഹ്യ സാംഗീക്രിയാദ്യം പ്രവിധായ = തന്റെ ഹൃദയത്തുങ്കൽനിന്ന പ്രണവോപചാരമൂലംകൊണ്ട് ആവാഹിച്ച് വ്യാപകാംഗാദി സകളീകരിച്ച്, കിഞ്ചിദ് ഇഷ്ട്വാ നിവേദ്യ ദേവം പ്രധിനോതു = മൂലംകൊണ്ടു പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയും ചെയ്തു് ദേവനേ പ്രസാദിപ്പിപ്പൂ.

സുവാസസാ//ച്ഛാദ്യ സദർഭദാമ്നാ
സമർപ്യ യാത്രാഹുതിജാജ്യശേഷം
ഉത്ഥാപ്യ ചോത്തിഷ്ഠമനുപ്രജാപീ
സോഷ്ണീഷമൂർദ്ധോദ്ധൃതജീവകുംഭഃ. 58

സുവാസസാ സദർഭദാമ്നാ ആച്ഛാദ്യ = പിന്നെ കോടി വസ്ത്രംകൊണ്ടു കലശത്തെ മൂടി പുൽക്കയറുകൊണ്ടുകെട്ടി, യാത്രാഹുതിജാജ്യശേഷം സമർപ്യ = യാത്രാസമ്പാതത്തിന്റെയും വാസ്തുസമ്പാതത്തിന്റെയും ശേഷത്തെ കലശത്തിൽ സമർപ്പിച്ചു, സോഷ്ണീഷമൂർദ്ധാ താനും ശിരസ്സിൽ വസ്ത്രംകൊണ്ട് ഉഷ്ണീഷത്തെ കെട്ടി, ഉത്തിഷ്ഠമനുപ്രജാപീ ഉത്ഥാപ്യ = 'ഉത്തിഷ്ഠ ബ്രഹ്മണസ്പതേ' ഇത്യാദി ജപിച്ചു രണ്ടു കൈകൊണ്ട് എടുത്ത്, ഉദ്ധൃതജീവകുംഭഃ = ജീവകലശത്തെ സാവധാനമായിട്ടു ശിരസ്സിൽവയ്പൂ.

നിർഗ്ഗത്യ പര്യേത്യ ച ശാകുനാദ്യൈഃ
പ്രാസാദമേതല്ലഘുമണ്ഡപം ച
അന്തർയഥാവിദ്ധ്യുപനീയ ശയ്യാ-

www.shripuram.org
Shripuram Publications
www.shripuram.org

മാരോപ്യ മൂലേന സമർച്യ രക്ഷേത. 59

നിർഗ്ഗത്യ ശാകുനാദ്യൈഃ ഏതത് പ്രാസാദം ലഘുമണ്ഡപം ച പര്യേത്യ = അവിടെനിന്നും വിളക്കും വാദ്യഘോഷവും മുമ്പായി കലശത്തെ എടുത്തു പുറപ്പെട്ട് കനിക്രദത്സ്വസ്തി സൂക്തങ്ങളെ ജപിച്ച് ഈ പ്രാസാദത്തേയും അല്പാലയത്തുങ്കലേ അധിവാസമണ്ഡപത്തേയും പ്രദക്ഷിണംവച്ച്, യഥാവിധി അന്തഃ ഉപനീയ = ബിംബത്തുങ്കൽ പറഞ്ഞപ്രകാരം തന്മന്ത്രങ്ങളേക്കൊണ്ടു മണ്ഡപത്തിൽ എഴുന്നള്ളിച്ച്, ശയ്യാം ആരോപ്യ = ശയ്യയിങ്കൽ അല്പബിംബം പാർശ്വത്തുങ്കൽ വച്ച്, മൂലേന സമർച്ച്യ രക്ഷേത് = അർഘ്യം കൊട്ടുത്ത് മൂലംകൊണ്ട് പൂജിച്ചു രക്ഷിപ്പൂ.

അനന്തരം ബിംബോദ്ധാരത്തെ പറയുന്നു.

ബിംബോദ്ധാരവിധൌ സശാന്തികലശം കൃത്വാ/ഗ്രതഃ പാവകം
സാവിത്ര്യാ/ഷ്ടസഹസ്രമത്ര ജുഹുയാദ് ദൂർവാസ്ത്രിമദ്ധ്വാപ്ലുതാഃ
ഭ്രരാദ്യൈരപി വാ പയോദ്രുസമിധഃ സമ്പാതമേതദ്ഘടേ
സിഞ്ചേത് പഞ്ചഭിരഷ്ടശശ്ച ജുഹുയാത് തത്ത്വൈഃ സസമ്പാതകം. 60

ബിംബോദ്ധാരവിധൌ = ബിംബത്തേ എടുക്കുന്ന പ്രകാരത്തുങ്കൽ, അഗ്രതഃ സശാന്തികലശം പാവകം കൃത്വാ = ദേവന്റെ മുമ്പിൽ ഒരെടത്തു കീറിത്തീയുമിട്ട് ഹോമം തുടങ്ങി പരിധിക്കു മുമ്പിൽ 'ശന്നോ ദേവി' കൊണ്ടുതാൻ മൂലംകൊണ്ടുതാൻ ഒരു കലശത്തേ പൂജിച്ച് പരിധി വയ്ക്കു തുടങ്ങി മൂലാഷ്ടാജ്യാഹുത്യന്തം ചെയ്താൽ, ത്രിമദ്ധ്വാപ്ലുതാഃ ദൂർവാഃ സാവിത്ര്യാ അഷ്ടസഹസ്രം ജുഹുയാത് = ത്രിമധുരത്തിൽ മുക്കിയ കറുകകളേ 'തത്സവിതുർവരേണ്യം' ഇത്യാദി ഗായത്രികൊണ്ട് ആയിരത്തെട്ട് ഉരു ഹോമിപ്പൂ. ഭ്രരാദ്യൈഃ പയോദ്രുസമിധഃ അപി വാ ജുഹുയുഃ = പിന്നെ വ്യാഹൃതികൊണ്ട് നാല്പാമരങ്ങളുടെ ചമതകളെ നൂറ്റെട്ടീതു ഹോമിക്കിലുമാം. അതു കൂടാതെയുമാം. സമ്പാതം ഏതദ് ഘടേ സിഞ്ചേത് = ഈ സമ്പാതത്തേ ശാന്തികലശത്തിൽ സ്പർശിപ്പൂ. പഞ്ചഭിഃ തത്ത്വൈഃ അഷ്ടശഃ ച സസമ്പാതകം ജുഹുയാത് = പിന്നെ സംഹാരക്രമേണ പഞ്ചതത്ത്വങ്ങളേക്കൊണ്ട് വെവ്വേറെ എട്ടെട്ടീതു ഉരു ആജ്യാഹുതികളേ ചെയ്ത് സമ്പാതത്തേ വേറെവെച്ച് സ്വിഷ്ടകൃദാദി ഹോമം മുടിപ്പൂ.

സംഹാരക്രമതഃ സ്വതത്ത്വമനുഭിർഹോമേ സുക്ലപ്തേ/മുനാ
സിക്ത്വാ ശാന്തിഘടേന പായസനിവേദ്യാദ്യം പ്രകുർവ്വീത വാ
സിക്ത്വാ തത്ത്വഘടേന ജീവകലശേ പ്രോദ്വാസ്യ നീത്വാ ബഹി-
ർദേവം ബിംബസമുദ്ധൃതിം വിതനുയാദ്വാ//സിച്യ ശാന്ത്യംഭസാ. 61

Shripuram Publications
www.shripuram.org

സ്വതത്ത്വമനുഭിഃ സംഹാരക്രമതഃ ഹോമേ സുക്ലപ്തേ മുമ്പിൽ സം

ഹാരതത്ത്വഹോമത്തുങ്കൽ സംഹാരഹോമം ചെയ്ത് അകത്തുപോയാൽ, അമുനാ ശാന്തിഘടേന സിക്ത്വാ പായസ നിവേദ്യാദ്യം പ്രകുർവീത വാ = ഈ ദൂർവാശാന്തിഹോമത്തിന്റെ കലശംകൊണ്ടു ദേവനേ അഭിഷേകം ചെയ്തു പായസം നിവേദിച്ചു സ്വിഷ്ടകൃദാദി തത്ത്വഹോമത്തേ ചെയ്കിലുമാം. തത്ത്വഘടേന സിക്ത്വാ ജീവകലശേ പ്രോദ്വാസ്യ ദേവം ബഹിഃ നീത്വാ - പിന്നെ സംഹാരതത്ത്വകലശത്തേ ആടി ജീവകലശത്തിൽ ഉദ്വസിച്ച ദേവനേ പുറത്തുകൊണ്ടുപോയി ശയ്യയിങ്കൽ എഴുന്നള്ളിച്ച്, ശാന്ത്യംഭസാ ആസിച്യബിംബസമുദ്ധൃതിം വിതനുയാദ് വാ = ഇപ്പോൾ തന്നെ ദൂർവാശാന്തികലശത്തേ ആടി ബിംബോദ്ധാരത്തേ ചെയ്‌വൂ. ഇങ്ങനെ രണ്ടു പ്രകാരവും പക്ഷമുണ്ട്.

അഥോജ്ജിഹീർഷുഃ പ്രതിമാം വിശീർണ്ണാ-
മാചാര്യവര്യഃ പ്രണിപത്യ ദേവം
വിപ്രോത്തമൈസ്തത്ര പുരഃസ്ഥിതഃ സൻ
പ്രവാചയേച്ഛാന്തിമനന്യചേതാഃ. 62

അഥ വിശീർണ്ണാം പ്രതിമാം ഉജ്ജിഹീർഷുഃ ആചര്യവര്യഃ = പിന്നെ ജീർണ്ണമായിരിക്കുന്ന ബിംബത്തേ എടുപ്പാൻ ഇച്ഛയോടുകൂടിയ ആചാര്യൻ, ദേവം പ്രണിപത്യ = നടയിൽചെന്നു ദേവനേ നമസ്കരിച്ച്, വിപ്രോത്തമൈഃ സഹ തത്ര പുരഃ സ്ഥിതഃ സൻ = മുഖ്യന്മാരായിരിക്കുന്ന നാലു ബ്രാഹ്മണരോടുംകൂടി പ്രാസാദത്തിന്റെ ദ്വാരത്തുങ്കൽനിന്ന്, അനന്യചേതാഃ ശാന്തിം പ്രവാചയേത് = ഏകാഗ്രമനസ്സായിട്ടു ശാന്തിവാചകത്തെ ചൊല്ലൂ.

'ശാന്തിരസ്തു ശിവം ചാസ്തു പുഷ്ടിരസ്തു സുമംഗലം
സ്വസ്തി ചാസ്തു സമൃദ്ധ്യസ്തു സർവേഷാം സന്തു സമ്പദഃ. 63

ഗോബ്രാഹ്മണേഭ്യഃ ക്ഷത്രേഭ്യോ വിട്ച്ഛൂദ്രേഭ്യസ്തഥൈവ ച
ലോകേഭ്യഃ സർവ്വഭൂതേഭ്യോ രാജ്ഞേ ജനപദായ ച. 64

ഗ്രാമായ യജമാനായ ഗുരവെ/സ്മൈ ഗൃഹായ ച
ബിംബോദ്ധാരവിധേരസ്തു സാകല്യമിഹ സർവദാ.' 65

ഇതു മൂന്നും ശാന്തി പാഠമന്ത്രങ്ങൾ.

ഗർഭാഗാരമഥ പ്രവിശ്യ വിധിവത് പുണ്യാഹകൃത് കൌതുകം
ബധ്വാ സ്വസ്യ സകർത്തൃമൂർത്തിപജനസ്യാരക്ഷ്യ സർവാൻ ഗുരുഃ
പുഷ്പൈഃ സംഹൃതിപഞ്ചതത്ത്വഹുതസമ്പാതാന്വിതൈർവാസനാ-

Shripuram Publications
www.shripuram.org

ശക്തിം ഭാസ്കരമണ്ഡലേ പ്രണവതഃ പ്രോദ്വാസയേത്തദ്ഗതാം. 66

അഥ ഗർഭാഗാരം പ്രവിശ്യ = പിന്നെ എല്ലാവരുമൊരുമിച്ച ഗർഭഗൃഹത്തുങ്കൽചെന്ന്, പുണ്യാഹകൃത് സ്വസ്യ സകർത്തൃമൂർത്തിപജനസ്യ കൌതുകം ബധ്വാ = കാപ്പുകെട്ടുവാൻ ആറു കൂട്ടമുണ്ടാക്കി പുണ്യാഹജലത്തിൽ ഇട്ട് പുണ്യാഹം തളിച്ച് തനിക്കും പരികർമ്മികൾക്കും യജമാനനും കാപ്പിനേ ജപിച്ചു കെട്ടി, ഗുരുഃ സർവാൻ ആരക്ഷ്യ = ആചാര്യൻ എല്ലാവരേയും അസ്ത്രജപ്തമായ കടുകിനെ കൊടുത്തു രക്ഷിച്ച്, സംഹൃതി പഞ്ചതത്ത്വഹൃതസമ്പാതാന്വിതൈഃ പുഷ്പൈഃ തദ്ഗതാം വാസനാശക്തിം ഭാസ്കരമണ്ഡലേ പ്രോദ്വാസയേത് = സംഹാരപഞ്ചതത്ത്വസമ്പാതത്തോട്ടുകൂടിയ പുഷ്പങ്ങളേക്കൊണ്ടു ബിംബത്തുങ്കൽ ശേഷമുള്ള വാസനാശക്തിയേ ഉദ്വസിച്ച് ആദിത്യമണ്ഡലത്തുങ്കൽ യോജിപ്പിപ്പൂ.

ഉച്ഛ്വഞ്ചസ്വേത്യാദികം നാസദാദ്യം
സൂക്തം ചാപ്യാതേപിതഃ പൂർവകം ച
പുംസൂക്താദീൻ മൂലമന്ത്രാദികം ച
മന്ത്രീ തത്രാവർത്തയേന്മൂർത്തിപാലൈഃ 67

തത്ര മന്ത്രീ മൂർത്തിപാലൈഃ സഹ = അവിടെ ആചാര്യൻ പരികർമ്മികളോട്ടുംകൂടി നിന്ന്, ഉച്ഛ്വഞ്ചസ്വേത്യാദികം നാസദാദ്യം സൂക്തം = 'ഉച്ഛ്വഞ്ചസ്വ പൃഥിവിമാ' ഇത്യാദി വർക്കവും 'നാസദാസീദി'ത്യാദി സൂക്തവും, ആതേപിതഃ പൂർവ്വകം = 'ആതേ പിതർമ്മരുതാം' ഇത്യാദി സൂക്തവും, പുംസൂക്താദീൻ = പുരുഷസൂക്തം തന്റെ തന്റെ സൂക്തം ഇത്യാദിയും, മൂലമന്ത്രാദികം ച ആവർത്തയേത് = മൂലം ഉപചാരം ഗായത്രി ഈ മന്ത്രങ്ങളെ ആവർത്തിച്ച് എല്ലാവരും ജപിപ്പൂ.

സൌവർണ്ണലാംഗലമുഖേന വിദാര്യ പീഠ-
ബന്ധം സുബദ്ധ്യ പശുബാലകുശാദിരജ്വാം
പ്രോദ്ധാരയേൽ സുകലിതേന വൃഷേണ ബിംബം
തദ്യോഗ്യമന്ത്രകൃതസാവയവീക്രിയാദ്യഃ. 68

തദ്യോഗ്യമന്ത്രകൃതസാവയവീക്രിയാദ്യഃ = ബിംബത്തെ സ്ഥിരീകരിപ്പാൻ യോഗ്യമായിരിക്കുന്ന അവരവരുടെ നിർമ്മാല്യധാരി മന്ത്രംകൊണ്ടു ദേഹത്തുങ്കൽ വ്യാപകാംഗാദിയേച്ചെയ്തു തത്സ്വരൂപത്തെ ധ്യാനിച്ച്, സൌവർണ്ണലാംഗലമുഖേന പീഠബന്ധം വിദാര്യ = സ്വർണ്ണശലാകാഗ്രംകൊണ്ടു അഷ്ടബന്ധത്തെ ഇളക്കി പീഠവും ബിംബവും വേറേ ആക്കി, പശുബാലകുശാദിരജ്വാ സുബദ്ധ്യ = പശുവിന്റെ ബാലാഗ്രരോമവും പുല്ലുംകൂടി പിരിച്ച കയറുകൊണ്ടു ബിംബത്തേൽ കെട്ടി, സുകലി

www.shripuram.org
Shripuram Publications
www.shripuram.org

തേന വൃഷേണ ബിംബം പ്രോദ്ധാരയേത് = ഈ പുൽക്കയറിന്റെ മറ്റേ അഗ്രം കാളയുടെ കഴുത്തിൽകെട്ടി ആ കാളയെക്കൊണ്ടു ബിംബത്തെ എടുപ്പിപ്പൂ.

പീഠികാബന്ധവിശ്ലേഷ സ്വസ്വമൂലമന്ത്രർമന്ത്രഃ
വ്യാഹൃതിത്രയതാരാത്മാ തതോ ബിംബസമുദ്ധൃതൌ. 69

പീഠികാബന്ധവിശ്ലേഷേ മന്ത്രഃ = സ്വസ്വമൂലപീഠവും ബിംബവും തമ്മിൽ വേർപെട്ട് ആകുമ്പോൾ തന്റെ മൂലമന്ത്രങ്ങൾ ജപിക്കണം. തതഃ ബിംബസമുദ്ധൃതൌ വ്യാഹൃതിത്രയതാരാത്മാ മന്ത്രഃ = ബിംബം എടുക്കുമ്പോൾ ഓം ഭൂഃ ഓം ഭുവഃ ഓം സ്വഃ ഈ വ്യാഹൃതി മൂന്നും ജപിപ്പൂ.

പീഠേ യാമ്യശിരസ്ഥമത്ര വിനിധാ-
യ ക്ഷാളയിത്വാ മനാ-
ഗിഷ്ട്വോദ്വാസ്യ ച വാസനാം വസനസം-
വീതം ശിരഃപൂർവകം
നീത്വാ ന്യസ്യ ബഹിഃ സദർഭസികതേ
തദ്യാമ്യദൃക്സ്ഥണ്ഡിലേ[5]
വാമീകൃത്യ തിലാക്ഷതാനി വികിരൻ
പര്യേത്യ ബിംബം ത്രിധാ. 70

അത്ര പീഠേ യാമ്യശിരസ്ഥം വിനിധായ = ബിംബത്തേ ആ പീഠത്തിങ്കൽ തെക്കോട്ടു ശിരസ്സവരുമാറു കിടത്തി, മനാക് ക്ഷാളയിത്വാ = അല്പം വെള്ളംകൊണ്ടു ബിംബത്തെ കഴുകി, ഇഷ്ട്വാ വാസനാം ഉദ്വാസ്യ = ജലഗന്ധപുഷ്പങ്ങളേക്കൊണ്ടു ബിംബത്തെ പൂജിച്ച് പിന്നെയും സമ്പാതയുക്തമായ പുഷ്പംകൊണ്ട് വാസനാശക്തിയേ സൂര്യങ്കൽ യോജിപ്പിച്ച്, വസനസംവീതം ശിരഃപൂർവ്വകം ബഹിഃ നീത്വാ = പിന്നെ കോടിവസ്ത്രംകൊണ്ടും പുൽക്കയറുകൊണ്ടും കെട്ടി ശിരസ്സ മുമ്പായിട്ട് എടുത്തുകൊണ്ടു വന്നാൽ, സദർഭസികതേ തദ്യാമ്യദൃക്സ്ഥണ്ഡിലേ ന്യസ്യ = തെക്കഭാഗത്ത് മാതൃക്കല്ലിന്റെ പടിഞ്ഞാറ് തളിച്ചു മെഴുകി പുല്ലും മണലും വിരിച്ചാൽ അവിടെ തെക്ക തലയായിട്ടു വയ്പൂ. വാമീകൃത്യ തിലാക്ഷതാനി വികിരൻ ത്രിധാ പര്യേത്യ = പിന്നെ എടുത്തിട്ട് എള്ളും അക്ഷതവും കൂടിയതിനേ കൈയിൽ എടുത്തു ബിംബത്തിന്റെ ചുറ്റും എടുത്തു പ്രദക്ഷിണമായി വിതറി മൂന്നു പ്രദക്ഷിണത്തേ എല്ലാവരും വയ്പൂ.

വിസൃജ്യ വസ്ത്രാദ്യഭിഷിച്യ കിഞ്ചനോ-

5. ദിക്സ്ഥണ്ഡിലേ

www.shripuram.org
Shripuram Publications
www.shripuram.org

പഹൃത്യ തത്സ്ഥാമപി ശേഷവാസനാം
രവൌ സമുദ്വാസ്യ സുവേഷ്ട്യ വാസസാ
കുശൈശ്ച നദ്യാദിജലാശയം നയേത്. 71

വസ്ത്രാദി വിസൃജ്യ അഭിഷിച്യ = പിന്നെ മൂടിയ വസ്ത്രമാലാദികളെ എടുത്ത് അഭിഷേകത്തേച്ചെയ്യ്, കിഞ്ചന ഉപഹൃത്യ = കുറഞ്ഞൊന്നു ജലഗന്ധാദികളേക്കൊണ്ടു പൂജിച്ച്, തത്സ്ഥാം ശേഷവാസനാം അപി രവൌ സമുദ്വാസ്യ = പിന്നെയും പുഷ്പങ്ങളേക്കൊണ്ട് ബിംബത്തുങ്കലേ വാസനാശേഷത്തെ ആദിത്യങ്കൽ ഉദ്വസിച്ച്, വാസസാ കുശൈഃ സുവേഷ്ട്യാ = വസ്ത്രം കൊണ്ടുമൂടി പുൽക്കയറുകൊണ്ടു കെട്ടി, നദ്യാദിജലാശയം നയേത് = നദി തുടങ്ങിയുള്ളേടത്തു ബിംബത്തേ വാദ്യഘോഷത്തോടു കൂടി എഴുന്നള്ളിപ്പൂ.

തത്രാഗാധേ പാഥസി സ്വിഷ്ടപീഠേ
വിഷക്സേനാദ്യം സ്വനിർമ്മാല്യഭാജം
തന്മന്ത്രേണാവാഹ്യ സംപൂജ്യ യജ്വാ
തത്സാത്കൃത്യ പ്രക്ഷിപേദ് ബിംബമപ്സു. 72

തത്ര അഗാധേ പാഥസി = ആ നദിയിങ്കൽ അഗാധജലത്തുങ്കൽ, യജ്വാ സ്വിഷ്ടപീഠേ വിഷ്വക്സേനാദ്യം സ്വനിർമ്മാല്യഭാജം തന്മന്ത്രേണ ആവാഹ്യ = ആചാര്യൻ പീഠത്തെ പൂജിച്ച് വിഷ്വക്സേനൻ തുടങ്ങിയുള്ള തന്റെ നിർമ്മാല്യധാരിയെ തന്മന്ത്രംകൊണ്ട് ആവാഹിച്ച്, സംപൂജ്യ = നിവേദ്യത്തോളം പൂജിച്ച്, തത്സാത്കൃത്യ ബിംബം അപ്സു പ്രക്ഷിപേത് = നിർമ്മാല്യധാരിക്ക് അധീനമാക്കി ബിംബത്തേ വെള്ളത്തിൽ താഴ്ത്തി ഇട്ടേപ്പൂ.

സ്നാത്വാ/ത്ര കർത്ത്രാ സഹ തർപ്പയേച്ച
സ്വമൂലമന്ത്രേണ യഥാവിധാനം
പ്രാചീനപീഠാദ്യപനീയ മൂല-
വേശ്മാഭിരക്ഷ്യാരചയേച്ച സർവം. 73

അത്ര കർത്ത്രാ സഹ സ്നാത്വാ = അവിടെ യജമാനനോടുകൂടി ആചാര്യൻ കുളിച്ച്, സ്വമൂലമന്ത്രേണ യഥാവിധാനം തർപ്പയേത് ച = എടുത്തിട്ട് മൂലമന്ത്രംകൊണ്ട് ആവർത്തിച്ചും പീഠപൂജാദി പരിവാരമന്ത്രംകൊണ്ടും ഓരോ പ്രാവശ്യം തർപ്പിപ്പൂ. പ്രാചീനപീഠാദി അപനീയ മൂലവേശ്മ അഭിരക്ഷ്യ സർവം ആരചയേത് = പിന്നെ ബിംബത്തോടുകൂടിയുള്ള പീഠം നപുംസകശില ബലിക്കല്ലുകൾ ഇത്യാദി ജീർണ്ണത്തേ ഒക്കെയും വെ

www.shripuram.org
Shripuram Publications
www.shripuram.org

ള്ളത്തിൽ കൊണ്ടുപോയി സ്ഥാപിച്ച് മൂലപ്രാസാദത്തേ അശ്ശുദ്ധികൾ വരാതെ സൂക്ഷിച്ച് പണികൾ വേണ്ടുന്നതിനേ ഒക്കെയും ചെയ്യിപ്പൂ.

അഥാധിവാസ്യോക്തവദല്പബിംബം
ഹുത്വാ തഥാ/ഭ്യർച്ച്യ സജീവകുംഭം
സമണ്ഡലം തത്പരിതോ ബലിം ച
കൃത്വാ പ്രസന്നാപചിതിം ച കുര്യാത്. 74

അഥ അല്പബിംബം സജീവകുംഭം ഉക്തവദ് അധിവാസ്യ = പിന്നെ രാത്രിയിൽ ബാലബിംബത്തേയും ജീവകലശത്തേയും പറഞ്ഞപോലെ ധ്യാനാധിവാസത്തേ ചെയ്ത് തഥാ ഹുത്വാ സമണ്ഡലം അഭ്യർച്യ = അ പ്രകാരം ശിരസ്തത്ത്വഹോമവും അധിവാസ ഹോമാദി ഒക്കയും ചെയ്ത് മണ്ഡലപൂജയും ചെയ്താൽ, തത്പരിതഃ ബലിം കൃത്വാ പ്രസന്നാപചിതിം ച കുര്യാത് = ഗോദോഹനാദിയും പായസം നിവേദിച്ച ബലിയും പ്രസന്നപൂജയും ചെയ്‌വൂ.

അഥാല്പഗേഹേ സുവിശോധിതേ/ല്പ-
പീഠം ച സംശോദ്ധ്യ തഥാ/ധിവാസ്യ
സംരക്ഷസ്യ ഗത്വാ/ഭിഘടം നിഷദ്യ
തദ്രാത്രിശേഷം ഗമയേദ് വിനിദ്രഃ. 75

അഥ അല്പഗേഹേ സുവിശോധിതേ = അനന്തരം അല്പപ്രാസാദ ത്തിന്റെ ശുദ്ധികളേ ചെയ്ത്, അല്പപീഠം ച സംശോദ്ധ്യ = പീഠത്തിന്റെ ശുദ്ധികളും ചെയ്ത്, തഥാ അധിവാസ്യ സംരക്ഷ്യ = അപ്രകാരം പ്രാസാദ പീഠങ്ങളേ അധിവസിച്ച് വസ്ത്രംകൊണ്ടു മൂടി രക്ഷിച്ച്, ഗത്വാ അഭിഘടം നിഷദ്യ വിനിദ്രഃ തദ്രാതിശേഷം ഗമയേത് = മണ്ഡപത്തിൽ ജീവകലശ ത്തിന്റെ അടുക്കൽ വന്നിരുന്ന് ഉറങ്ങാതെ രാത്രിശേഷത്തേ കഴിപ്പൂ.

കൃത്വാ വിധിം സാംപ്രതികം പ്രഭാതേ
നാന്ദീമുഖാദിക്രമതോ/ല്പഗേഹേ
പീഠം പ്രതിഷ്ഠാപ്യ തതോ/ർച്ചയിത്വാ
സംരക്ഷ്യ തന്മണ്ഡപമഭ്യുപേത്യ. 76

പ്രഭാതേ സാംപ്രതികം വിധിം കൃത്വാ = പിറ്റേ ദിവസം നേരത്തേ ആചാര്യൻ സന്ധ്യാവന്ദനാദി നിത്യകർമ്മത്തെച്ചെയ്ത്, അല്പഗേഹേ നാന്ദീമുഖാദിക്രമതഃ പീഠം പ്രതിഷ്ഠാപ്യ = അല്പപ്രാസാദത്തുങ്കൽ മുഷ്ട്യാ ദിശോധനയും പ്രാസാദപ്രതിഷ്ഠയും ചെയ്ത അകത്തു ചെന്ന് ഗുരുഗണപ തിപൂജയും നാന്ദീമുഖപുണ്യാഹവും ചെയ്ത് നപുംസകശിലാസ്ഥാനത്തു

www.shripuram.org
Shripuram Publications
www.shripuram.org

സ്വർണ്ണം ന്യസിച്ച് പീഠപ്രതിഷ്ഠയേ പറഞ്ഞപോലെ ചെയ്ത്, തതഃ അർച്ചയിത്വാ സംരക്ഷ്യ = പീഠത്തുങ്കൽ പൂജകളൊക്കെയും ചെയ്ത മൂടി രക്ഷിച്ച്, തന്മണ്ഡപം അഭ്യുപേത്യ = പിന്നെ മണ്ഡപത്തിൽ വന്നാൽ ജീവകലശത്തേ പൂജിച്ച് വിദ്യേശ്വരഘടാഭിഷേകം ചെയ്ത് പൂജിപ്പൂ.

ഉദ്വാസ്യ ബിംബേ മഹിതേഽഖിലം ത-
ന്നീത്വോക്തവദ് ബിംബഘടക്രമേണ
കൃത്വാ പരാവാഹനപൂജനാദ്യം
ബിംബം പ്രതിഷ്ഠാപയദുക്തനീത്യാ. 77

മഹിതേ ബിംബേ അഖിലം ഉദ്വാസ്യ = പൂജിച്ചിരിക്കുന്ന ബിംബത്തുങ്കൽ ധ്വജതോരണാദി ഒക്കെയും ഉദ്വസിച്ച്, ഉക്തവദ് ബിംബഘടക്രമേണ നീത്വാ = പറഞ്ഞപോലെ ഒക്കെയും അല്പബിംബത്തിന്റെ പുറകിൽ ജീവകലശവുംകൂടി എല്ലാം അകത്ത് എഴുന്നള്ളിച്ച് ഭദ്രപീഠാദികൾ വച്ച്, പരാവാഹനപൂജനാദ്യം കൃത്വാ ഉക്തനീത്യാ ബിംബം പ്രതിഷ്ഠാപയതു = പരാവാഹന തുടങ്ങി ഒക്കെയും പറഞ്ഞപോലെ ചെയ്ത് ബിംബത്തേ മുഹൂർത്ത സമയത്ത് പ്രതിഷ്ഠിപ്പൂ.

നിദ്രാഘടസ്നപനപശ്ചിമമത്ര കൃത്വാ
സംപ്രാർത്ഥ്യ സാധു ഭഗവന്നിതി സന്നതാത്മാ
ജീവാഭിവാഹനവിധൌ കലശേന തേന
സിഞ്ചേത് തദർഹമനുവിന്യസനം ച കുര്യാത്. 78

അത്ര നിദ്രാഘടസ്നപനപശ്ചിമം കൃത്വാ = ബിംബത്തുങ്കൽ അഷ്ടഗന്ധം കൂടാതെ നിദ്രാകലശം ആടിക്കഴിവോളം ചെയ്ത്, സന്നതാത്മാ ഭഗവൻ! ഇതി സാധു സംപ്രാർത്ഥ്യ = ജീവകലശസ്ഥിതനായ ദേവനോട്ട നമസ്കരിച്ച് 'ഭഗവന്നല്പഗേഹേഽസ്മിൻ' ഇത്യാദി രണ്ടുകൊണ്ടും വഴിപോലെ പ്രാർത്ഥിച്ച്, ജീവാഭിവാഹനവിധൌ തേന കലശേന സിഞ്ചേത് = ജീവാവാഹനസ്ഥാനത്തു ജീവകലശമെടുത്ത് ജീവാവാഹനമന്ത്രം ജപിച്ച് അഭിഷേകത്തെച്ചെയ്‌വൂ. തദർഹമനുവിന്യസനം ച കുര്യാത് = പിന്നെ പ്രണവവ്യാപകാദിചെയ്ത് പ്രണവന്യാസവും പുര്യഷ്ടന്യാസവും ലിപിതത്ത്വാദിയും ന്യസിച്ചു പൂജിപ്പൂ.

'ഭഗവന്നല്പഗേഹേഽസ്മിൻ വാസഃ ക്ലേശോഽപി തേ ഹരേ!
വസ്തവ്യോ ഭഗവംസ്താവദ്യാവദ് ഗേഹം സമാപ്യതേ. 79

കാരകസ്യ പരാമൃദ്ധിമനുജ്ഞാനന്മഹോദയാം
ഭക്താനാമനുകമ്പാർത്ഥമിഹ ത്വം സ്ഥാതുമർഹസി.' 80

www.shripuram.org
Shripuram Publications
www.shripuram.org

ഇതു രണ്ടുമിവിടെ പറഞ്ഞ പ്രാർത്ഥനകൾ

ഹരൌ ഗേഹവിധാവേവം മന്തരന്യേഷ്വിഹോന്നയേത്
തത്തദ്ദൈവതബിംബാദിസമീപ്സിതപദാന്വയം. 81

ഹരൌ ഗേഹവിധൌ ഏവം മന്തഃ = വിഷ്ണുവിങ്കൽ ഗൃഹനിർമ്മാണത്തിങ്കൽ ഈവണ്ണം പ്രാർത്ഥനകൾ, അന്യേഷു ഇഹ = മറ്റുള്ള ദേവന്മാരിൽ ഇവിടെ, തത്തദ്ദൈവതബിംബാദിസമീപ്സിതപദാന്വയം = അതാതു ദേവന്മാരുടെ നാമവും പണിയുടെ പ്രകാരാന്തരവും കൂടി, മന്തഃ ഉന്നയേത് = പ്രാർത്ഥനാമന്ത്രത്തേ ഊഹിച്ചുകൊള്ളണം.

സ്ഥൂലാഭിവാഹനപുരസ്സരമന്ത്ര സർവം
നിർവർത്യ ദേവമഭിപൂജ്യ ചരും നിവേദ്യ
ദത്ത്വാ ബലിം പരിഷദാം പരിതോഷ്യ ദേവം
ദ്വാരം പിധായ ഗമയേൽ ത്രിദിനം പുരോവത്. 82

അത്ര സ്ഥൂലാഭിവാഹനപുരസ്സരം സർവം നിർവർത്യ = പിന്നെ സ്ഥൂലാവാഹന തുടങ്ങി പായസനിവേദ്യാന്തം ചെയ്ത്, ദേവം അഭിപൂജ്യ ചരും നിവേദ്യ = നിത്യപൂജയും ചെയ്ത് ബഹുനിവേദ്യത്തേ നിവേദിച്ച്, പരിഷദാം ബലിം ദത്ത്വാ = പരിവാരങ്ങൾക്ക് ബലിയും തൂകി, ദേവം പരിതോഷ്യ = നട തുറന്ന് പ്രസന്നപൂജയും ചെയ്തു, പുരോവത് ദ്വാരം പിധായ ത്രിദിനം ഗമയേത് = മുമ്പിൽ പറഞ്ഞപോലെ ഒക്കയും ചെയ്ത് നടയുമടച്ച് മൂന്നു ദിവസം നടയിൽ പൂജിച്ച് പരിവാരപ്രതിഷ്ഠാദികളും ചെയ്തുകൊള്ളൂ.

ചാതുർത്ഥികസ്നപനയാഗമഹോത്സവാദ്യാ
മൂലോദിതം ച സകലം സമമാദധീത
ബാലാലയന്യസനകർമ നപുംസകാശ്മ-
രത്നോപധാനരഹിതം[6] വിഹിതം തദേതത്. 83

ചാതുർത്ഥികസ്നപനയാഗമഹോത്സവാദ്യം മൂലോദിതം സകലം സമം ആദധീതച = പിന്നെ ഈ ബിംബത്തിങ്കൽ ചതുർത്ഥസ്നാനവും ഉത്സവവും നിത്യപൂജയും മൂലാലയത്തിങ്കലേപ്പോലെ തന്നെ ചെയ്യണം. തദ് ഏതദ് ബാലാലയന്യസനകർമ്മ = ഈ ബാലാലയത്തിങ്കലേ പ്രതിഷ്ഠയുടെ ക്രിയ, നപുംസകാശ്മരത്നോപധാനരഹിതം വിഹിതം = നപുംസകശിലയും രത്നന്യാസവും കൂടാതെതന്നെ പറയപ്പെട്ടിരിക്കുന്നു.

Shripuram Publications

6. ഗേഹോപധാനരഹിതം

www.shripuram.org

തദ്ബിംബേ രചിതേ സമഗ്രഗുണസമ്പന്നേ സപീഠാദികേ
പ്രത്യാസീദതി ച പ്രതിശ്രുതമുഹൂർത്തേ ബീജവാപാദികം
കൃത്വാ വാ പരിഗൃഹ്യ കാരുകരതോ ബിംബം ജലേ വാസയേത്
തത്പ്രാസാദവിശോധനം ച തനയാത് പുണ്യാഹകർമ്മാന്തിമം. 84

സമഗ്രഗുണസമ്പന്നേ സപീഠാദികേ തദ് ബിംബേ രചിതേ = മുമ്പി ലത്തേപ്പോലെ സകലലക്ഷണങ്ങളോടുംകൂടി പീഠവും ബിംബവും പ്രാസാദവും ഉണ്ടാക്കിയാൽ, പ്രതിശ്രുതമുഹൂർത്തേ പ്രത്യാദീദതി ച = മുമ്പ് എളങ്കോവിൽ കൊള്ളുമ്പോൾ പ്രതിജ്ഞചെയ്തു ഇരിക്കുന്ന മുഹൂർത്തവും അടുത്തുവന്നാൽ, ബീജവാപാദികം കൃത്വാ = മൂലാലയത്തുങ്കൽ മുളയുമിട്ട്, കാരുകരതഃ ബിംബം പരിഗൃഹ്യജലേ വാസയേത് = ശില്പിയുടെ കൈയിൽനിന്ന് നേത്രോല്ലേഖനാദി ചെയ്തു ബിംബത്തേ പ്രതിഗ്രഹിച്ച് തച്ഛോധനകളും ചെയ്തു ജലാധിവാസത്തേയും ചെയ്വൂ. പുണ്യാഹകർമ്മാന്തിമം സംപ്രാർത്ഥ്യ തത് പ്രാസാദവിശോധനം ച തനയാത് = വാസ്തുപുണ്യാഹം കഴിവോളമുള്ള പ്രാസാദശുദ്ധികളേയും ചെയ്വൂ.

ഉദ്ധൃത്യോദകതോഽഭിഷിച്യ കലശൈഃ സ്വൈർബിംബമഗ്രാഹിതേ
സമ്യക് സംസ്കൃതമണ്ഡപേഽധിശയനം സംവേശ്യ തത്പാർശ്വതഃ
വിന്യസ്യേത് പരിശോധിതാല്പനിലയപ്രാക്സ്ഥാപിതാർച്ചാസ്ഥിതം
ദേവം പ്രാർത്ഥ്യ ഘടേഽഭിവാഹ്യ വിധയാ സൂത്രച്ഛിദാസൂക്തയാ. 85

ഉദകതഃ ഉദ്ധൃത്യസ്വൈഃ കലശൈഃ ബിംബം അഭിഷിച്യ = പിന്നെ ജലത്തുങ്കൽനിന്ന് ബിംബത്തേ എടുത്ത് പൂജിച്ചു ഇരിക്കുന്ന ബിംബശുദ്ധികലശങ്ങളേക്കൊണ്ട് അഭിഷേകവും ഉപഹാരദാനങ്ങളും ചെയ്ത്, സമ്യക് സംസ്കൃതമണ്ഡപേ അധിശയനം സംവേശ്യ = അധിവാസത്തുന്നാൾ മണ്ഡപസംസ്കാരത്തേയും ശയ്യാപൂജാദികളേയും ചെയ്ത്, ബിംബത്തേ ശയ്യയിങ്കൽ എഴുന്നള്ളിച്ചാൽ പരിശോധിതാല്പനിലയപ്രാക്സ്ഥാപിതാർച്ചാസ്ഥിതംദേവം പ്രാർത്ഥ്യ സൂത്രച്ഛിദാസു ഉക്തയാ വിധയാ ഘടേ അഭിവാഹ്യ തത്പാർശ്വതഃ വിന്യസ്യേത് = പിന്നെ ബാലാലയത്തുങ്കൽ പ്രാസാദശുദ്ധികളും പ്രായശ്ചിത്താദിഹോമങ്ങളും ചെയ്ത് അനുജ്ഞാകലശം ആടി പ്രാർത്ഥിച്ചു സൂത്രച്ഛേദത്തുങ്കൽ പറഞ്ഞപ്രകാരം ഹംഫഡന്തമായ തത്ത്വങ്ങളുടെ സംഹാരതത്ത്വഹോമത്തേച്ചെയ്ത് തത്ത്വകലശമാടി വ്യാസസ്ഥകോശാദി ചെയ്തു ജീവകലശത്തേ പൂജിച്ച് 'യാത്രാം കുരുഷ്വ' ഇത്യാദി പ്രാർത്ഥിച്ച് ജീവോദ്വാസനാന്തം ഒക്കെയും ചെയ്തു ജീവകലശത്തേ മൂലാലയമണ്ഡപത്തുങ്കൽ ശയ്യയിങ്കൽ ബിംബത്തിന്റെകൂടെ എഴുന്നള്ളിച്ചു വയ്പൂ.

Shripuram Publications
www.shripuram.org

'യാത്രാം കുരുഷ്വ ദേവേശ! ഭക്താനാമനുകമ്പയാ
ജീർണമുദ്ധൃത്യ തദ്ഭക്തൈഃ കല്പിതം ബിംബമുജ്ജ്വലം. 86

തേന ഗേഹം വിശാദ്യേശ! ഉത്തിഷ്ഠ ശിഖിവാഹന!'

ഇത്രയും സുബ്രഹ്മണ്യങ്കലേ പ്രാർത്ഥനാമന്ത്രം.

ഏവം ഗുഹാർച്ചാവിഷയേ മന്ത്രോഽന്യത്രോന്നയേദ് ബുധഃ. 87

ഏവം ഗുഹാർച്ചായവിഷയേ മന്ത്രഃ = ഈവണ്ണം സുബ്രഹ്മണ്യങ്കലേ പ്രാർത്ഥനാമന്ത്രം. ബുധഃ അന്യത്ര ഉന്നയേത് = വിദ്വാനായിരിക്കുന്ന ആചാര്യൻ മറ്റുള്ള ദേവന്മാരിൽ 'ഉത്തിഷ്ഠ ഗരുഡധ്വജ' ഇത്യാദി ഊഹിച്ചു ചൊല്ലൂ.

ഉത്പാട്യോക്തവദല്പബിംബമുപനീയാതോ ബഹിഃ സന്ദഹേദ്
ഗോസർപ്പിഃ സ്നപിതം തദർഹദഹനേ തദ്ദാരവം ചേദ് ഗുരുഃ
ലൌഹം ചേദ് ഗുരവേ സമർപ്പയതു തദ്വിദ്രാവ്യ യജ്വാഽഥവാ
ഛിത്വാ നാളമിദം വിശോധ്യ സുശുഭം തത് കൌതുകം കല്പയേത്. 88

ഉക്തവത് അല്പബിംബം ഉത്പാട്യ = പറഞ്ഞപോലെ ദൂർവാശാന്തിഹോമം ചെയ്തു ബിംബത്തേ എടുപ്പിച്ച്, അതഃ ബഹിഃ ഉപനീയ = പീഠത്തേ കൊണ്ടുപോയി വാസനയേ ഉദ്വസിച്ചാൽ, തദ്ദാരവം ചേത് = ആ ബാലബിംബം വൃക്ഷമയമായിരിക്കുന്നു എങ്കിൽ, ഗോസർപ്പിസ്നപിതം തദർഹദഹനേ സന്ദഹേത = നെയ് പിരട്ടി വിഷ്വക്സേനാദി തത്തന്നിർമ്മാല്യധാരിയേ പൂജിച്ച് അഗ്നിയിങ്കൽ ദഹിപ്പിപ്പൂ. ലൌഹം ചേത് വിദ്രാവ്യ യജ്വാ ഗുരുവേ സമർപ്പയതു = ചെമ്പ്, ഓട് ഇത്യാദി ലോഹമായമാകുന്നു എങ്കിൽ അതിനേ ഉരുക്കിച്ച് യജമാനൻ ആചാര്യനായിട്ട് കൊടുപ്പൂ. അഥവാ ഇദം നാളം ഛിത്വാ വിശോദ്ധ്യ സുശുഭം തത് കൌതുകം കല്പയേത് = എന്നിയേ ഈ ബിംബത്തിന്റെ നാളത്തേ മുറിച്ചു പീഠവുമുണ്ടാക്കി ശുദ്ധികളും ചെയ്ത് ഉത്സവബിംബാദികളിൽ നന്നായിട്ടു കല്പിച്ചുകൊള്ളൂ.

ആധായ പ്രതിമാധിവാസമധരേദ്യുസ്തത്തദർഹാർഹണാ-
ഹോമബ്രാഹ്മണതർപ്പണാദ്യുപരിഷട്പീഠാധിവാസാദികം
അന്യേദ്യുഃ കൃതരത്നകർമ്മണി സമാനീയ പ്രതിഷ്ഠാപ്യ തത്-
പീഠേ ബിംബമഥ സ്വകീയകലശാസേകാദ്യകം ചാചരേത്. 91

അധരേദ്യുഃ പ്രതിമാധിവാസം ആധായ = പ്രതിഷ്ഠയുടെ തലേദി

Shripuram Publications
www.shripuram.org

വസം രാത്രിയിൽ ബിംബത്തുങ്കലും ജീവകലശത്തുങ്കലും ധ്യാനാധിവാസത്തേച്ചെയ്ത് തത്തദർഹാർഹണാഹോമബ്രാഹ്മണതർപ്പണാദ്യപരിഷട്പീഠാധിവാസാദികം = തദ്യോഗ്യങ്ങളായ പൂജകളും മണ്ഡലപൂജയും ശിരസ്തത്ത്വഹോമാദിശാന്തിഹോമാന്തവും ചെയ്ത് സമ്പാതസ്പർശനാനന്തരം ഗോദോഹനാദിയും പായസനിവേദ്യവും കാൽകഴുകിച്ച് ഊട്ടുകയും ചെയ്താൽ പിന്നെ പ്രാസാദപീഠനപുംസകശിലകളുടെ ശോധനയും അധിവാസങ്ങളും ചെയ്വൂ. അന്യേദ്യുഃ കൃതരത്നകർമ്മണി ബിംബം സമാനീയ തത്പീഠേ പ്രതിഷ്ഠാപ്യ = പിറ്റേ ദിവസം പ്രാസാദശോധനയും നപുംസകശിലാസ്ഥാപനവും രത്നന്യാസവും ചെയ്ത് പീഠത്തേയും പ്രതിഷ്ഠിച്ച് മണ്ഡപത്തിൽ വന്ന് ജീവകലശബിംബങ്ങളിൽ പൂജിച്ച് വിദ്യേശ്വരകലശപ്രോക്ഷണവും ചെയ്ത് ധ്വജതോരണാദി ഒക്കെയും ഉദ്വസിച്ച് എല്ലാമകത്തു എഴുന്നള്ളിച്ചു ബിംബത്തുങ്കൽ പരാവാഹനാദി ചെയ്തു പീഠത്തുങ്കൽ ബിംബത്തേ പ്രതിഷ്ഠിച്ചു പ്രാർത്ഥനകളും ചെയ്ത് അഷ്ടബന്ധസ്ഥാപനവും ചെയ്താൽ, അഥ സ്വകീയകലശാസേകാദ്യകം ച ആചരേത് = കുംഭേശനിദ്രാകലശങ്ങളേ ആടി ജീവകലശാഭിഷേകവും പ്രാണന്യാസാദിയും സ്ഥൂലാവാഹനാദികളും ചെയ്ത് നിത്യപൂജയും പ്രതിഷ്ഠാബലിയും പ്രസന്നപൂജയും ചെയ്തു നട അടച്ച് പരിവാരപ്രതിഷ്ഠാബലിയും പ്രസന്നപൂജയും ചെയ്തു നട അടച്ച് പരിവാരപ്രതിഷ്ഠയും ചതുർത്ഥസ്നാനവും ഉത്സവവും ഇവ ഒക്കെയും മുമ്പിലേപ്പോലെ ചെയ്വൂ. ഇങ്ങനെ ഒരു പ്രകാരം നിഷ്കാമണക്രിയ.

അനന്തരം ഇളങ്കോവിൽ കൂടാതെ ഒരു ദിവസം കൊണ്ടുതന്നേ ബിംബം മാറുന്നേടത്ത് ബിംബത്തിന്റെ വിശേഷത്തേപ്പറയുന്നു.

യത്രാഹ്നൈകേന തു സമുദിതം കർമ്മ നിർമ്മേയമത്ര
പ്രോദ്വാസ്യൈവം കലശമധിവാസ്യാർച്ചയാ സാകമഗ്രേ
മൂലാർച്ചാദിച്യുതിനിജവിശുദ്ധ്യാദിമന്മൂലഗേഹേ
സംസ്ഥാപ്യൈനാം സ്വചിതികലശാസേചനാദ്യം ച കുര്യാത്. 90

യത്ര ഏകേന അഹ്നാ സമുദിതം കർമ്മ നിർമ്മേയം = യാതൊരിടത്ത് ഒരു ദിവസംകൊണ്ടുതന്നെ ബിംബത്തേ മാറി പ്രതിഷ്ഠിക്കുന്നത് ശക്യമായി ഭവിക്കും, അത്ര ഏവം പ്രോദ്വാസ്യ അഗ്രേ കലശം അർച്ചയാ സാകം അധിവാസ്യ = അവിടെ ഇപ്രകാരം അനുജ്ഞാകലശവും ജീവോദ്വാസനയും ചെയ്ത് ജീവകലശത്തേ ദേവാഗ്രമണ്ഡപത്തിൽ അയ്യങ്കൽ എഴുന്നള്ളിപ്പൂ. അവിടെ പുത്തനായിട്ട് ഉണ്ടാക്കി മൂലബിംബത്തെയും നേത്രോന്മീലനാദി പരിഗ്രഹിച്ചു ശോധനയും ജലാധിവാസാദിയും ചെയ്തു മണ്ഡപത്തിൽ ജീവകലശത്തോടു കൂടി എഴുന്നള്ളിച്ച് ധ്യാനാധി

www.shripuram.org
Shripuram Publications
www.shripuram.org

വാസവും ഹോമാദികളും ഇത്യാദി ഒക്കയും ചെയ്ത്, മൂലാർച്ചാദിച്യുതി നിജവിശുദ്ധ്യാദിമന്മൂലഗേഹേ ഏനാം സംസ്ഥാപ്യ = പിന്നെ ദൂർവാശാന്തിയും ബിംബോദ്ധാരവും ചെയ്ത് പീഠവുമെടുത്ത് മാറ്റി പ്രാസാദശോധനകളും രക്ഷോഘ്നാദിവാസ്തുപുണ്യാഹാന്തവും ചെയ്ത് പ്രസാദപീഠങ്ങളെ അധിവസിച്ച് പിറ്റേ ദിവസം പ്രാസാദപ്രതിഷ്ഠയും ചെയ്ത് നപുംസകശിലയും പ്രതിഷ്ഠിച്ച് രത്നന്യാസവും പീഠപ്രതിഷ്ഠയും ചെയ്ത് മണ്ഡപത്തിൽ വന്ന് പൂജിച്ച് ധ്വജതോരണാദികളേ ഉദ്വസിച്ച് ബിംബത്തേയും ജീവകലശാദികളേയും അകത്ത് എഴുന്നള്ളിച്ച പരാവാഹനാദി ഒക്കയും ചെയ്ത് ബിംബത്തേ പ്രതിഷ്ഠിച്ച അഷ്ടഗന്ധവും ഇട്ടു, സ്വചിതികലശാസേചനാദ്യം ച കുര്യാത് = നിദ്രാകലശാഭിഷേകാനന്തരം ജീവകലശത്തേ ആടി പ്രാണന്യാസാദി ഒക്കയും അടച്ച് പരിവാരപ്രതിഷ്ഠയും ചതുർത്ഥസ്നാനവും ഉത്സവവും ചെയ്വൂ. ഇങ്ങനെ ഒരു ദിവസംകൊണ്ടുള്ള നവീകരണക്രിയ.

അനന്തരം ബിംബം മാറാതെ ഹസ്തപദാദി ബന്ധനത്തുങ്കലേയ്ക്കും പ്രാസാദം പണിചെയ്യേണ്ടുന്നതിനുമുള്ള നിഷ്ക്രാമണത്തെപ്പറയുന്നു.

ബിംബാജീർത്തിവിധൌ വിധായ സകലം സൂത്രച്ഛിദൈകോദിതം
മുക്ത്വാ പ്രാർത്ഥ്യ നമസ്ത ഇത്യധിഘടം സംയോജ്യ നിര്യാപ്യ തം
മൂലാർച്ചാം പരിരക്ഷ്യ തക്ഷഭിരഭീഷ്ടം കർമ്മ നിർമ്മാപ്യ തത്
കർമ്മാന്തേ പരിഗൃഹ്യ കാരുകരതഃ പ്രാസാദമുക്തക്രമാത്. 91

ബിംബാജീർത്തിവിധൌ = ബിംബം മാറുന്നതിനുമാത്രം ജീർണ്ണമില്ലാതെ ഇരിക്കുമ്പോഴും ഹസ്തപദാദി ബന്ധനത്തുങ്കലും, സൂത്രച്ഛിദൈകോദികം മുക്ത്വാ സകലം വിധായ = സൂത്രച്ഛേദത്തുങ്കലേയ്ക്ക് പറഞ്ഞ വാസ്തുസമ്പാതം ഉണ്ടാക്കുകയും തത്ത്വങ്ങൾ ഹ്രംഫട് എന്ന് കൂട്ടുകയും കൂടാതെ ശേഷം അനുജ്ഞാകലശം തുടങ്ങി ജീവകലശം പൂജാന്തം ഒക്കയും ചെയ്ത്, നമസ്ത ഇതി പ്രാർത്ഥ്യ അധിഘടം യോജ്യ തം നിര്യാപ്യ = മുമ്പിൽ പറഞ്ഞപോലെ 'നമസ്തേ സർവലോകേശ' ഇത്യാദി പ്രാർത്ഥിച്ച് സമ്പാതസ്പർശനം തുടങ്ങി ജീവോദ്വാസാന്തം ചെയ്ത് ജീവകലശത്തിൽ യോജിപ്പിച്ച് സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ ജീവകലശത്തേ എഴുന്നള്ളിപ്പൂ. പിന്നെ മൂലബിംബത്തേ വസ്ത്രംകൊണ്ടു മൂടിക്കെട്ടി, തക്ഷഭിഃ അഭീഷ്ടം കർമ്മ നിർമ്മാപ്യ = പണിക്കാരേക്കൊണ്ട് പീഠം മാറുക ഹസ്തപാദാദി ബന്ധനം പ്രാസാദത്തിന്റെ പണി ഇത്യാദി വേണ്ടുന്നതിനേ ഒരു ദിവസംകൊണ്ട് തീർപ്പിക്കാമെങ്കിൽ കാലതാമസത്തിന്നു തക്കവണ്ണം ബാലാലയത്തുങ്കൽ ബാലബിംബത്തോടുകൂടി അധിവസിച്ച് ബാലാലയപ്രതിഷ്ഠാനന്തരം ജീവകലശത്തേ അവിടെ ആടൂ. പണി തുട

Shripuram Publications
www.shripuram.org

ങ്ങിയാൽ മൂലബിംബത്തുങ്കൽ വിളക്കും നിവേദ്യവും കാട്ടണം. തത് കർമ്മാന്തേ കാരുകരതഃ ഉക്തക്രമാത് പ്രാസാദം പരിഗൃഹ്യ = പണികൾ കഴിഞ്ഞാൽ പറഞ്ഞപോലെ ശില്പിഹസ്തത്തുങ്കൽനിന്ന് പ്രാസാദബിംബങ്ങളേ പരിഗ്രഹിപ്പൂ.

പുണ്യാഹാവധിഭിർവിശോധ്യ പരികല്പ്യാർച്ചിർമ്മയം തത്സ്ഥിതം
ബിംബം വാരുണവാരിണാ സലിലവാസേ സ്നാപയിത്വാ സുധീഃ
സ്വസ്വോക്തക്രമബദ്ധകൌതുകമിദം സംഭാവ്യ പീഠേഽർച്ചിതേ
കൃത്വാ ബിംബഘടാഭിഷേകയജനാദ്യം കർമ്മ തത്രൈവ തത്. 92

പുണ്യാഹാവധിഭിഃ വിശോധ്യ = വാസ്തുപുണ്യാഹാന്തമുള്ള പ്രാസാദശുദ്ധികളും ബിംബത്തുങ്കലേ ശോധനകളും ചെയ്താൽ, തത്സ്ഥിതം ബിംബം അർച്ചിർമ്മയം പരികല്പ്യ = പ്രാസാദസ്ഥമായിരിക്കുന്ന ബിംബത്തേ ഭൂതസംഹാരശോഷണദഹനങ്ങളേ ചെയ്ത് തേജോമയമായി ധ്യാനിച്ച്, സുധീഃ സലിലവാസേ വാരുണം സ്നാപയിത്വാ = സുധിയായിരിക്കുന്ന ഗുരു ജലാധിവാസത്തുങ്കൽ ജലദ്രോണിയിൽ വരുണപൂജാദിയെച്ചെയ്ത് വെള്ളംകൊണ്ട് വളരെ അഭിഷേകത്തേച്ചെയ്‌വൂ. പീഠത്തിന്റെ ജലാധിവാസവും അപ്പോൾത്തന്നെ കൂടെച്ചെയ്‌വൂ. സ്വസ്വോക്തക്രമബദ്ധകൌതുകം ഇദം ബിംബം അർച്ചിതേ പീഠേ സംഭാവ്യ = പിന്നെ തങ്ങൾക്കു പറഞ്ഞിരിക്കുന്നപോലെ കൌതുകബന്ധത്തേയും ജലാധിവാസശേഷമായ പ്ലാവനാദിഭൂതസൃഷ്ടിയേയും ചെയ്ത് പീഠം പൂജിച്ച് 'ഭദ്രം കർണ്ണേഭി'രിത്യാദി ജപിച്ച് പീഠസ്ഥാനത്തേയും കല്പിച്ച്, ബിംബഘടാഭിഷേകയജനാദ്യം കർമ്മ കൃത്വാ = പിന്നെ ബിംബശുദ്ധികലശാഭിഷേകവും ഉപഹാരദാനങ്ങളും അവിടെത്തന്നെ വച്ചു ചെയ്‌വൂ.

ബിംബേഽഗ്രാഹിതമണ്ഡപേഽധിശയനം ന്യസ്തേഽഥ ബാലാലയാ-
ന്നീത്വാ ജീവഘടേഽധിവാസ്യ വിധിവന്മൂലാലയാദേവ വാ
ഹൃത്വാ മണ്ഡപ ഏവ ജീവകലശേ ബിംബേ ച സംസ്പൃശ്യ ത-
ത്സമ്പാതം പൃഥഗർച്ചനാദ്യമഖിലം നിവർത്യ പൂർവോക്തവത്. 93

ബിംബേ = ഗർഭഗൃഹത്തുങ്കലേ ആ ബിംബത്തുങ്കലും, ബാലാലയാത് നീത്വാ = എളങ്കോവിൽകൊണ്ടിരിക്കുന്ന ബിംബത്തുങ്കൽനിന്ന് ജീവോദ്വാസനചെയ്ത്, അഗ്രാഹിതമണ്ഡപേ അധിശയനം ന്യസ്തേ ജീവഘടേ ച = ജീവകലശത്തേ, സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ എഴുന്നള്ളിച്ച് അവിടെയും, വിധിവത് അധിവാസ്യ = വിധിക്ക് തക്കവണ്ണം ധ്യാനാധിവാസത്തേ ചെയ്‌വൂ. മൂലാലയാത് ഏവ വാ = എന്നിയേ എളങ്കോവിൽ കൊള്ളാതെയുള്ളിടത്ത് അന്നുതന്നെ മൂലബിംബത്തുങ്കൽ

Shripuram Publications
www.shripuram.org

നിന്ന് ജീവോദ്വാസനയെച്ചെയ്ത് ശയ്യയിങ്കൽ എഴുന്നള്ളിച്ച് ജീവകലശത്തുങ്കലും ബിംബത്തുങ്കലും ധ്യാനാധിവാസത്തെച്ചെയ്ത്, മണ്ഡപേ ഏവ ഹുത്വാ = അധിവാസഹോമാദികൾ ഒക്കെയും മണ്ഡപത്തിൽതന്നെ ചെയ്ത്, ജീവകലശേ ബിംബേ ച തത്സമ്പാതം സംസ്പൃശ്യ = ജീവകലശത്തുങ്കലും അകത്തേ ബിംബത്തുങ്കലും സമ്പാതസ്പർശനത്തെച്ചെയ്ത്, പൂർവോക്തവത് അർച്ചനാദ്യം അഖിലം പൃഥക് നിർവർത്യ = അധിവാസ പൂജാദികളൊക്കെയും രണ്ടിടത്തും വെവ്വേറെ ചെയ്ത് തദ്രാത്രിശേഷത്തേ ഇതിഹാസപുരാണാദികളേക്കൊണ്ടു ഘോഷിച്ച് ഉറങ്ങാതെയുമിരിപ്പൂ.

രത്നന്യാസവിധിം വിധായ മനസാ സംപൂജ്യ ഗർഭാലയം
നീത്വാ ജീവഘടാദ്യമത്ര സുവിഭാവ്യൈതത്പ്രതിഷ്ഠാപനം
ജീവന്യാസവിധൌ സ്വജീവകലശേനാസിച്യ പൂർവോക്തവത്
കുര്യാത് കർമ്മകലാപമിത്യഭിഹിതാ നിഷ്ക്രാമണപ്രക്രിയാ. 94

രത്നന്യാസവിധിം മനസാ വിധായ സംപൂജ്യ = പിറ്റേ ദിവസം ഗർഭഗൃഹത്തുങ്കലിരുന്ന നാന്ദീമുഖപുണ്യാഹാദിയെച്ചെയ്തു പീഠം പൂജിച്ച് നപുംസകശിലയേ പൂജിച്ച് രത്നന്യാസത്തെ മാനസികമായിച്ചെയ്ത് പ്രണവംകൊണ്ട് പൂജിച്ച് പീഠപ്രതിഷ്ഠയുടെ ആവാഹനാദി ചെയ്ത്, ജീവഘടാദ്യം ഗർഭാലയം നീത്വാ = ബിംബത്തുങ്കലും ജീവകലശത്തുങ്കലും പൂജിച്ച് വിദ്യേശ്വരകലശങ്ങളേ പ്രോക്ഷിച്ച് പൂജാവസനാത്തുങ്കൽ തോരണാദികളേ ജീവകലശത്തുങ്കലുദ്വസിച്ച് എല്ലാമകത്ത് എഴുന്നള്ളിച്ച്, അത്ര ഏതത് പ്രതിഷ്ഠാപനം സുവിഭാവ്യ = ബിംബത്തുങ്കൽ പരാവാഹനാദി ചെയ്ത് പ്രതിഷ്ഠാമന്ത്രത്തേ തൊട്ടുജപിച്ച് പ്രതിഷ്ഠയേ സങ്കല്പിച്ച് അഷ്ടബന്ധവും ഇട്ട് നിദ്രാകലശാഭിഷേകാന്തം ചെയ്ത്, ജീവന്യാസവിധൌ സ്വജീവകലശേന ആസിച്യ = ജീവാവാഹന കാലത്ത് ജീവകലശത്തേ ആടി പ്രാണന്യാസാദി ചെയ്ത്, പൂർവ്വോക്തവത് കർമ്മകലാപം കുര്യാത് = മുമ്പിൽ പറഞ്ഞപോലെ സ്ഥൂലാവാഹനാദി ഒക്കെയും ചെയ്ത് വിളക്കും വച്ച് നടയുമടച്ച് മൂന്നു ദിവസം നടയിൽ സ്വസ്തികമിട്ടു നിത്യപൂജയും ചെയ്ത് രണ്ടാം ദിവസം ഇന്ദ്രാദിപ്രതിഷ്ഠയും മൂന്നാം ദിവസം പ്രായശ്ചിത്താദിഹോമങ്ങളും കലശപൂജയും നാലാം ദിവസം ചതുർത്ഥസ്നാനവും ചെയ്തു ഉത്സവവും ചെയ്‌വൂ. ഇതി നിഷ്ക്രാമണപ്രക്രിയാ അഭിഹിതാ = ഇങ്ങനെ നിഷ്ക്രാമണനവീകരണത്തിന്റെ ക്രിയ പറയപ്പെട്ടു.

'നമസ്തേ സർവലോകേശ' ഇത്യാദി പ്രാർത്ഥനകൾ മുമ്പിൽ എഴുതിയിരിക്കുന്നതുതന്നെ.

അനന്തരം സങ്കോചത്തേ പറയുന്നു.

നിഷ്ക്രാമണൈകവിഹിതം വിധിമത്ര മുക്ത്വാ

www.shripuram.org
Shripuram Publications
www.shripuram.org

ശേഷം വിശേഷവിദിഹ പ്രവിധായ കർമ്മ
സംപ്രാർത്ഥ്യ തത്ത്വകലശേന തഥാ/ഭിഷിച്യ
സങ്കോചമാചരതു വാ ഗൃഹമാത്രജീർത്തൗ. 95

ഗൃഹമാത്രജീർത്തൗ = പ്രാസാദമണ്ഡപാദികൾക്ക് തന്നെ ജീർണ്ണതവരികയും ആയത് ഒരു മാസംകൊണ്ട് പണി കഴിക്കാമെന്നു വരുകയും ചെയ്യുമ്പോൾ, വിശേഷവിദ് ഗുരുഃ = വിശേഷജ്ഞനായിരിക്കുന്ന ആചാര്യൻ, നിഷ്കാമനൈകവിഹിതം വിധിം മുക്ത്വാ ഇഹ ശേഷം കർമ്മ പ്രവിധായ = നവീകരണത്തുങ്കൽ പറഞ്ഞ വിശേഷപഞ്ചതത്ത്വങ്ങളും യാത്രാസമ്പാതം രണ്ടും കൂടാതെയും അനുജ്ഞാകലശം തുടങ്ങി സംഹാരതത്ത്വഹോമം കഴിവോളമുള്ള ക്രിയകളേയും ഒക്കെയും ചെയ്തു, സംപ്രാർത്ഥ്യ തഥാ തത്ത്വകലശേന അഭിഷിച്യ സങ്കോചം ആചരതു വാ = 'ദേവേശ' ഇത്യാദികൊണ്ടു പ്രാർത്ഥിച്ച് ഉദ്വ്യാപകാദി ചെയ്തു തത്ത്വകലശംകൊണ്ട് ആടി ഉദ്വ്യാപകാദിധ്യാനസങ്കോചത്തേ ചെയ്തു ബിംബഹൃദയത്തുങ്കൽ സങ്കോചിച്ചുവെങ്കിലുമാം.

'ദേവേശ! പ്രതിമാമൂർത്തേ! മന്ത്രമൂർത്തേ! പരാവരേ
അത്ര സങ്കുചിതോ ഭൂത്വാ വാസം കുരു തവാജ്ഞയാ.' 96

ഇത് പ്രാർത്ഥനാമന്ത്രം

വിഷ്വഗ്ജാഗരിതേ വികൃഷ്യ ബഹിരംഗാദന്തരംഗാദപി
സ്വസ്മിന്നേവ സുയോജിതേ സ്വവിഭവോന്മേഷേ ചിദേകാത്മനി
ഊർദ്ധ്വാധഃ ക്രമതോ/ത്ര പദ്മയുഗളം ധ്യാത്വാ തദാവാരകം
സ്വേച്ഛാശക്തിവിഭാവിതം പൃഥഗതഃ സംഭാവ്യ ചാത്മോദഭിദാം. 97

വിഷ്വഗ്ജാഗരിതേ സ്വവിഭവോന്മേഷേ = ചുറ്റും ജാഗ്രദവസ്ഥയോടുകൂടി ഇരിക്കുന്ന പരിവാരങ്ങളേ, ബഹിരംഗാത് അന്തരംഗോത് അപി വികൃഷ്യ സ്വസ്മിൻ ചിദേകാത്മനി ഏവ സുയോജിതേ = മതില്ക്കകത്തു ബാഹ്യഹാരാദികളിൽനിന്നും പ്രാസാദാദി ഗർഭഗൃഹാദികളിൽനിന്നും ആകർഷിച്ച് ചൈതന്യമാത്രസ്വരൂപമായിരിക്കുന്ന ബിംബഹൃദയത്തുങ്കൽ യോജിപ്പിച്ചാൽ, അത്ര സ്വേച്ഛാശക്തിവിഭാവിതം തദാവാരകം ഊർദ്ധ്വാധഃ ക്രമതഃ പദ്മയുഗളം ധ്യാത്വാ = ബിംബഹൃദയത്തുങ്കൽ തന്റെ ബുദ്ധിശക്തിക്കു തക്കവണ്ണം ധ്യാനിച്ച് ഉണ്ടായിരിക്കുമാറും ആ ചൈതന്യത്തേ ചുവട്ടിലും മൂടിയിരിക്കുമാറും രണ്ടാമത് പൂക്കളേ ധ്യാനിപ്പൂ. അതഃ പൃഥക് ആത്മോദ്ഭിദാം സംഭാവ്യ = പിന്നെ താൻ ദേവങ്കൽനിന്നു വേറെ ആയിരിക്കുമാറും ധ്യാനിപ്പൂ.

Shripuram Publications
www.shripuram.org

തത്രാധാരസരോരുഹാഗ്രദളമധ്യാസ്യോർദ്ധ്വപദ്മോദരാത്
ശ്ച്യോതദ്ഭിഃ പരിതർപ്പ്യ ദേവമുപഹാരൈശ്ചിൽസുധൈകാത്മകൈഃ
തസ്മാദേവ തദീയമൂർദ്ധ്നി നിപതന്തീമാവികാസം സുധാ-
ധാരാം സാധു വിഭാവ്യ തന്മുകുളിതം കുര്യാദ് ബഹിഷ്ഠോഽംബുജം. 98

തത്ര ആധാരസരോരുഹാഗ്രദളം അധ്യാസ്യ = പിന്നെ താൻ അവിടെ ദേവന്റെ മുമ്പിൽ താഴെ കല്പിച്ച താമരപ്പൂവിന്റെ ദലാഗ്രത്തുങ്കൽ ഇരുന്ന്, ഊർദ്ധ്വപദ്മോദരാത്ശ്ച്യോതദ്ഭിഃ ചിത്സുധൈകാത്മകൈഃ ഉപഹാരൈഃ ദേവം സന്തർപ്പ്യ = മുകളിലേ താമരപ്പൂവിൽനിന്ന് തന്നെ പതിച്ചിരിക്കുന്ന ചൈതന്യാമൃതമയമായിരിക്കുന്ന ഉപഹാരങ്ങളേക്കൊണ്ടു ദേവനെ പൂജിച്ച്, തസ്മാദ് ഏവ ആവികാസം നിപതന്തീം സുധാധാരാം തദീയമൂർദ്ധ്നി സാധു വിഭാവ്യ = ആ മുകളിലേ താമരപ്പൂവിൽനിന്ന് വിടരുന്നതുവരെയും പതിച്ചിരിക്കുന്ന അമൃതധാരയെ ദേവന്റെ മൂർധാവിങ്കൽ സ്ഥിരമാകും വണ്ണം ധ്യാനിച്ച്, ബഹിഷ്ഠഃ = താൻ പുറത്തു മാറി ധ്യാനിച്ച്, അംബുജം മുകുളിതം കുര്യാത് = ആ താമരപ്പൂവിനെ മുകുളമായിരിക്കുമാറും കല്പിപ്പൂ.

ഊർദ്ധ്വാബ്ജേന തദംബുജം കബളിതം കൃത്വാഽവതാര്യാഥ തത്
സംവേഷ്ട്യ ത്രിഗുണാത്മകേന മപരേണാരക്ഷ്യ ചാസ്ത്രൗജസാ
സ്വസ്മിൻ സ്വോദിതചിത്സിരാപ്രസരവിശ്രാന്ത്യാ സ്ഥിതോഽർച്ചാംവൃതാം
വസ്ത്രാദ്യൈഃ പരിരക്ഷ്യ തക്ഷഭിരിദം വേശ്മാഞ്ജസാ കാരയേത്. 99

ഊർദ്ധ്വാബ്ജേന അവതാര്യ തദ് അംബുജം കബളിതം കൃത്വാ = പിന്നെ മുകളിലത്തേ താമരപ്പൂവിനേക്കൊണ്ട് താത്ത് താഴത്തെതാമരപ്പൂവിനേ മൂടിയെന്നു കല്പിച്ച്, അഥ ത്രിഗുണാത്മകേനമപരേണ തത് സംവേഷ്ട്യ = സത്ത്വരജസ്തമോമയങ്ങളായ നൂലുകൊണ്ട് പ്രണവംകൊണ്ട് ചുറ്റിക്കെട്ടി, അസ്ത്രൗജസാ ആരക്ഷ്യ = അസ്ത്രതേജസ്സുകൊണ്ട് രക്ഷിച്ച്, സ്വോദിതചിത്സിരാപ്രസരവിശ്രാന്ത്യാ സ്വസ്മിൻസ്ഥിതാഃ = തങ്കൽനിന്നും ഉണ്ടായ സുഷുമ്നാനാഡീമാർഗ്ഗേണ തങ്കൽ ജീവനേ ആക്കിയാൽ, വസ്ത്രാദ്യൈഃ വൃതാം അർച്ചാം പരിരക്ഷ്യ = പിന്നെ വസ്ത്രങ്ങളേക്കൊണ്ട് ബിംബത്തേ മൂടി പുൽക്കയറുകൊണ്ട് കെട്ടി പഞ്ജരവുമുണ്ടാക്കിവച്ചാൽ, തക്ഷഭിഃ ഇദംവേശ്മ അഞ്ജസാ കാരയേത് = പിന്നെ ആശാരികളേക്കൊണ്ട് ഈ പ്രാസാദാദികളേ വേഗേന പണിയേ ചെയ്യിപ്പൂ. ഈ സങ്കോചക്രിയ കുറഞ്ഞൊരു കാലമായിട്ട് ചെയ്തു കാണുന്നില്ല.

പ്രാസാദം പരിഗൃഹ്യ തദ്വിധിസമാപ്തൗ ശോധയിത്വാഽഥ തദ്-
ബിംബം ചോദിതസപ്തശുദ്ധിഹവനസ്നാനാദിനാ ശോധയേത്

www.shripuram.org
Shripuram Publications
www.shripuram.org

ധാരായാമിഹ തത്സരോരുഹവികാസാദ്യം വിധേയം ധിയാ
പ്രാക്സംഖ്യോചിതതത്ത്വസൃഷ്ടിഹവനാദൌ കർമ്മണാ ചാചരേത്. 100

തദ്വിധിസമാപ്തൌ = പ്രാസാദത്തിന്റെ പണികൾ കഴിഞ്ഞാൽ, പ്രാസാദം പരിഗൃഹ്യ ശോധയിത്വാ = പ്രാസാദത്തേ പരിഗ്രഹിച്ച് അടിച്ചുതളിച്ച് നന്നാക്കി പ്രാസാദശ്ശുദ്ധി തുടങ്ങി വാസ്തു പുണ്യാഹാന്തം ചെയ്താൽ, തദ്ബിംബം ചോദിതസപ്തശ്ശുദ്ധിഹവനസ്നാനാദിനാ ശോധയേത് = ആ ബിംബത്തേ പറഞ്ഞിരിക്കുന്ന ചതുഃശ്ശുദ്ധ്യാദികളേക്കൊണ്ടും പ്രായശ്ചിത്താദി ഹോമങ്ങളേക്കൊണ്ടും കലശാഭിഷേകംകൊണ്ടും ശ്ശുദ്ധികളേച്ചെയ്വൂ. ഇഹ ധാരായാം തത്സരോരുഹവികാസാദ്യം ധിയാ വിധേയം = ഇവിടെ ധാരചെയ്യുമ്പോൾ മുമ്പു സങ്കോചിച്ചിരുന്ന പദ്മങ്ങളെ വിടുർത്തെന്നും മനസ്സുകൊണ്ട് കല്പിക്കണം. പ്രാക്സംഖ്യോചിതതത്ത്വ സൃഷ്ടിഹവനാദൌ കർമ്മണാ ച ആചരേത് = തത്ത്വങ്ങളേ ഹോമിച്ചതിൽ അധികസംഖ്യയായിട്ട് ഇവിടെ സൃഷ്ടിതത്ത്വഹോമത്തുങ്കൽ ചെയ്ത ക്രിയകൊണ്ടും സങ്കോചിച്ചിരിക്കുന്ന പദ്മങ്ങളുടെ വികാസത്തേ ചെയ്വൂ.

അനന്തരം അഷ്ടബന്ധം മാറി ഇടുന്നതിനെ പറയുന്നു.

ജീർണ്ണേ സത്യഷ്ടബന്ധേ തദധിഗതചിതിം സ്വാർഹസമ്പാതസിക്താം
ദേവേ വ്യാപ്യാദിനാ തന്മലമപി പരിശോദ്ധ്യാഭിഷിച്യാർച്ചിതേ/സ്മിൻ
ബീജേനാവാഹ്യ പീഠേ പ്രകൃതിമപി പുമാംസം ച മൂലേന ബിംബേ
സാംഗീകൃത്യോപഹാരാൻ സ്നപനസമവസാനാൻ സമർപ്പ്യോഭയോശ്ച. 101

അഷ്ടബന്ധേ ജീർണ്ണേ സതി = അഷ്ടബന്ധം ജീർണ്ണമായിപ്പോയാൽ അതിന് മുഹൂർത്തം കല്പിച്ചു മുളയുമിട്ട് അനുജ്ഞാകലശവും ശ്രീഭൂതബലിയും ചെയ്ത് ദേവനോട് പ്രാർത്ഥിച്ച്, സ്വാർഹസമ്പാത സിക്താം തദധിഗതചിതിം ആദിനാ ദേവേ വ്യാപ്യ = മുഹൂർത്തത്തുന്നാൾ കീറിത്തീയിട്ടു അന്വാധാനാദി ഹോമം തുടങ്ങി മൂലാഷ്ടാജ്യാഹുതി കഴിവോളം ചെയ്ത് നവശക്തികൊണ്ട് സംഹാരമായിട്ട് ഓരോ ഉരു ഹോമിച്ചു സമ്പാതമുണ്ടാക്കി വേറേ വച്ചാൽ നവശക്തിമന്ത്രങ്ങൾ വെവ്വേറേ എട്ടെട്ടു ഉരു ഹോമിച്ച് മൂലംകൊണ്ട് ചതുർദ്രവ്യങ്ങളും ഹോമിച്ച് സ്വിഷ്ടകൃദാദിഹോമം ചെയ്തു സമ്പാതത്തേ വേറേ വയ്ക്കൂ. പിന്നെ ഗർഭഗൃഹത്തിങ്കൽ ചെന്ന് ദേവനോടു പ്രാർത്ഥിച്ചു സംഹാരസമ്പാതം ജീർണ്ണാഷ്ടബന്ധസ്ഥാനത്ത് സമർപ്പിച്ചു പ്രണവംകൊണ്ട് ചൈതന്യത്തേ ദേവങ്കൽ യോജിപ്പിച്ച്, തന്മലം അപി പരിശോധ്യ = ജീർണ്ണാഷ്ടബന്ധത്തേയും നാളത്തിലേ ദോഷമായ വസ്തുക്കളേ(യും) കളഞ്ഞ്, അഭിഷിച്യ = വളരെ വെള്ളംകൊണ്ട് അഭിഷേകത്തെച്ചെയ്ത്, അർച്ചിതേ അസ്മിൻ പീഠേ ബീ

www.shripuram.org
Shripuram Publications
www.shripuram.org

ജേന പ്രകൃതിം = പീഠം പൂജിച്ച പീഠത്തുങ്കൽ തത്തച്ഛക്തിബീജംകൊണ്ട് പ്രകൃതിയേയും, മൂലേന ബിംബേ പുമാംസം ആവാഹ്യ = മൂലംകൊണ്ട് ബിംബത്തുങ്കൽ പുരുഷനേയും ആവാഹിച്ച്, സാംഗീകൃത്യ ഉഭയോഃ സ്നപനസമവസാനാൻ ഉപഹാരാൻ സമർപ്പ്യ ച = രണ്ടിടത്തും വ്യാപകാംഗങ്ങളേ ന്യസിച്ച് സ്നാനാവസാനമായ ഉപഹാരങ്ങളേ രണ്ടിടത്തും കൊടുപ്പൂ.

പുണ്യാഹപ്രോക്ഷണാന്തേ ദ്വയമപി വസനാദ്യൈർവിഭൂഷ്യോപഹാരൈ-
രിഷ്ട്വാ കൃത്വാഽഷ്ടബന്ധം വിധിവദുഭയസമ്മേളനം ഭാവയിത്വാ
മൂലേനാവാഹ്യ ദേവം പ്രയജതു സകളീകൃത്യ ഭക്ത്യോക്തനീത്യാ
കുര്യാത്തുര്യാഹനികോക്തസ്നപനമിഹ തദിജ്യേഹ തദ്ബിംബ ഏവ. 102

പുണ്യാഹപ്രോക്ഷണാന്തേ = പിന്നെ അഷ്ടബന്ധംകൊണ്ടന്നു മുമ്പിൽ വച്ച് അഷ്ടബന്ധദേവതാഃ എന്നുകൂട്ടി ദേവങ്കൽ പുണ്യാഹത്തേത്തളിച്ച്, വസനാദ്യൈഃ ദ്വയം അപി വിഭൂഷ്യ = വസ്ത്രാലങ്കാരാദികൊണ്ട് ബിംബത്തേയും പീഠത്തേയുമലങ്കരിച്ച്, ഉപഹാരൈഃ ഇഷ്ട്വാ = ജലഗന്ധാദികളേക്കൊണ്ട് രണ്ടേടത്തും വെവ്വേറേ പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്ത്, വിധിവദ് അഷ്ടബന്ധം കൃത്വാ = നവരത്നസ്വർണ്ണങ്ങളെ നാളത്തിൽ ഇട്ട് മണലുകൊണ്ടു നാളം നിറച്ച് അഷ്ടബന്ധത്തിനേ ശോഷണാദികളും നവശക്തികൊണ്ട് പൂജയും ചെയ്ത് സമ്പാതം അഷ്ടബന്ധത്തിലും സമർപ്പിച്ച് ദാനം മുഹൂർത്തം ചെയ്ത് നീരാജനത്തേ ഉഴിഞ്ഞ് പ്രണവോപചാരപീഠമന്ത്രവും ശക്തിമൂലപ്രണവങ്ങളും ജപിച്ച് അഷ്ടബന്ധത്തേ നാളത്തിലിട്ടു പിറകിൽ യോജിപ്പിച്ചിട്ട്, ഉഭയസമ്മേളനം ഭാവയിത്വാ = പ്രകൃതിപുരുഷന്മാരുടെ സംയോഗത്തേയും ധ്യാനിച്ച് ധ്രുവസൂക്തവും ജപിച്ചാൽ, മൂലേന ദേവം ആവാഹ്യ സകളീകൃത്യ ഭക്ത്യാ യജതു = മൂലംകൊണ്ട് ദേവനേ ആവാഹിച്ച് ലിപിതത്ത്വാദി ആയുധഭൂഷണാന്തം ന്യസിച്ച് മൂർത്തിപൂജയും ചെയ്ത് പായസം നിവേദിച്ച് പൂജിപ്പൂ. ഉക്തരീത്യാ തുര്യാഹനികോക്തസ്നപനം അപി കുര്യാത് = പ്രതിഷ്ഠയിങ്കലേപ്പോലെ മൂന്നാം ദിവസം പ്രായശ്ചിത്താദി ഹോമങ്ങളേച്ചെയ്വൂ. നാലാം ദിവസം ഹോമകലശങ്ങളേ ആടി ചതുർത്ഥസ്നാനവും ചെയ്ത്, ഇഹ തദിജ്യാ തദ്ബിംബേ ഏവ = ഇവിടെ മൂന്നു ദിവസത്തേ നിത്യപൂജകൾ അഭിഷേകം ചെയ്യാതെ ബിംബത്തുങ്കൽ തന്നെ ചെയ്വൂ. ഇവിടെ അനുജ്ഞാനകലശത്തിന്റെ ബ്രഹ്മകലശമാടുന്നതിനു മുമ്പിൽ സമ്പാതസ്പർശം തുടങ്ങി അഷ്ടബന്ധമിട്ടു പൂജയുടെ സ്നാനകാലത്ത് ബ്രഹ്മകലശത്തേ ആടി പൂജിച്ച് നാലാം ദിവസം ചുരുക്കത്തിൽ ചതുർത്ഥസ്നാനവും ചെയ്യുന്നു ചിലർ. ഈ പക്ഷം തന്നെ അധികം നടപ്പായിട്ടു ചെയ്തുവരുന്നു.

Shripuram Publications
www.shripuram.org

അഷ്ടബന്ധംകൂട്ടുന്ന പ്രകാരത്തേപ്പറയുന്നു.

ശംഖഃ ഷഡ്ഗുണിതഃ പയോധിഗുണിതഃ സർജ്ജോ ദ്വിവൃദ്ധാ/ഭയാ
കാർപ്പാസോപലവാലുകാഃ സജതുകാഃ പ്രത്യേകമേകാംശകാഃ
ലാക്ഷാർദ്ധാമലകീസമേതമഖിലം സംചൂർണ്ണ്യ സംയോജിതം
തൈലക്ലിഷ്ടസുപിഷ്ടമാത്മനവശക്ത്യാത്മാഷ്ടബന്ധം വിദുഃ. 103

ഷഡ്ഗുണിതഃ ശംഖഃ = ആറുഭാഗം ശംഖുപൊടിയും, പയോധിഗുണിതഃ സർജ്ജഃ = നാലുഭാഗം ചെഞ്ചല്യവും, ദ്വിവൃദ്ധാ അഭയാ = രണ്ടുഭാഗം കടുക്കാത്തൊലിയും, സജതുകാഃ കാർപ്പസോപലവാലുകാഃ പ്രത്യേകം ഏകാംശകാഃ = കോലരക്കും നൂൽപരുത്തിയും കോഴിപ്പരലും പേരാറ്റിലേ മണലും ഈ നാലു കൂട്ടവും വേവ്വേറേ ഓരോ ഭാഗവും, ലാക്ഷാർദ്ധാമലകീസമേതം = കോലരക്കിൽ പാതി നെല്ലിക്കായും കൂട്ടി, അഖിലം. സഞ്ചൂർണ്യ = ഈ എട്ടു കൂട്ടവും വെവ്വേറേ പൊടിച്ചു നന്നാക്കി പറഞ്ഞ ക്രമേണ, സംയോജിതം തൈലക്ലിഷ്ടസുപിഷ്ടം = എല്ലാം ഒരുമിച്ച് ഒരു ഭാഗത്തോളം എണ്ണയിൽ തിരുമ്മിച്ചേർത്ത് മുപ്പതുദിവസം രണ്ടു നേരവും ഇടിച്ചാൽ, ആത്മനവശക്ത്യാത്മാഷ്ടബന്ധം വിദുഃ = തങ്ങളുടെ നവശക്തിസ്വരൂപമാകുന്ന അഷ്ടബന്ധം എന്നു വിദ്വാന്മാരു പറയുന്നു.

അനന്തരം ബലിപീഠാദികളുടെ ജീർണ്ണോദ്ധാരത്തേ പറയുന്നു.

ബലിപീഠമഹാധ്വജാദിജീർത്തൌ
വിഹിർത്തൈർദേവവിശുദ്ധ്യവസ്രു തൈസ്തത്
സുവിശോദ്ധ്യ സമർച്യ ദേവമസ്മൈ
ബലിമാധായ നിബോധയേദ്വിധേയം. 104

ബലിപീഠമഹാധ്വജാദിജീർത്തൌ = വല്യബലിക്കല്ലും വലിയ കൊടിമരവും നിർമ്മാല്യധാരി തുടങ്ങിയുള്ളവയുടേയും കൂത്തമ്പലത്തിന്റെയും ജീർണ്ണതയിങ്കലും മിക്കവാറും ഒന്നുപോലെ ചെയ്യുന്ന ക്രിയകളിൽ, വിഹിതൈഃ ദേവവിശുദ്ധ്യവസ്രുതൈഃ സുവിശോധ്യ = പറഞ്ഞിരിക്കുന്നപോലെ ദേവങ്കൽ ശുദ്ധികളും കലശവും ചെയ്ത് തച്ഛേഷംകൊണ്ട് അവസ്രാവപ്രോക്ഷണത്തേ ചെയ്തു, ദേവം സമർച്ച്യ അസ്മൈ ബലിം ആധായ = ദേവനേ പൂജിച്ച് ശ്രീഭൂതബലിയേയും ചെയ്ത്, വിധേയം നിബോധയേത് = കർത്തവ്യമായ കർമ്മത്തേ ദേവനോടു പ്രാർത്ഥിപ്പൂ.

അഥ തത് പുരതഃ പ്രതീപവൃത്ത്യാ
ശരതത്ത്വൈർഹവനം വിധായ മന്ത്രീ
അഭിഷിച്യ ച തദ്ഘടേന തസ്മിൻ

Shripuram Publications
www.shripuram.org

സ്വവിഭ്രത്യപ്യയമഞ്ജസാ പ്രകല്പ്യ. 105

അഥ തത്പുരതഃ പ്രതീപവൃത്ത്യാ ശരതത്ത്വൈഃ ഹവനം വിധായ = പിന്നെ ബലിപീഠാദികളുടെ മുമ്പിൽ കീറിത്തീയുമിട്ട് തത്തദ്ദേവതാ നാമം കൂട്ടി അന്വാധാനാദി ചെയ്ത് പരിധിക്കു മുമ്പിൽ തെക്ക് കലശത്തേ പൂജിച്ച് പരിധ്യാദി ചെയ്താൽ പഞ്ചതത്ത്വംകൊണ്ട് സൃഷ്ടിക്രമേണ ഹോമിച്ച് തത്സമ്പാതം സ്പർശിച്ച് നാഡീസന്ധാനവും ചെയ്ത് ഹ്രംഫ ഡന്തമായി സംഹാരക്രമേണ എട്ടെട്ട് ഉരു ഹോമിച്ച് കുമുദാദിതത്പ രിവാരമന്ത്രംകൊണ്ടും സംഹാരക്രമേണ ഹോമിച്ച് യാത്രാസമ്പാതവും ഉണ്ടാക്കി ഹോമവും മുടിച്ച്, മന്ത്രീ തദ്ഘടേന അഭിഷിച്യ അഞ്ജസാ സ്വവിഭ്രത്യപ്യയം പ്രകല്പ്യ = ആചാര്യൻ പീഠം പൂജിച്ച് ആവാഹിച്ച് ഉദ്വ്യാപകങ്ങളേച്ചെയ്തു തത്ത്വകലശത്തേ ആടി ഉദ്വ്യാപകംചെയ്ത് പ്ലുത പ്രണവപുഷ്പാഞ്ജലികളേക്കൊണ്ട് തത്പരിവാരമന്ത്രങ്ങളേ പീഠാധിപ നോടുകൂട്ടിച്ചെയ്‌വൂ.

കലശേ പരിപൂരിതേ തദഗ്രേ
ചിതിമാവാഹ്യ സസൂത്രമത്ര സംസ്ഥാം
ഉപനീയ ച ഗർഭധാമ്നി സിക്ത്വാ
ഗമയേത് തത്സിരയൈവ ദേവദേവവേ. 106

തദഗ്രേ പരിപൂരിതേ കലശേ = അവിടെ മുമ്പിൽ ദൂർവാക്ഷതസ്വർണ്ണം ന്യസിച്ചു ജീവകലശത്തേ പൂജിച്ച് തങ്കൽ, അത്ര സംസ്ഥാം ചിതിം സസൂത്രം ആവാഹ്യ = സൂക്ഷ്മപരാംഗങ്ങളേയും തന്മന്ത്രപുടിതപഞ്ചത ത്ത്വങ്ങളോടുകൂടി ജീവമന്ത്രംകൊണ്ടും ജീവോദ്വാസനയേയും ചെയ്ത് ക ലശത്തുങ്കൽ തന്മന്ത്രംകൊണ്ടു പൂജിച്ച് നിവേദിച്ച് പ്രസന്നപൂജയും ചെയ്ത്, ഗർഭധാമ്നി ഉപനീയ സിക്ത്വാ = സോഷ്ണീഷമൂർദ്ധാവായി കലശത്തേ എടുത്ത് പ്രദക്ഷിണഗതിയായി ഗർഭഗൃഹത്തിങ്കൽ കൊണ്ടുപോയി നട യുമടച്ച് ദേവന്റെ മുമ്പിൽ അഭിഷേകത്തേച്ചെയ്ത്, തത്സിരയാ ഏവ ദേ വദേവേ ഗമയേത് = തത്സുഷുമ്നാനാഡീമാർഗേണ തച്ചൈതന്യത്തേ ദേ വങ്കൽ യോജിപ്പിപ്പൂ. കൊടിമരത്തിന്നും രംഗത്തിനും ഇങ്ങനെ തന്നെ ക്രിയകൾ. രംഗത്തിന്റെ ക്രികൾ ഒക്കെയും ബഹുവേരന്യായേന കണ്ണാ ടിയിൽ ചെയ്യണം. ജീർണ്ണോദ്ധാരംചെയ്താൽ കൊടിമരത്തേ നിർമ്മാ ല്യധാരിയേ പൂജിച്ച ഹോമാഗ്നിയിൽ ദഹിപ്പിക്കണം.

ഗർഭന്യാസപ്രഭൃതിവിധിനാ കാരുണാ കാരയിത്വാ
തോയാവാസപ്രഭൃതിവിധിഭിഃ ശുദ്ധിഭിഃ സപ്തഭിശ്ച
സംശോദ്ധ്യൈതദ്വിധിവദധിവാസ്യ പ്രതിഷ്ഠാദി സർവം

Shripuram Publications
www.shripuram.org

കുർവീതാഥ പ്രഥമവിധിവത്തുര്യവാരോക്ഷണാന്തം. 107

ഗർഭന്യാസപ്രഭൃതിവിധിനാ = പിന്നെ ബലിപീഠമദ്ധ്യത്തുങ്കൽ മുമ്പ് തൽപ്രതിഷ്ഠയിങ്കൽ പറഞ്ഞപോലെ ഗർഭന്യാസം ചെയ്തു, കാരുണാ കാരയിത്വാ = പണിക്കാരേക്കൊണ്ട് യഥോക്തലക്ഷണമായി പീഠത്തേ ഉണ്ടാക്കിച്ച്, തോയാവാസപ്രഭൃതി വിധിഭിഃ സപ്തഭിഃ ച സംശോദ്ധ്യ = ബലിപീഠത്തേ പരിഗ്രഹിച്ച് ശോധനകൾ ഒക്കെയും ജലാധിവാസബിംബ ശുദ്ധികലശങ്ങളും ചെയ്തു, ഏതദ് വിധിവത് അധിവാസ്യ = തലേ ദിവസം അധിവസിച്ച് ബലിയും തൂകി, പ്രതിഷ്ഠാദി തുര്യവാരോക്ഷണാന്തം സർവം പ്രഥമവിധിവത് കുർവീത = പിറ്റേ ദിവസം പ്രതിഷ്ഠിച്ച് മുമ്പിലത്തേപ്പോലെ ചതുർത്ഥസ്നാനവും ശ്രീഭൂതബലിയും ചെയ്വൂ.

ജീർണ്ണോദ്ധൃതിം സ്ഥാപിതമന്ത്രബിംബ-
ഗൃഹാദിജീർത്തൗ സപദീതി കുര്യാത്
ദുഃസ്ഥോ/ന്യഥാ ചേദ്വിപദേ തഥാ ചേത്
സുസ്ഥോ/ത്ര ദേവോ യദ്ദ സമ്പദേ സ്യാത്. 108

സ്ഥാപിതമന്ത്രബിംബഗൃഹാദിജീർത്തൗ = പ്രതിഷ്ഠിച്ചിരിക്കുന്ന മന്ത്രബിംബത്തിന്റെയും തൽപ്രാസാദാദികളുടെയും ജീർണ്ണതയിങ്കൽ, സപദി ഇതി ജീർണ്ണോദ്ധൃതിം കുര്യാത് = വേഗേന ഈ പറഞ്ഞപ്രകാരം ജീർണ്ണോദ്ധാരത്തേ ചെയ്യണം. അന്യഥാ ചേദ് ദേവഃ ദുഃസ്ഥഃ വിപദേ സ്യാത് = അപ്രകാരം ജീർണ്ണോദ്ധാരത്തേ ചെയ്യാതെ ഇരുന്നാൽ ദേവൻ ദുഃഖാവസ്ഥനായിട്ട് തത് കർത്താക്കന്മാർക്ക് ആപത്തുകൾക്കായി ഭവിക്കും. തഥാ ചേത് സുസ്ഥഃ യദ്ദ സമ്പദേ സ്യാത് = അപ്രകാരം ചെയ്താൽ ദേവൻ സുഖാവസ്ഥനായിട്ട് സമ്പത്തുകളേയും കൊടുക്കുന്നതിനായിട്ടു ഭവിക്കും.

ഇത്യേകബേരവിഷയേ സ്ഥാപനാദ്യം സമീരിതം
ബഹുബേരവിധാനേ/ഥ ഭേദമാത്രം പ്രദർശ്യതേ. 109

ഏകബേരവിഷയേ സ്ഥാപനാദ്യം ഇതി സമീരിതം = ഏകബേരവിധാനമായിട്ടുള്ള പ്രതിഷ്ഠയിങ്കലേ ക്രിയാക്രമങ്ങൾ ഇപ്രകാരം പറയപ്പെട്ടു. അഥ ബഹുബേരവിധാനേ ഭേദമാത്രം പ്രദർശ്യതേ = അനന്തരം ബഹുബേരമായിട്ടുള്ള പ്രതിഷ്ഠയിങ്കലേ വിശേഷങ്ങളേക്കാട്ടുന്നു.

ശൂലം വാര്യധിവാസ്യ ബിംബകലശൈഃ സിക്ത്വാ/ധിവാസ്യാഗ്രതഃ
പ്രാസാദേ പരിശോധിതേ മണിഗണന്യാസാദി കൃത്വാ ഗുരുഃ
സംസ്ഥാപ്യ സ്വപദേ/ഭിഷിച്യ കലശാഭ്യാം പ്രാർച്യ സംരക്ഷ്യതത്

www.shripuram.org
Shripuram Publications
www.shripuram.org

തക്ഷ്ണാ മൃന്മയമൂലബിംബമുപബിംബം ചേപ്സിതം കാരയേത്. 110

ബഹ്ഹവേരവിധാനത്തുങ്കൽ കടുശർക്കരയോഗമായ മൃത്തുകൊണ്ട് ബിംബം ഉണ്ടാക്കുന്നേടത്ത് മുമ്പിൽ കരിങ്ങാലിയുടെ കാതൽകൊണ്ട് വംശദണ്ഡും വക്ഷോദണ്ഡും കടിദണ്ഡും ഊരുദണ്ഡുകളും ജംഘാദണ്ഡുകളും ഭുജദണ്ഡുകളും പാർശ്വദണ്ഡുകളും ഇങ്ങനെ ബിംബത്തിന്റെ അസ്ഥികൾപോലെ ഉണ്ടാക്കി ഒരുമിച്ച് ചേർത്തു സന്ധുക്കളിൽ ചെമ്പുതകിടും കെട്ടി ഉറപ്പിച്ചാൽ ആയതിന്ന് ശൂലമെന്ന പറയും. വാരി അധിവാസ്യ = അങ്ങനെയുള്ള ശൂലദണ്ഡകളേയും പരിഗ്രഹിച്ച് ശോധനയുംചെയ്ത് ജലത്തുങ്കൽ അധിവസിച്ച് ത്രിരാത്രം കഴിഞ്ഞാൽ എടുത്ത് ബിംബകലശൈഃ സിക്ത്വാ = ബിംബശുദ്ധികലശങ്ങളേക്കൊണ്ട് അഭിഷേകത്തെ ച്ചെയ്ത് തദുചിതമായ ഉപഹാരങ്ങളും കൊടുത്ത് പുണ്യാഹവും ചെയ്വൂ. അഗ്രതഃ അധിവാസ്യ = പിന്നെ സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ വച്ച് ധ്യാനാധിവാസവും നിദ്രാകലശവിദ്യേശ്വരകലശമണ്ഡലപൂജകളും അധിവാസഹോമങ്ങളും തത്പൂജയും ചെയ്ത്, പരിശോധിതേ പ്രാസാദേ മണിഗണന്യാസാദി കൃത്വാ = പിന്നെ പ്രസാദശുദ്ധി തുടങ്ങി വാസ്തുപുണ്യാഹാന്തവും ചെയ്തു പ്രാസാദപീഠങ്ങളേ അധിവസിച്ച് പിറ്റേ ദിവസം നപുംസകശിലയേ പ്രതിഷ്ഠിച്ച് അതിങ്കൽ പറഞ്ഞപോലെ രത്നാദിദ്രവ്യങ്ങളേ ഒക്കെയും ന്യസിച്ച് സമ്പാതസ്പർശനവും ചെയ്ത് പീഠപ്രതിഷ്ഠയും ചെയ്ത്, ഗുരുഃ സ്വപദേ സംസ്ഥാപ്യ = മണ്ഡപത്തിൽനിന്ന കുംഭേശനിദ്രാകലശങ്ങളോട്ടു കൂടി ശൂലത്തേ അകത്ത് എഴുന്നള്ളിച്ച് മുഹൂർത്തസമയത്ത് പ്രതിഷ്ഠാസ്ഥലത്ത് ആ ശൂലത്തേ ബിംബംപോലെ പ്രതിഷ്ഠിച്ച്, കലശാഭ്യാം അഭിഷിച്യ പ്രാർച്യ = കുംഭേശനിദ്രാകലശങ്ങളേക്കൊണ്ടു അഭിഷേകത്തേ ചെയ്ത് പൂജയും ചെയ്വൂ. സംരക്ഷ്യ = പ്രസന്നപൂജാവസാനത്തുങ്കൽ രക്ഷിച്ച്, തക്ഷ്ണാ ഈപ്സിതം മൃന്മയം മൂലബിംബം ഉപബിംബം ച കാരയേത് = ശില്പികളേക്കൊണ്ട് മൃന്മയമായിരിക്കുന്ന ബിംബത്തേയും ഉപബിംബത്തേയും യഥാലക്ഷണം കണ്ട് ഉണ്ടാക്കിപ്പൂ.

പിന്നെ ശൂലത്തുങ്കൽ അഷ്ടബന്ധമുണ്ടാക്കി തേപ്പാൻ തിരുവട്ടപ്പശ നാലുഭാഗം കുന്തുരുക്കം മൂന്ന ഭാഗം ഗുൽഗുലു അഞ്ചുഭാഗം ശർക്കര ഒരു ഭാഗം കുന്തുരുക്കം മൂന്ന ഭാഗം ഗുൽഗുലു അഞ്ചു ഭാഗം ശർക്കര ഒരു ഭാഗം ചെഞ്ചലിയം എട്ടുഭാഗം കാവിക്കല്ലു മൂന്ന ഭാഗം ഇവ പൊടിച്ചു നെയ്യും തേനും സമമായി ഈ രണ്ടു ഭാഗം കൂട്ടി ഇളക്കി ചട്ടിയിൽ അടുപ്പത്ത് വച്ച് കുറഞ്ഞൊന്ന തീകത്തിച്ച് ഉരുക്കി യോഗം വന്നാൽ തേനിന്റെ പാകത്തിൽ വാങ്ങി ശൂലത്തിന്മേൽ എല്ലാടവും തേച്ചാൽ അതിന്റെ മുകളിൽ പഴുത്ത തേങ്ങാച്ചകരികൊണ്ട് നാഡികളെ പിരിച്ച് ഉണ്ടാക്കിവയ്ക്കണം. അവിടെ നടുവിൽ സുഷുമ്നയും ഇടത്തും വലത്തും ഇഡാപിംഗലകളേയും

Shripuram Publications
www.shripuram.org

മുപ്പിരിയായി മൂലാധാരചക്രത്തുങ്കൽ തുടങ്ങി ഭ്രൂമദ്ധ്യത്തുങ്കലോളം നീള മായി വയ്ക്കൂ. അവിടെനിന്നും ഒന്നായി ശിരസ്സിൽ കൊണ്ടുപോയി ഏഴ തലയാക്കി രണ്ടു പിരിയായി പിരിച്ചാൽ അതിൽ രണ്ടു നാഡികൾ കർ ണ്ണരന്ധ്രങ്ങളിലും രണ്ടു നാഡികൾ നാസാഗ്രത്തിലും പിന്നെ കീഴ്പ്പോട്ട് നാഭിയിങ്കലോളവും വസ്തിപ്രദേശങ്ങളിലും വയ്ക്കൂ. ഇങ്ങനെ ഏഴു പ്രധാന നാഡികൾ വച്ചാൽ അതിൽ വേർവിട്ട രണ്ടുകൊണ്ട് മൂലാധാരത്തുങ്കൽ തുടങ്ങി മുറുക്കി ചുറ്റിക്കെട്ടു. പിന്നെ വാതപിത്തകഫാത്മകങ്ങളായ മണ്ണു കളേ തദംഗങ്ങളിൽനിന്ന് വേവ്വേറേ മുൻപരിഗ്രഹം ചെയ്തുകൊണ്ടുന്ന് കലക്കി അരിച്ച് പെരുംകല്ലും കളഞ്ഞ് ഉണക്കിപ്പൊടിച്ച് കോലരക്കുക ഷായത്തിലും നാല്പാമരക്കഷായത്തിലും കരിങ്ങാലി മരുത് ഈ രണ്ടു ക ഷായത്തിലും പതുപ്പത്ത് ദിവസം വെവ്വേറേ ഇട്ട് കഷായം ചേർക്കണം. പിന്നെ മണ്ണിൽ നാലൊന്നോളവും മണലുംകൂടി ത്രിഫലക്കഷായത്തിലി ടണം. അപ്പോൾ യവവും കോതമ്പും ഉഴുന്നും കായാവിന്റെ ഇലയും പൊ ടിച്ച് മണലിൽ പാതി കൂട്ടണം. പിന്നെ ഇളനീർ വെള്ളത്തിൽ പത്തു ദി വസമിടണം. അപ്പോൾ തിരുവട്ടപ്പശ ഗുൽഗുലു കുന്തിരിക്കം ചെഞ്ചല്യം ഇവ മണലിന്റെ നാലൊന്ന് കൂട്ടണം. പിന്നെ പശുവിന്റെ തൈരിൽ ഏഴു ദിവസം കിടക്കണം. അതിന്ന് ചുക്കു മുളക് തിപ്പലി മഞ്ഞൾ ഇവ മണ ലിൽ നൂറ്റിയൊന്നു കൂട്ടണം. തേനും നെയ്യും പാലും കുറഞ്ഞൊന്നുകൂട്ടി മണ്ണുനനച്ച പ്ലാമ്പശയും കൂവളപ്പശയും മണലിൽ നാലൊന്നോളം കൂട്ടി എണ്ണയും കൂട്ടി കുങ്കുമം ചന്ദനം പൊന്നരിതാരം കർപ്പൂരം അകിലു ഗോ രോചന ഇവ സമംപൊടിച്ച് മണലിൽ എട്ടൊന്നു കൂട്ടി കാശാവിന്റെ തൈലവും കൂട്ടി പൊന്നു വെള്ളി ഗംഗാമൃത്തികാ ഗംഗാജലം പുറ്റുമണ്ണ് ഇത്യാദി യഥാലാഭം കൂട്ടി മുത്തുച്ചിപ്പിയും ശംഖും പുറ്റും കുമ്മായവും പ്ലാമ്പ ശയും ചകരി അറഞ്ഞതും മണലിൽ നാലൊന്ന് കൂട്ടി ആ മണ്ണുകൊണ്ട് മൂന്നു പ്രാവശ്യം നാഡീമന്ഥത്തിന്റെ മുകളിൽ മിനുക്കം തേച്ച് ബിംബ മുണ്ടാക്കി അവയവങ്ങളൊക്കെയും സൌഷ്ഠവമായിട്ടുണ്ടാക്കിയാൽ പട്ടു കൊണ്ട് മൂടി കല്ക്കമുണ്ടാക്കി തേയ്ക്കൂ.

കല്ക്കമുണ്ടാക്കുവാൻ ആറ്റിൽ ചുക്കുപോലെ ഇരിക്കുന്ന കറുത്ത കല്ലും ആറ്റുമണലും കോഴിപ്പരലും ഇവ മൂന്നും സമമായിപ്പൊടിച്ച് അരച്ച് പ്ലാ ശിലയിൽ കുഴച്ചുതേച്ച് അലങ്കാരങ്ങളൊക്കെയും കല്ക്കംകൊണ്ടുതന്നെയു ണ്ടാക്കി അവിടെ വേണ്ടുന്ന ചായവും വെയ്ക്കൂ. ദാരുകൊണ്ടുള്ള ബിംബ ങ്ങളും ചായംവച്ച ശിലാബിംബങ്ങളും മണ്ണുകൊണ്ടുതന്നെ ചുട്ട് ഉണ്ടാക്കി ചായം വച്ച ബിംബവും ഇവ ഒക്കെയും ബഹുവേരവിധാനമായി പ്രതി ഷ്ഠിക്കണം.

ആയതിന്റെ ക്രിയകളെ പറയുന്നു.

Shripuram Publications
www.shripuram.org

സപ്രാസാദമിദം പ്രഗൃഹ്യ മനുബിംബം കർമ്മബിംബം തഥാ
തത് കൃത്യാവസതിതൌ പ്രണീയ സലിലേ തദ്വാസയേത് കൌതുകം
കൃത്വാ വാസ്തുവിധിം സുവസ്തുപരിമാർഷ്ട്യാ/ർച്ചാം ച സംശോധയേത്
സംഹൃത്യാഗ്രഭൃതാപ്ലദർപ്പണകൃതച്ഛായാ/ധിവാസ്യാ/ഥവാ. 111

തത്കൃത്യാവസിതൌ = ബിംബത്തിന്റെ പണികളൊക്കയും എത്രയും സാവധാനമായിട്ട് കഴിച്ചാൽ, സപ്രാസാദം ഇദംമനുബിംബം തഥാ കർമ്മബിംബം ച പ്രഗൃഹ്യ = പ്രാസാദത്തോടുകൂടെ ഈ ലേപ്യബിംബത്തേയും പറഞ്ഞപോലെ ഈശകോണിൽ മണ്ഡപത്തിൽ വച്ച കർമ്മബിംബത്തേയും നേത്രോല്ലേഖനാദി ചെയ്ത് പ്രതിഗ്രഹിച്ച് തദ്യോഗ്യമായ ശോധനകളേയും ചെയ്ത്, തത്കൌതുകം സലിലേ പ്രണീയ വാസയേത് = അർച്ചനാബിംബത്തേ ജലതീരത്തുങ്കൽ കൊണ്ടുപോയി ജലാധിവാസത്തെച്ചെയ്‌വൂ. വാസ്തുവിധിം കൃത്വാ സുവസ്തുപരിമാർഷ്ട്യാ അർച്ചാം ച സംശോധയേത് = പിന്നെ പ്രാസാദശുദ്ധി തുടങ്ങി വാസ്തുബലി കഴിവോളം ചെയ്ത് മൃദുവായിരിക്കുന്ന വസ്ത്രംകൊണ്ടും മയിൽപീലികൊണ്ടും തുടച്ച് മൂലബിംബത്തെയും ശോധിച്ച്, അഥ സംഹൃത്യ അഗ്രഭൃതാപ്ല ദർപ്പണകൃതച്ഛായാ അധിവാസ്യാ വാ = പിന്നെ മൂലബിംബത്തുങ്കൽ ഭൃതസംഹാരം ചെയ്ത് കണ്ണാടിയിൽ പ്രതിഫലിപ്പിച്ച് ഗർഭഗൃഹത്തിൽ ഒരു പാത്രത്തിൽ വെള്ളം നിറച്ച് വരുണനേ പൂജിച്ച് വെള്ളത്തിൽ കണ്ണാടിയേ ജലാധിവാസം ചെയ്കിലുമാം. ധ്യാനംകൊണ്ട് ചെയ്താലും മതി.

നക്തം നക്തംദിനം ച ത്രിനിശമപി ജലേ വാസയേദ്രത്നലോഹാ-
ശ്മാർച്ചാസ്തത്രോപനീയ സ്നപയതു കലശൈഃ സ്വോദിതൈഃ കർമ്മബിംബം
ബധ്നീയാത് കൌതുകം ച സ്മരജിതി സകളേ ബിംബകേ/ഘോരതഃപ്രാങ്-
നേത്രോന്മേഷം ച കുര്യാത്തദുദിതമനുഭിർല്ലക്ഷണോദ്ധാരകാലേ. 112

രത്നലോഹാശ്മാർച്ചാഃ നക്തം നക്തം ദിനം ത്രിനിശം അപി ജലേ വാസയേത് = രത്നബിംബങ്ങളേ ഒരു രാത്രിയും ലോഹബിംബങ്ങളേ ഒരു പകലും രാത്രിയും ശിലാബിംബങ്ങളേ മൂന്നു രാത്രിയും ജലാധിവാസത്തെച്ചെയ്ത്, തത്ര ഉപനീയ സ്വോദിതൈഃ കലശൈഃ കർമ്മബിംബം സ്നപയതു = സ്നാനമണ്ഡപത്തുങ്കൽ എഴുന്നള്ളിച്ച് ബിംബശുദ്ധികലശങ്ങളേകൊണ്ട് അഭിഷേകത്തെച്ചെയ്ത് ഉപഹാരദാനാദിപുണ്യാഹാന്തം കർമ്മബിംബത്തുങ്കൽ ചെയ്‌വൂ. സ്മരജിതി സകളേ ബിംബകേ അഘോരതഃ കൌതുകം ച ബധ്നീയാത് = ശിവങ്കൽ സകളമായിരിക്കുന്ന മൂലബിംബത്തുങ്കൽ അഘോരനെക്കൊണ്ട് നേത്രോന്മീലനത്തേയും ചെയ്യണം.

Shripuram Publications
www.shripuram.org

കർമ്മാർച്ചാമധിവാസയേത് സമുപനീയാലംകൃതേ മണ്ഡപേ

മൂലാർച്ചാമനുസന്ധിക്ളൃപ്തകലശാസേകാം ച മൂലാലയേ ഛായാവാര്യധിവാസനം യദി കൃതം തസ്യാഃ പൃഥക് സാമ്പ്രതം ഛായാബിംബഘടാഭിഷേകമപി തച്ഛുദ്ധ്യൈ പൃഥക് പ്രാചരേത്. 113

കർമ്മാർച്ചാം അലംകൃതേ മണ്ഡപേ സമുപനീയ അധിവാസയേത് = കർമ്മബിംബത്തേ സംസ്കൃതമണ്ഡപത്തിൽ ശയ്യയിങ്കൽ എഴുന്നള്ളിച്ച് ധ്യാനാധിവാസത്തെച്ചെയ്വൂ. അനുസന്ധിക്ളൃപ്ത കലശാസേകാം മൂലാർച്ചാം മൂലാലയേ അധിവാസയേത് = ധ്യാനംകൊണ്ട് ബിംബശുദ്ധികലശാഭിഷേകത്തേ ചെയ്തിരിക്കുന്ന മൂലബിംബത്തേ പ്രാസാദത്തുങ്കൽ സ്വസ്ഥാനത്തു തന്നെ വസ്ത്രംകൊണ്ട് മൂടി ധ്യാനാധിവാസത്തെച്ചെയ്വൂ. തസ്യാഃ ഛായാവാര്യധിവാസനം കൃതം യദി = മൂലബിംബത്തിന് മുമ്പ് കണ്ണാടിയിൽ പ്രതിബിംബിച്ച ജലാധിവാസത്തേ ചെയ്തു എങ്കിൽ, സാമ്പ്രതം തസ്യാഃ തച്ഛുദ്ധ്യൈ ച്ഛായാബിംബഘടാഭിഷേകം അപി പൃഥക് പ്രാചരേത് = ഇപ്പോളും മൂലബിംബത്തിന്റെ ശുദ്ധിക്കായിക്കൊണ്ട് കണ്ണാടിയിൽ പ്രതിബിംബിപ്പിച്ച് ബിംബശുദ്ധികലശങ്ങളുമാടി ഉപഹാരാദിപുണ്യാഹാന്തമൊക്കെയും ചെയ്വൂ.

ബിംബം പ്രാസാദസംസ്ഥം വിധിവദഖിലതത്ത്വാപ്യയോത്പത്തിമന്ത്രാ-ത്മോന്മേഷാധ്വൗഘമന്ത്രന്യസനമാനു യജേന്മാനസൈസ്ശ്ചോപഹാരൈഃ സംശോധ്യൈതത് ക്രിയാബിംബകമപി യജതാം മണ്ഡലേജ്യാദിയുക്തം തസ്മിംസ്തത്ത്വാധിവാസാഹുതിഭവമഥ സമ്പാതമാപതയേച്ച. 114

പ്രാസാദസംസ്ഥം ബിംബം = ഗർഭഗൃഹത്തിങ്കൽ ഉണ്ടാക്കിയിരിക്കുന്ന മൂലബിംബത്തേ, അഖിലതത്ത്വാപ്യയോത്പത്തിമന്ത്രാത്മോന്മേഷാധ്വൌഘമന്ത്രന്യസനം അനു മാനസൈഃ ഉപഹാരൈഃ യജേത് = ധ്യാനാധിവാസത്തുങ്കലേ തത്ത്വസംഹാരവും ശോഷണാദിയും തത്ത്വസൃഷ്ടിയും സംവത്സരോക്ഷിതവും അണ്ഡഭേദവും ലിപിപ്രാണായാമലിപിന്യാസവും മന്ത്രോദയപ്രാണായാമവും പീഠന്യാസവും മൂർത്ത്യാവാഹനയും വിദ്യാമൂർത്ത്യാവാഹനയും തത്ത്വാവാഹനയും തത്ത്വന്യാസവും മൂലാക്ഷരാംഗന്യാസവും ചെയ്ത് മാനസപൂജയും ചെയ്ത് ഉപഹാരങ്ങളെക്കൊണ്ട് പൂജിപ്പൂ. ഏതത് ക്രിയാബിംബകം അപി സംശോധ്യ = പിന്നെ മണ്ഡപത്തിൽ ശയ്യയിങ്കൽ കിടത്തിയിരിക്കുന്ന അർച്ചനാബിംബത്തേ ഭൂതസംഹാരശോഷണാദിഭൂതസൃഷ്ടി തുടങ്ങി പീഠന്യാസമന്ത്രന്യാസങ്ങളെച്ചെയ്ത് മൂർത്ത്യാവാഹനയും പഞ്ചതത്ത്വാവാഹനയും മൂലാവാഹനയും ചെയ്ത്, മണ്ഡലേജ്യാദിയുക്തം യജതാം = മണ്ഡലപൂജയോടുകൂടി പൂജിപ്പൂ. തസ്മിൻ തത്ത്വാധിവാസാഹുതിഭവം സമ്പാതം ആപാതയേത് = അർച്ചനാബിംബത്തുങ്കൽ തത്ത്വഹോമാദിസമ്പാതങ്ങളേയും സമർ

www.shripuram.org
Shripuram Publications
www.shripuram.org

പ്പിപ്പൂ. മൂലബിംബത്തുങ്കൽ സമ്പാതസ്പർശനം കുറച്ചു സ്പർശിപ്പൂ.

ലേപ്യാദിപ്രതിമാസസമേതമഭിതഃ പ്രാസാദമഷ്ടാസു ദി-
ക്ഷ്വാധേയാന്യധിവാസനോക്തഹവനാന്യഗ്നിം പ്രണീയാഗ്നിജേ
ശ്രീവൃക്ഷപ്രഭവാ നിശാചരദിശി ശ്രീപർണ്ണികോത്ഥാസ്തഥാ
വായവ്യാം സമിധോഽണരസ്ത്രമുഭയോഃ ശേഷഃ ക്രമഃ പൂർവവത്. 115

അഗ്നിജേ = സുബ്രഹ്മണ്യകൽ, ലേപ്യാദിപ്രതിമാസമേതം പ്രാസാദം അഭിതഃ = ലേപ്യാദികളായ മൂലബിംബത്തോടുകൂടിയ ശ്രീകോവലിന്റെ ചുറ്റും, അഷ്ടാസു ദിക്ഷു അഗ്നിം പ്രണീയ = കിഴക്കു തുടങ്ങിയ എട്ട് ദിക്കുകളിലും മണ്ഡപത്തിൽ ആചാര്യകുണ്ഡത്തുങ്കൽ പറഞ്ഞപോലെ ഹോമമന്ത്രങ്ങളേക്കൊണ്ട് വിഹരിച്ചു, അധിവാസനോക്തഹവനാനി ആധേയാനി = അധിവാസത്തുങ്കൽ പറഞ്ഞ 'സമിത് സർപ്പിദീദിവിലാജകാംസ്തിലയവാൻ സിദ്ധാർത്ഥകാംശ്ച ക്രമാത്' ഈ ഏഴു ദ്രവ്യങ്ങളേയും ഹോമിക്കണം. നിശാചരദിശി ശ്രീവൃക്ഷപ്രഭവാഃ = അവിടെ നിരൃതികോണിൽ കുണ്ഡത്തിൽ കൂവളച്ചമതയും, വായവ്യാം ശ്രീപർണികോത്ഥാഃ സമിധഃ = വായുകോണിൽ കുമ്പിൾച്ചമതയും ഹോമിക്കണം. ഉഭയോഃ അസ്ത്രം അണഃ = ഈ രണ്ടു കുണ്ഡങ്ങളിലും ദ്രവ്യങ്ങളേ ഹോമിപ്പാൻ അസ്ത്രമന്ത്രം. ശേഷഃ ക്രമഃ പൂർവവത് = ശേഷം ഏഴു കുണ്ഡങ്ങളിലേ മന്ത്രങ്ങളും ചമതകളും എല്ലാടവും ഹോമസംഖ്യയും മുമ്പ് അധിവാസഹോമപ്രകാരത്തുങ്കൽ പറഞ്ഞപോലെതന്നെ ഈ സമ്പാതത്തേ മൂലബിംബത്തുങ്കൽ അല്പം സ്പർശിച്ച് പ്രതിബിംബദർപ്പണത്തുങ്കൽ നല്ലവണ്ണം സ്പർശിപ്പൂ.

നീത്വാഽന്തഃ സകലം പരേദ്യവി പരാവാഹാദി കൃത്വാ സുധീർ-
മൂലാർച്ചാന്യസനം വിഭാവ്യ വിധിവദ്വിജ്ഞാപ്യ ദേവം തതഃ
കർമ്മാർച്ചാമപി തത്പുരഃ പുനരിയം സാദേവതേ മൂർത്തിരോ-
മിത്യുച്ചാര്യ മനും വിഹീനമണികേ സംസ്ഥാപയേത് സ്വേ പദേ. 116

പരേദ്യവി = പിറ്റേ ദിവസം, സുധീഃ ബുദ്ധിമാനായ ആചാര്യൻ പ്രാസാദപ്രതിഷ്ഠചെയ്തു് നപുംസകശിലയുടെ പീഠത്തിന്റെ പ്രതിഷ്ഠയെ സങ്കല്പിച്ചു തത്പൂജകളും ചെയ്തു അർച്ചനാബിംബത്തെ പ്രതിഷ്ഠിക്കുന്നതിന് മൂലബിംബത്തിന്റെ മുമ്പിൽ പീഠപ്രതിഷ്ഠയും ചെയ്തു്, അന്തഃ സകലം നീത്വാ = മണ്ഡപത്തിൽവന്ന അർച്ചനാബിംബത്തുങ്കൽ പൂജിച്ച് എല്ലാം ഉദ്വസിച്ച് അകത്ത് എഴുന്നള്ളിച്ച് വച്ചാൽ, പരാവാഹാദി കൃത്വാ മൂലാർച്ചാന്യസനം വിധിവത് വിഭാവ്യ = പരാവാഹനാദി ഒക്കെയും ചെയ്തു മൂലബിംബത്തേ പ്രതിഷ്ഠാമന്ത്രം തൊട്ടു ജപിച്ചു പ്രതിഷ്ഠയേ കല്പിച്ച്, തതഃ

Shripuram Publications
www.shripuram.org

ദേവം വിജ്ഞാപ്യ = പിന്നെ മൂലബിംബത്തുങ്കൽ പ്രാർത്ഥിച്ച് അർച്ച നാബിംബത്തുങ്കൽ അവസ്ഥാവാഹന തുടങ്ങി ഒക്കെയും ചെയ്ത്, തത്പു രഃ വിഹീനമണികേ (രത്നന്യാസരഹിതേ) സ്വേപദേ = മൂലബിംബത്തി ന്റെ മുമ്പിൽ രത്ന്യാസാദി കൂടാതെ പ്രതിഷ്ഠിച്ചിരിക്കുന്ന സ്വപീഠത്തുങ്കൽ, ഇയം സാ ദേവതേ മൂർത്തിഃ ഓം ഇതി ഉച്ചാര്യ കർമ്മാർച്ചാം അപി സം സ്ഥാപയേത് = ഈ മന്ത്രത്തേ പ്രണവോപചാരാദിപ്രതിഷ്ഠാമന്ത്രാന്ത ത്തുങ്കൽ കൂട്ടി ചൊല്ലി അർച്ചനാബിംബത്തേയും പ്രതിഷ്ഠിപ്പൂ.

ശൈലാദിസ്ഥിരകർമ്മകൌതുകവിധൌ ചേഷ്ടോഽഷ്ടബന്ധോഽത്ര തത്-
പ്രാണന്യാസവിയുക്തമുക്തമഖിലം കൃത്വാ നിവേദ്യാന്തിമം
സൂനൈർന്നിസ്സലിലൈസ്തദാഹിതചിതിം സംയോജ്യ മൂലേ തതഃ
പ്രാണന്യാസപുരസ്സരം സമുചിതം സർവം പ്രകുർവീത ച. 117

ശൈലാദിസ്ഥിരകർമ്മകൗതുകവിധൗ അഷ്ടബന്ധഃ ഇഷ്ടഃ അർച്ച നാബിംബം ശിലകൊണ്ടു ഇളക്കം കൂടാതെ പ്രതിഷ്ഠിക്കുന്നേടത്ത് അർ ച്ചനാബിംബത്തിൽ അഷ്ടബന്ധമിടണം. ചലനമാകയും ലോഹമായിരി ക്കയും എങ്കിൽ അഷ്ടബന്ധം വേണ്ട. അത്ര പ്രാണന്യാസവിയുക്തം ഉ ക്തം അഖിലം നിവേദ്യാന്തിമം കൃത്വാ = ഈ അർച്ചനാബിംബത്തുങ്കൽ കുംഭേനിദ്രാകലശാഭിഷേകം ചെയ്ത് ജീവാവാഹനയും ചെയ്ത് പ്രാണ ന്യസനംകൂടാതെ വ്യാപകാംഗവും ചെയ്ത് സ്ഥൂലാവാഹനയും മന്ത്രാവാ ഹനയും തത്പൂജയും ചെയ്താൽ, നിസ്സലിലൈഃ സൂനൈഃ തദാഹിതചി തിം മൂലേ സംയോജ്യ = വെള്ളം കൂടാതെ ശംഖിൽ അക്ഷതഗന്ധപു ഷ്പങ്ങളേ നിറച്ച ആ ശംഖുകൊണ്ട് പ്രണവോപചാര മൂലപുടിതപഞ്ച തത്ത്വങ്ങളെക്കൊണ്ട് അർച്ചനാബിംബഗതചൈതന്യത്തേ ആവാ ഹിച്ച് മൂലബിംബത്തോട് യോജിപ്പിച്ച് പ്രണവവ്യാപകാദി ചെയ്ത്, പ്രാണന്യാസപുരസ്സരം സർവം സമുചിതം. പ്രകുർവീത = പ്രാണ ന്യാസം പുര്യഷ്ടകന്യാസം മൂലാക്ഷരാംഗന്യാസം ഇത്രയും ചെയ്ത് മാന സപൂജയേയും ചെയ്വൂ.

പീഠേജ്യാദിസമുജ്ജ്വലേ സമഭിവ്യാഹ്യാതഃ ക്രിയാബിംബകേ
മന്ത്രന്യാസപുരസ്സരം വിധിവദത്രാഭ്യർച്ച്യ ദേവം സ്വയം
നീത്വാ മൂലതനൗ തതഃ സ സകളീകൃത്യോപഹാരൈഃ പരൈ-
രേനം മാനസജൈസ്സമർച്ച്യ പരിജപ്യ പ്രീണയേദ് ഭക്തിതഃ. 118

പീഠേജ്യാദിസമുജ്ജ്വലേ ക്രിയാബിംബകേ = പിന്നെ നിത്യപൂജാർ ത്ഥം അർച്ചനാബിംബത്തുങ്കൽ പീഠപൂജയേ ചെയ്ത്, അതഃ സമഭിവാഹ്യ = ആ മൂലബിംബത്തുങ്കൽനിന്ന് ശംഖിൽ വെള്ളം നിറച്ചുകൊണ്ട് പ്രണ

www.shripuram.org
Shripuram Publications
www.shripuram.org

വോപചാരമൂലപുടിതപഞ്ചതത്ത്വങ്ങളേക്കൊണ്ട് ആവാഹിച്ച് അർച്ചനാബിംബത്തുങ്കൽ ശംഖജലത്തേ ആടി പ്രണവവ്യാപകാദി ചെയ്ത് സ്വഹൃദയത്തുങ്കൽനിന്ന് ആവാഹിച്ച്, അത്ര മന്ത്രന്യാസപുരസ്സരം വിധിവത് അഭ്യർച്ച = കർമ്മബിംബത്തുങ്കൽ ലിപിതത്ത്വഷഡദ്ധ്വാന്യാസാദിയേ ചെയ്ത് ഉപഹാരങ്ങളേയും കൊടുത്ത് സപരിവാരം പൂജിച്ച് നിവേദിച്ച് ബലിയും തൂകി നട തുറന്നു പ്രസന്നപൂജയും ചെയ്താൽ, സ്വയം ദേവം മൂലതനൌ നീത്വാ = ആ ദേവനേത്തന്നെ ശംഖിൽ ഗന്ധപുഷ്പാക്ഷതമിട്ട് വെള്ളം കൂടാതെ പറഞ്ഞ മന്ത്രങ്ങളേക്കൊണ്ട് ആവാഹിച്ച് മൂലബിംബത്തുങ്കൽ യോജിപ്പിച്ച്, തതഃ സ സകളീകൃത്യ = മൂലാക്ഷരാംഗങ്ങളേ ന്യസിച്ച് സകളീകരിച്ച്, ഏനം മാനസജൈഃ ഉപഹാരൈഃ സമഭ്യർച്ച്യ ഭക്തിതഃ പരിജപ്യ പ്രീണയേത് = ഈ ദേവനേ മാനസപൂജയാകുന്ന ഉപഹാരങ്ങളേക്കൊണ്ട് പൂജിച്ച് ഭക്തിയോടുകൂടി മന്ത്രങ്ങളേ തൊട്ടുജപിച്ച് പ്രസാദിപ്പിക്കണം. അപ്പോൾത്തന്നെ ചിദ്ബിംബസമ്മേളനത്തേയും ചെയ്തു നടയും അടപ്പൂ.

തത്തത്കർമ്മകൃതേ പ്രണീയ മനുബിംബാത് കർമ്മബിംബേഽമുനാ
കുര്യാത്തൂര്യദിനാഭിഷേകയജനാദ്യം കർമ്മ സർവം സുധീഃ
സ്ഥാസ്നുന്യത്ര തതോഽപി ദേവമുപനീയാന്യത്ര ബിംബേഽമുനാ
സ്നാനാദീനി സമാചരേദിഹ സമിജ്യാ കർമ്മബിംബേ സദാ. 119

തത്തത്കർമ്മകൃതേ = അതാതു ക്രിയകളേ ചെയ്യുന്നേടത്തു ഒക്കെയും, മനുബിംബാത് കർമ്മബിംബേ പ്രണീയ = മൂലബിംബത്തുങ്കൽനിന്ന് പുറഞ്ഞപോലെ ദേവനേ കർമ്മബിംബത്തുങ്കൽ ആവാഹിച്ച്, അമുനാ തുര്യദിനാഭിഷേകയജനാദ്യം സർവം കർമ്മ കുര്യാത് = ഈ അർച്ചനാബിംബംകൊണ്ട് ചതുർത്ഥസ്നാനം തുടങ്ങിയുള്ള കലശാഭിഷേകത്തേ ഒക്കെയും ചെയ്വൂ. അത്ര സ്ഥാസ്നുനി = ആ അർച്ചനാബിംബത്തിന്റെ അടുത്ത് സ്ഥിരമായിരിക്കുന്നു എങ്കിൽ, തതഃ അപി അന്യത്ര ബിംബേ ദേവം ഉപനീയ = ആ അർച്ചനാബിംബത്തുങ്കൽനിന്ന് സ്നാനകാലത്ത് ദേവനേ സ്നാനബിംബത്തുങ്കൽ ആവാഹിച്ചു, അമുനാ സ്നാനാദീനി സമാചരേത് = ഈ സ്നാനബിംബത്തേക്കൊണ്ട് കലശാഭിഷേകാദികളേ ചെയ്യണം. ഇഹ സമിജ്യാസദാ കർമ്മബിംബേ ഏവ = ഇവിടെയും കലശങ്ങളേ ആടിയാൽ അർച്ചനാബിംബത്തുങ്കൽ യോജിപ്പിച്ച് വസ്ത്രാദിപൂജയും ചെയ്ത് ഒടുക്കം മൂലബിംബത്തുങ്കൽ യോജിപ്പിപ്പൂ. എല്ലായ്പ്പോഴും അർച്ചന കർമ്മബിംബത്തുങ്കൽ തന്നെ.

ശുദ്ധൌ ചാഖിലകർമ്മ കർമ്മകൃതബിംബേ യോജയിത്വാ പൃഥക്
തത്ത്വാപീത്യുദയാദി മൂലമനുബിംബേ കർമ്മബിംബേഽപി

www.shripuram.org
Shripuram Publications
www.shripuram.org

വാ

ഉദ്ധാരേ ജനിതത്ത്വസർപ്പിരുപബിംബസ്ഥേ സമർപ്യ സ്വഗേ
ഹൃത്വാ/ഭ്യർച്ച്യപുരോഗതേ സ്വപദഗേ വിശ്വം വിലാപ്യാഗ്ര്യഗേ. 120

ശുദ്ധൌ അഖിലകർമ്മ കർമ്മകൃതബിംബേ = ശുദ്ധിയിങ്കൽ ക്ഷാള നാദിസപ്തശുദ്ധികളും അർച്ചനാബിംബത്തുങ്കൽ ഓരോന്നു കഴിഞ്ഞാൽ മൂലബിംബത്തുങ്കൽ യോജിപ്പിപ്പൂ. യോജയിത്വാ മൂലമന്ത്രബിംബേ ത ത്ത്വാപീത്യുദയാദി മൂലബിംബത്തുങ്കൽ യോജിപ്പിച്ച് തത്ത്വസംഹാര ശോഷണാദി തത്ത്വസൃഷ്ടി തുടങ്ങി ഒക്കെയും ചെയ്ത് കർമ്മബിംബത്തു ങ്കൽ ആവാഹിച്ച് പഞ്ചകം ആട്ടൂ. അപി വാ കർമ്മബിംബേ = എന്നിയേ ഭൂതസംഹാരാദികളേ കർമ്മബിംബത്തുങ്കൽ തന്നെ ചെയ്യാം. ഉദ്ധാരേ ജ നിതത്ത്വസർപ്പിഃ ഉപബിംബസ്ഥേ സമർപ്യ = ജീർണോദ്ധാരത്തുങ്കൽ പൂജാനന്തരം സൃഷ്ടിതത്ത്വഹൃതസമ്പാതത്തേ അർച്ചനാബിംബത്തിൽ സമർപ്പിച്ച്, സ്വഗേ ഹൃത്വാ = മൂലബിംബത്തുങ്കൽ യോജിപ്പിച്ചു നാഡീ സന്ധാനാദിതത്ത്വഹോമത്തെച്ചെയ്ത്, പുരോഗതേ അഭ്യർച്ച്യ = അർച്ച നാബിംബത്തുങ്കലാക്കി പായസനിവേദ്യാദി ചെയ്ത്, സ്വപദഗേ വിശ്വം വിലാപ്യ = മൂലബിംബത്തുങ്കൽ യോജിപ്പിച്ച് ധ്യാനസങ്കോചത്തേ ചെ യ്ത്, അഗ്ര്യേഗേ = അർച്ചനാബിംബത്തുങ്കലാവാഹിപ്പൂ.

സിക്ത്വാ മൂലഗതം പ്രണീയ കലശേ സിക്ത്വാ/മുനാ കാർമ്മികം
തസ്മാജ്ജീവഘടേ സുയോജ്യ ലഘുഗേഹസ്ഥാല്പബിംബേ നയേത്
കൃത്വാ സർവമിഹൈകബേരവിധിനാ സമ്പാദ്യ സർവം തതഃ
പ്രത്യാപത്തിമപി പ്രസിദ്ധബഹുബേരന്യായതഃ പ്രാചരേത്. 121

സിക്ത്വാ = തത്ത്വകലശത്തേ ആടി, മൂലഗതം കലശേ പ്രണീയ = മൂലബിംബത്തുങ്കൽ യോജിപ്പിച്ച് ജീവകലശത്തേ പൂജിച്ച് ജീവോദ്വാസ നാന്തം ചെയ്ത്, അമുനം കാർമ്മികം സിക്ത്വാ = ഈ ജീവകലശം കൊ ണ്ട് കർമ്മബിംബത്തേ ആടി അവിടെയും ധ്യാനസങ്കോചത്തേ ചെയ്ത്, തസ്മാദ് ജീവഘടേ സുയോജ്യ = അർച്ചനാബിംബത്തിന്റെ മുമ്പിൽ ജീവ കലശത്തേ വേറേ പൂജിച്ചു സമ്പാതസ്പർശനാദി ചെയ്ത് സ്ഥലോദ്വാസന തുടങ്ങി ജീവോദ്വാസനാന്തം ചെയ്ത്, ലഘുഗേഹസ്ഥാല്പബിംബേ നയേ ത് = ബാലാലയത്തുങ്കലേ ബാലബിംബത്തോടുകൂടി എഴുന്നള്ളിപ്പൂ. ഇ ഹ ഏകബേരവിധിനാ സർവം കൃത്വാ അപി = ധ്യാനാധിവാസഹോ മങ്ങളും ബാലാലയപ്രതിഷ്ഠയും ഒക്കെയും ഏകബേരത്തുങ്കലേപ്പോലെ ചെയ്ത്, തതഃ സർവം സമ്പാദ്യ = പിന്നെ പണികളെ ഒക്കെയും ചെയ്യി ച്ച്, പ്രസിദ്ധ ബഹുബേരന്യായതഃ പ്രത്യാപത്തിം അപി പ്രാചരേത് = പിന്നെ ബാലാലയത്തുങ്കൽനിന്നു മൂലബിംബത്തുങ്കലേക്ക് യോജിപ്പി

www.shripuram.org
Shripuram Publications
www.shripuram.org

ക്കുന്നേടത്ത് ക്രിയകളൊക്കെയും ബഹ്ഹബേരത്തുങ്കൽ പറഞ്ഞിരിക്കുന്ന ന്യായംകൊണ്ടു ചെയ്‌വൂ.

ഇതി തന്ത്രസമുച്ചയേ ശ്രുതാർച്ചാ-
ക്രമസിദ്ധ്യൈ രവിജന്മസമ്പ്രണീതേ
ദശമഃ സുസമാപിതഃ സഹൈകഃ
പടലോ ജീർണസമുദ്ധൃതിക്രിയാഢ്യഃ. 122

ശ്രുതാർച്ചാക്രമസിദ്ധ്യൈ രവിജന്മസമ്പ്രണീതേ തന്ത്രസമുച്ചയേ = ഗുരുമുഖത്തുങ്കൽനിന്ന് ശ്രവിക്കപ്പെട്ടിരിക്കുന്ന പൂജാക്രമത്തേ സാധിപ്പാനായിക്കൊണ്ട് രവിയുടെ പുത്രനായിരിക്കുന്ന നാരായണാചാര്യനാൽ നിർമ്മിതമായിരിക്കുന്ന തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തുങ്കൽ, ജീർണസമുദ്ധൃതിക്രിയാഢ്യഃ = ജീർണോദ്ധാരത്തിന്റെ ക്രിയകളോടും ബഹ്ഹബേരഭേദത്തോടും കൂടിയിരിക്കുന്ന സുഹൈകഃ ദശമഃ പടലഃ ഇതി സമാപിതഃ = പതിനൊന്നാമത്തേ പടലം ഇപ്രകാരം സമാപ്തമായി ഭവിച്ചു.

തന്ത്രസമുച്ചയഭാഷായാം ഏകാദശപടലം സമാപ്തം.

Shripuram Publications
www.shripuram.org